# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായംകുളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ആലപ്പുഴ-688001**

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 76/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കായംകുളം മുനിസിപ്പാലിറ്റി

സർ,

**വിഷയം : കായംകുളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, ആലപ്പുഴ ജില്ല
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 76/2024 തീയ്യതി: 23/03/2024

## ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ്. വിജയകുമാർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-01-2024 | 20-01-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ഫമിൻ എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പി.കെ.ശശികല | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.ധീരജ് മാത്യൂ.ജെ.ജെ | സെക്രട്ടറി | 01-04-2022 | 04-07-2022 |
| ശ്രീമതി.ഗിരിജാകുമാരി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-07-2022 | 01-09-2022 |
| ശ്രീ.സനിൽ.എസ്സ് | സെക്രട്ടറി | 02-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജെ.ഉഷ | അസി,ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 31-03-2023 |
| ഡോ.സുൾഫിക്കർ. | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 02-07-2022 |
| ഡോ.ശങ്കര നാരായണൻ | സീനിയർ വെറ്ററിനറി സർജൻ | 03-07-2022 | 07-08-2022 |
| ഡോ.സൂരജ് | സീനിയർ വെറ്ററിനറി സർജൻ | 08-08-2022 | 31-03-2023 |
| ശ്രീമതി.ദീപ രവി.എൽ | സി.ഡി.പി.ഒ | 01-04-2022 | 08-01-2023 |
| ശ്രീമതി.മോനി ഫിലിപ്പ് | സി.ഡി.പി.ഒ | 09-01-2023 | 31-03-2023 |
| ഡോ.മനോജ്.എൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2022 | 22-11-2022 |
| ഡോ.ഗംഗ.ബി.എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 07-09-2022 |
| ഡോ.ഷരീഫ് അഹമ്മദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 08-09-2022 | 27-02-2023 |
| ഡോ.ഗംഗ.ബി.എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 28-02-2023 | 31-03-2023 |
| ഡോ.ലീല.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-05-2022 |
| ഡോ.സീബ മേരി ഫെർണാണ്ടസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-06-2022 | 11-01-2023 |
| ഡോ.സുമേഷ്.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 12-01-2023 | 31-03-2023 |
| ശ്രീ.ഉണ്ണികൃഷ്ണൻ .എസ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 07-08-2022 |
| ശ്രീമതി.സെമീന.ആർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 08-08-2022 | 31-03-2023 |
| ശ്രീ.സജി.എസ് | പ്രിൻസിപ്പാൾ | 01-04-2022 | 12-09-2022 |
| ശ്രീ.സുനിൽ ചന്ദ്രൻ.എസ് | പ്രിൻസിപ്പാൾ | 13-09-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.എസ്.നായർ | പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുജിത രവി | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 11-05-2022 |
| ശ്രീമതി.സിനി.പി | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 12-05-2022 | 31-03-2023 |
| ശ്രീമതി.ജിഷി.ആർ | അസി.എഞ്ചിനീയർ | 01-04-2022 | 01-12-2022 |
| ഡോ.ഇക്ബാൽ | മെഡിക്കൽ ഓഫീസർ (ഇൻചാർജ്ജ്)(അലോപ്പതി) | 23-11-2022 | 05-03-2023 |

| | | | |
|---|---|---|---|
| ഡോ.ഷാജി എസ്. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 06-03-2023 | 31-03-2023 |
| ശ്രീമതി.പ്രിയ.എം | അസി.എഞ്ചിനിയർ | 02-12-2022 | 26-01-2023 |
| ശ്രീ.ബിനുരാജ്.ഡി | അസി.എഞ്ചിനീയർ | 27-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വികസനഫണ്ട് ചെലവ് വാർഷിക കണക്കുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-1 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുന്നില്ല | 1-1-3 |
| 5 | ഡിമാൻഡ് ഉത്ഭവസമയത്ത് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | B-4 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില ബാധ്യതകൾ സംബന്ധിക്കുന്ന വിവരങ്ങൾ വിശദീകരിക്കപ്പെട്ടില്ല | 1-1-5 |
| 7 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുന്ന തുകകൾ ആസ്തികളായി മാറ്റുന്നില്ല | 1-1-6 |
| 8 | തൊഴിൽ നികുതി - വാർഷിക കണക്കുകളും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലോൺ ബാധ്യത ആസ്തിയായി കാണിച്ചിട്ടില്ല | 1-1-8 |
| 10 | ഋണശീർഷകണക്കുകൾ - കൃത്യത ഉറപ്പാക്കാനുള്ള രേഖകളില്ല | 1-1-9 |
| 11 | നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല | 1-1-10 |
| 12 | മുൻകൂറുകൾ - പെയ്മെന്റ് എന്ന നിലക്ക് വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നു | 1-1-11 |
| 13 | സ്റ്റെയിൽ ചെക്കുകളുടെ ബാധ്യതയായി നെഗറ്റീവ് സംഖ്യ ഉൾപ്പെടുന്നു | 1-1-12 |
| 14 | സ്റ്റോർ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-1-13 |
| 15 | വാർഷിക കണക്കുകളിൽ ചില ബാധ്യത തുകകൾ വർഷങ്ങളായി തുടരുന്നു | 1-1-14 |
| 16 | പൊരുത്തപ്പെടുത്തൽ ക്രമപ്രകാരമല്ല നടത്തിയിട്ടുള്ളത് | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് ബാലൻസ് | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 25 | നികുതി വരുമാനം-അവലോകനം | 1-10 |
| 26 | അനേകം സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 27 | അനേകം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 28 | സ്വയം തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13 |
| 29 | പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് നേടിയ ശേഷം നടത്തുന്ന നിർമ്മാണം ക്രമവൽക്കരിക്കപ്പെടുന്നില്ല - നികുതി നഷ്ടം | 1-14 |
| 30 | സ്പോർട്സ് ടർഫുകൾ, സ്റ്റേഡിയങ്ങൾ - നികുതി ചുമത്തുന്നില്ല | 1-15 |
| 31 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം ചെയ്യുന്നില്ല | 1-16 |
| 32 | മിനി സിവിൽ സ്റ്റേഷൻ കെട്ടിടം - നികുതി നിർണ്ണയിച്ചിട്ടില്ല | 1-17 |
| 33 | കെട്ടിടത്തിന്റെ ആകെ വിസ്തൃതിക്കനുസൃതമായ വസ്തുനികുതി നിരക്ക് ചുമത്തിയില്ല | 1-18 |
| 34 | അനധികൃത നിർമ്മാണം - നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല | 1-19 |
| 35 | അനധികൃത നിർമ്മാണങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കുന്നില്ല - വരുമാനം | 1-20 |

| | | |
|---|---|---|
| | നഷ്ടമാകുന്നു | |
| 36 | പാർപ്പിടാവശ്യ കെട്ടിടത്തിൽ വാണിജ്യസംരംഭം നടത്തുന്നു - നഗരസഭയ്ക്ക് ഭീമമായ വരുമാന നഷ്ടം | 1-21 |
| 37 | നഗരപരിധിയിൽ അനേകം അനധികൃത മൊബൈൽ ടവറുകൾ - വസ്തുനികുതിയിനത്തിൽ നഗരസഭക്ക് വൻ നഷ്ടം | 1-22 |
| 38 | വസ്തുനികുതി - വാർഷിക കണക്കുകൾ പ്രകാരം 2.86കോടി രൂപയുടെ കുടിശ്ശിക - നഗരസഭക്ക് 4.454 ലക്ഷം രൂപ നഷ്ടമായി | 1-23 |
| 39 | നഗരസഭയിൽ ലൈസൻസില്ലാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-24 |
| 40 | അനധികൃത തടി വ്യാപാരം - നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച | 1-25 |
| 41 | സസ്യമർക്കറ്റ് കെട്ടിടം - മുറികൾ വാടകയ്ക്ക് കൊടുക്കാനായില്ല, നഗരസഭക്ക് ബാദ്ധ്യതയേറുന്നു | 1-26 |
| 42 | EMD ആയി ലഭിക്കുന്ന ഡിഡികൾ പണമാക്കി മാറ്റുന്നില്ല - വരുമാന നഷ്ടത്തിനു സാധ്യത | 1-27 |
| 43 | ടെണ്ടർ ഫോറം വിറ്റ തുക മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയില്ല | 1-28 |
| 44 | ഡെപ്പോസിറ്റ് റീഫണ്ട് തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടച്ചില്ല | 1-29 |
| 45 | ഫെസ്റ്റിവൽ അഡ്വാൻസ് - 1,19,650/- രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു | 1-30 |
| 46 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല – പെൻഷൻ വിതരണത്തിനായി തനതുഫണ്ട് ചെലവഴിക്കേണ്ടി വരുന്നു | 1-31 |
| 47 | തെരുവ് വിളക്ക് എൽ.ഇ.ഡി ആക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-32 |
| 48 | 11.3 ലക്ഷം രൂപ മുടക്കി സ്ഥാപിച്ച ലിഫ്റ്റ് പ്രയോജനപ്പെടുത്തുന്നില്ല | 1-33 |
| 49 | 77.5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കൗൺസിൽ ഹാൾ ഉപയോഗിക്കാതെ നശിക്കുന്നു | 1-34 |
| 50 | ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ | 1-35 |
| 51 | വൃദ്ധർക്ക് കട്ടിൽ - കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിച്ചില്ല | 1-36 |
| 52 | ആശ്രയ പദ്ധതി നടത്തിപ്പ് - 60 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ ബാക്കിനിൽക്കുന്നു | 1-37 |
| 53 | ബയോ കംപോസ്റ്റർ ബിൻ - വിതരണം പൂർണ്ണമല്ല, ജി.എസ്.റ്റി ഈടാക്കിയില്ല | 1-38 |
| 54 | സ്പിൽ ഓവർ പ്രോജക്ട് നടപ്പാക്കിയില്ല - നഗരസഭയ്ക്ക് ഫണ്ട് നഷ്ടം | 1-39 |
| 55 | പ്രിൻസിപ്പൽ നിർവ്വഹിച്ച പ്രോജക്ടുകൾ - വാങ്ങലിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-40 |
| 56 | യു.പി.എസ് വാങ്ങൽ - ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല | 1-41 |
| 57 | വാംബേ പദ്ധതി - അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടില്ല | 1-42 |
| 58 | മൊബൈൽ ഫോൺ വാങ്ങൽ - സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല | 1-43 |
| 59 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-44 |
| 60 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വ്യവസ്ഥകൾ ഇല്ലാതെയുള്ള പദ്ധതി നടത്തിപ്പ് | 1-45 |
| 61 | ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ - വില മുൻകൂറായി ഒടുക്കിയിട്ടും മുഴുവൻ ഉപകരണങ്ങളും ലഭിച്ചില്ല | 1-46 |
| 62 | സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി | 1-47 |
| 63 | ഭവന അറ്റകുറ്റപ്പണി - ധനസഹായ വിതരണത്തിൽ തുല്യതക്കുള്ള അവകാശം ലംഘിക്കപ്പെട്ടു | 1-48 |
| 64 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-49 |
| 65 | കോക്ലിയാർ ഇംപ്ലാന്റേഷൻ–മെയിന്റനൻസ് - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-50 |
| 66 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 4,68,315/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-51 |
| 67 | താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - ചരക്ക് സേവന നികുതി കുറവ് ചെയ്യാതെ ബിൽ തുക അനുവദിച്ചു | 1-52 |
| 68 | മൂല്യവർദ്ധിത നികുതി- 1.4 ലക്ഷം രൂപ സർക്കാരിലേക്ക് ഒടുക്കിയില്ല | 1-53 |
| 69 | ഓഡിറ്റ് റിക്കവറിയിനത്തിൽ 7.19 ലക്ഷം രൂപയുടെ ബാധ്യത | 1-54 |

| | | |
|---|---|---|
| 70 | ലൈബ്രറി സെസ്- നഗരസഭക്ക് 1.38 കോടി രൂപയുടെ ബാധ്യത | 1-55 |
| 71 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പൂർത്തീകരണ വിവരമില്ല | 1-56 |
| 72 | അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-57 |
| 73 | ജി.എസ്.ടി ഉൾപ്പടെ റേറ്റ് നിശ്ചയിച്ചിട്ടുള്ള വാങ്ങലുകളിൽ നിന്ന് ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കുന്നില്ല | 1-58 |
| ഭാഗം **2** | | |
| 1 | അനധികൃത നിർമ്മാണങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കുന്നില്ല - വരുമാനം നഷ്ടമാകുന്നു | 2-1 |
| 2 | പാർപ്പിടാവശ്യ കെട്ടിടത്തിൽ വാണിജ്യസംരംഭം നടത്തുന്നു - നഗരസഭയ്ക്ക് ഭീമമായ വരുമാന നഷ്ടം | 2-2 |
| ഭാഗം **3** | | |
| 1 | ഫെസ്റ്റിവൽ അഡ്വാൻസ് - 1,19,650/- രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു | 3-1 |
| 2 | തെരുവ് വിളക്ക് എൽ.ഇ.ഡി ആക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-2 |
| 3 | ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ | 3-3 |
| 4 | വൃദ്ധർക്ക് കട്ടിൽ - കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിച്ചില്ല | 3-4 |
| 5 | ബയോ കംപോസ്റ്റർ ബിൻ - വിതരണം പൂർണ്ണമല്ല, ജി.എസ്.റ്റി ഈടാക്കിയില്ല | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കായംകുളം നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.07.2023 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 25.07.2023-ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കായംകുളം നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ
23.03.2024

**1-1-1 വികസനഫണ്ട് ചെലവ് വാർഷിക കണക്കുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു**

സുലേഖ (പദ്ധതിയുടെ ചെലവ് പത്രിക) പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നുള്ള ചെലവ് 3,88,27,628/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ചെലവ് 3,93,06,307/- രൂപയാണ്. അതായത് 4,78,679/- രൂപയുടെ വ്യത്യാസം ഉണ്ട്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

**1-1-2 ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിൽ തൻവർഷം യഥാർത്ഥത്തിൽ ലഭിച്ച തുകയും യഥാർത്ഥ ചെലവും അല്ല വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-3 വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുന്നില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A)റേഷ്യോസ്

B)അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

**1-1-4 ഡിമാൻഡ് ഉത്ഭവസമയത്ത് രേഖപ്പെടുത്തുന്നില്ല**

വസ്തുനികുതി, തൊഴിൽ നികുതി (ട്രേഡേഴ്സ്, പ്രൊഫഷണൽസ്) എന്നിവയുടെ വരുമാനം സംബന്ധിക്കുന്ന ലെഡ്ജർ പരിശോധിച്ചതിൽ സമയബന്ധിതമായി ഡിമാൻഡ് എൻട്രികളില്ലായെന്ന് കാണുന്നു. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല.

**1-1-5 B-4 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില ബാധ്യതകൾ സംബന്ധിക്കുന്ന വിവരങ്ങൾ വിശദീകരിക്കപ്പെട്ടില്ല**

B4 പട്ടികയിൽ 320200102, 320200106 എന്നീ ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസനഫണ്ട് (SCP), വികസനഫണ്ട് (സ്പെഷ്യൽ ഗ്രാന്റ്) എന്നിവയുടെ നിലവിലെ സ്ഥിതി സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല. വർഷങ്ങളായി തുടരുന്ന ഈ തുകകൾ സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണം.

**1-1-6 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുന്ന തുകകൾ ആസ്തികളായി മാറ്റുന്നില്ല**

നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുന്ന തുകകൾ ആസ്തിയായി മാറ്റുന്നില്ല. 2022-23 ലെ കണക്കുകളിൽ മുന്നിരിപ്പ് ഉൾപ്പെടെ 412100100 എന്ന ഹെഡ്ഡിൽ 6,29,28,796/- രൂപ നിൽക്കുന്നു. ഇത്രയും ഭീമമായ തുകയുടെയും ആസ്തി രൂപീകരണം പൂർത്തിയായിട്ടില്ല എന്നത് സംശയാസ്പദമാണ്. അപാകത പരിഹരിച്ച് ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**1-1-7 തൊഴിൽ നികുതി - വാർഷിക കണക്കുകളും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ട്രേഡേഴ്സിന്റെയും സ്ഥാപനങ്ങളുടെയും പ്രൊഫഷണൽസിന്റെയും ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശികയുണ്ട്. എന്നാൽ വാർഷിക കണക്കുകളിലെ B-15 പട്ടികയിലെ കണക്കുമായി ഇവ പൊരുത്തപ്പെടുന്നില്ല.

**1-1-8 ലോൺ ബാധ്യത ആസ്തിയായി കാണിച്ചിട്ടില്ല**

ഭവന നിർമ്മാണത്തിനായി എടുക്കുന്ന ലോൺ, പ്രീപെയ്ഡ് എക്സ്പെൻസ് എന്ന നിലയിൽ ആസ്തിയായി

ചേർക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം കാണിച്ചിട്ടില്ല.

**1-1-9 ഋണശീർഷകണക്കുകൾ - കൃത്യത ഉറപ്പാക്കാനുള്ള രേഖകളില്ല**

സർക്കാരിലേക്ക്, അല്ലെങ്കിൽ മറ്റ് ഏജൻസികൾക്ക് നൽകുവാനുള്ളത് എന്ന നിലയിൽ B-9 പത്രികയിലുൾപ്പെടുന്ന പല തുകകളുടേയും കൃത്യത വ്യക്തമാക്കുന്ന രജിസ്റ്ററുകൾ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ ബുക്കുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ ഇവ യഥാർത്ഥത്തിൽ ഒടുക്കുവാനുള്ള തുകയാണോയെന്ന് പരിശോധിച്ചുറപ്പാക്കാനായില്ല.

**1-1-10 നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സ്വീകരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി എന്നിവ നഗരസഭയുടെ കണക്കുകളിൽ ഉൾപ്പെടുന്നില്ല. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നഗരസഭയ്ക്കുവേണ്ടി സ്വീകരിച്ച ഇ.എം.ഡി തുകകൾ (ഡിമാൻഡ് ഡ്രാഫ്റ്റ്) പണമാക്കി മാറ്റാതെ നിലവിലും തുടരുന്നു.

**1-1-11 മുൻകൂറുകൾ - പെയ്മെന്റ് എന്ന നിലക്ക് വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നു**

വിവിധ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂറുകൾ നൽകുന്നുണ്ട്. എന്നാൽ ഈ തുകകൾ പേയ്മെന്റ് എന്ന നിലക്കാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നത്. ആകയാൽ നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കാനാകാത്ത സാഹചര്യമുണ്ട്. തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ഈ തുകകൾ വാർഷിക കണക്കുകളിലെ B-18 (Loans Advances & Deposits) പട്ടികയിൽ ഉൾപ്പെടുന്നില്ല. മുൻവർഷങ്ങളിൽ നൽകിയ മുൻകൂറുകളുടെ വിവരങ്ങളും മേൽപറഞ്ഞ പട്ടികയിൽ ഉൾപ്പെടുന്നില്ല. മറ്റ് നിർവ്വഹണ ഏജൻസികളുടെ പക്കൽ മുടങ്ങിക്കിടക്കുന്ന പണം സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ട് തയ്യാറാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**1-1-12 സ്റ്റെയിൽ ചെക്കുകളുടെ ബാധ്യതയായി നെഗറ്റീവ് സംഖ്യ ഉൾപ്പെടുന്നു**

സ്റ്റെയിൽ ചെക്കുകളുടെ സംഗതിയിൽ ബാധ്യത (-)32000/- രൂപയാണെന്ന് കാണുന്നു. നെഗറ്റീവ് സംഖ്യ ഉൾപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

**1-1-13 സ്റ്റോർ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമായിട്ടില്ല**

B-14 എന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്റ്റോർ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

**1-1-14 വാർഷിക കണക്കുകളിൽ ചില ബാധ്യത തുകകൾ വർഷങ്ങളായി തുടരുന്നു**

വാർഷിക കണക്കുകളിൽ ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന ബാധ്യത തുകകൾ വർഷങ്ങളായി തുടരുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350200103 | Recoveries Payable -Insurance Premium | 52,707 |
| 350200116 | State Life Insurance/ Arrear Of SLI | 25,485 |
| 350200118 | Group Insurance/ Arrear Of GIS | 55,800 |

വിഷയം പരിഹരിച്ച് വിശദാംശം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

### 1-1-15 പൊരുത്തപ്പെടുത്തൽ ക്രമപ്രകാരമല്ല നടത്തിയിട്ടുള്ളത്

2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം നഗരസഭയുടെ വിവിധ അക്കൌണ്ടുകളുടെ ബാങ്ക് ബുക്ക് പാസ് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്തുമ്പോൾ വർഷങ്ങൾക്ക് മുൻപ് ഇഷ്യു ചെയ്ത ചെക്കുകളും വർഷങ്ങൾക്ക് മുൻപ് പണമാക്കി മാറ്റാൻ ബാങ്കിൽ നൽകിയ ചെക്കുകളും ഡിമാൻഡ് ഡ്രാഫ്റ്റുകളും ഉൾപ്പെടുത്തുന്നുണ്ട്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല. കാലഹരണപ്പെട്ട ചെക്കുകളും ഡിമാൻഡ് ഡ്രാഫ്റ്റുകളും ഒഴിവാക്കി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 22.03.2023 ലെ I(1)- ാം നമ്പർ തീരുമാന പ്രകാരം പുതുക്കി അംഗീകരിച്ചു. പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 81,93,20,669/- | 74,31,44,517/- |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 39,02,92,835/- | 36,44,91,947/- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13,94,89,957 |
| വരവ് | 33,18,68,718 |
| ആകെ | 47,13,58,675 |
| ചെലവ് | 34,83,03,522 |
| നീക്കിയിരിപ്പ് | 12,30,55,153 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് വരവ്(ACR പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 4,45,40,000 | 4,45,40,000 | 3,93,06,307 | *52,33,693 (ലാപ്സായി) |
| വികസനഫണ്ട് എസ്.സി.പി. | - | 1,76,65,000 | 1,76,65,000 | 1,19,02,233 | 57,62,767 (ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 74,23,171 | 4,98,00,571 | 5,72,23,742 | 4,43,67,276 | 128,56,466 (നീക്കിയിരിപ്പ്) |
| 15-ാം ധനകാര്യ കമ്മീഷൻ | 2,81,30,952 | 1,82,68,116 | 4,63,99,068 | 2,92,37,505 | **1,71,61,563 (നീക്കിയിരിപ്പ്) |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-അൺടൈഡ് | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2,69,65,000 | 2,69,65,000 | 2,32,91,671 | 36,73,329(ലാപ്സായി) |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2,47,23,000 | 2,47,23,000 | 2,27,76,652 | 19,46,348 (ലാപ്സായി)- |

*സുലേഖ (പദ്ധതിയുടെ ചെലവ് പത്രിക) പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നുള്ള ചെലവ് 3,88,27,628 രൂപയാണ്. 4,78,679 രൂപയുടെ വ്യത്യാസം ഉണ്ട്.

**B4 പട്ടിക 320200112 പ്രകാരം ധനകാര്യ കമ്മീഷൻ അൺടൈഡ് ഫണ്ടിൽ 1,02,53,572 രൂപ മാത്രമാണ് അവശേഷിക്കുന്നത്. ധനകാര്യകമ്മീഷൻ അൺ ടൈഡ് ഫണ്ടിൽ ബാങ്ക് അക്കൌണ്ടിൽ നിന്നും പലിശയായി ലഭിച്ച തുക ഉൾപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമല്ല. മുൻവർഷം 320200211 എന്ന ഹെഡ്ഡിൽ 74,23,171 രൂപ നീക്കി ബാക്കിയുണ്ടായിരുന്നു. എന്നാൽ 2022-23 സാമ്പത്തികവർഷാവസാനം ഈ ഹെഡ്ഡിൽ തുകയൊന്നും അവശേഷിക്കുന്നില്ല.

യഥാസമയം പ്രോജക്ട് രൂപീകരിച്ച് സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കാതിരുന്നതു മൂലം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി ഗ്രാന്റിനത്തിൽ ലഭിച്ച 1,66,16,137 /- രൂപ നഷ്ടമായി. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 485 | 33,19,33,569 | 243 | 171792262 | 56 | 186 | 50.10% |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി AUEGS | 4,90,465 | 10000000+ 73927(പലിശ) | 1,05,64,392 | 1,05,30,397 | 33,995 |

## 1-7 ക്ഷേമ പദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 59,880 | 86 |
| കർഷക തൊഴിലാളി പെൻഷൻ | 18,75,200 | 164 |
| വിധവാ പെൻഷൻ | 2,49,22,400 | 2370 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 6,58,05,600 | 4121 |
| വികലാംഗ പെൻഷൻ | 84,51,900 | 740 |
| അവിവാഹിത പെൻഷൻ | 4,02,800 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 4,80,000 | 16 |
| മിശ്ര വിവാഹിതർക്കുള്ള ധനസഹായം | 30,000 | 1 |

**1-8 ക്യാഷ് ബാലൻസ്**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2024 തീയതിയിൽ 2 PM-ന് സ്ഥാപനമേധാവിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 1,47,345/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം**

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം കൗൺസിലിൽ ചർച്ച ചെയ്യുകയോ, റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് കൌൺസിൽ അംഗീകരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകുകയോ ചെയ്യുന്നില്ല. കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ നഗരസഭ പാലിക്കുന്നില്ല.

2. സസ്യമാർക്കറ്റ് കെട്ടിടത്തിന്റെ വാടകയ്ക്ക് നൽകൽ അടക്കമുള്ള ഗൌരവതരമായ സംഗതികളിൽ പോലും നഗരസഭ കൌൺസിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നില്ല. അജണ്ട ചർച്ചചെയ്യാതെ തുടർന്നുള്ള യോഗത്തിലേക്ക് മാറ്റുന്നത് നഗരസഭക്ക് അപരിഹാര്യമായ നഷ്ടം ഉണ്ടാക്കുന്നു.

3. നഗരസഭാ കൌൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

4) വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ലോൺ രജിസ്റ്റർ, തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുന്ന അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

5) തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയോ സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

6. എല്ലാ പർച്ചേസുകളും പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പരിശോധനക്ക് വിധേയമാക്കുന്നില്ല. ഉദാ. കൃഷി ഓഫീസർ നടത്തിയ വാങ്ങലുകൾ.

7. നഗരസഭയിലെ അനധികൃത കൈയ്യേറ്റങ്ങളും നിർമ്മാണ പ്രവൃത്തികളും തടയുന്നതിലേക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾക്ക് യഥാസമയം U.A നമ്പർ നൽകി വസ്തുനികുതി തിട്ടപ്പെടുത്തി ഈടാക്കാൻ ശ്രമിക്കുന്നില്ല. എൻജിനീയറിംഗ് വിഭാഗം കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളുടെ വിവരം റവന്യൂ വിഭാഗത്തിന് യഥാസമയം കൈമാറുന്നില്ല.

8. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 1997 ന ശേഷം അടച്ചിട്ടില്ല. ഇതുമൂലം പെൻഷൻ

വിതരണത്തിനായി നഗരസഭയ്ക്ക് തനതുഫണ്ടിൽ നിന്നും അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടും പെൻഷൻ വിഹിതം അടയ്ക്കാൻ നടപടികളില്ല.

9. പുതിയ ഭരണസമിതി 2020 ൽ നിലവിൽ വന്നെങ്കിലും ഇതേ വരെയും പൗരാവകാശ രേഖ തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 നികുതി വരുമാനം-അവലോകനം

നഗരസഭയുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു. (കേരള നഗരപാലിക നിയമം സെക്ഷൻ 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നിയമപ്രകാരം ഈടാക്കാം (കേരള നഗരപാലിക നിയമം 204). സിനിമ ഉൾപ്പെടെയുള്ള വിനോദ പരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, സ്ഥാപനം നൽകുന്ന ജി.എസ്.റ്റി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി നഗരസഭകൾ സ്വീകരിക്കുന്നത്. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി, നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>പുതിയ തനതു വരുമാന മേഖലകൾ</u>

പുതിയ തനതുവരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. നിലവിലുണ്ടായിരുന്ന കടമുറികൾ വളരെക്കുറഞ്ഞ വാടകക്കാണ് നിലവിൽ വാടകക്ക് പോയിട്ടുള്ളത്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കിയെങ്കിലും കടമുറികൾ ലേലം ചെയ്ത് കൈമാറുന്നതിൽ താമസം നേരിടുന്നുണ്ട്.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല. അനധികൃത മൊബൈൽ ടവറുകൾ, സ്വകാര്യ ധനകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവയെല്ലാം നികുതി ശൃംഖലക്ക് പുറത്താണ്.

2) <u>തനത് വരുമാനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി എന്നിവയിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തൊഴിൽ ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്തത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്.നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ്

പുരോഗതി നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല / അനധികൃത നിർമ്മിതികൾക്ക് വസ്തുനികുതി ചുമത്തുന്നില്ല

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. അനധികൃത നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കാത്തത് മൂലം ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാകുന്നു. വസ്തുനികുതി നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, അപാകം മൂലം മടക്കി അയക്കപ്പെട്ടാൽ പിന്നീട് നഗരസഭയിലേക്ക് വരാത്ത സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിന് (UA) നഗരസഭയുടെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

4) പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നു. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാന കാരണം.

6) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് ശ്രമിക്കുന്നില്ല

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

7) വസ്തുനികുതി പരിഷ്കരണം പൂർണ്ണമായും പ്രത്യേക ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല:

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2013 ൽ ആരംഭിച്ച പരിഷ്കരണ പ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പൂർത്തീകരണത്തിന് പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഓരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.

8) വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല:

രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും

ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്.

9) സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ ഉപയോഗക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല:

നിലവിലുള്ള ഉപയോഗക്രമങ്ങൾ നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന നികുതി ചോർച്ചകൾ, കാർഷികാവശ്യകെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുക എന്നിവ ലക്ഷ്യമാക്കി പുതിയ നികുതി നിരക്കുകൾ സർക്കാർ ഉത്തരവ് മൂലം പുറപ്പെടുവിച്ചിരുന്നു. (18.11.19-ലെ സ.ഉ(അച്ചടിച്ചത്) 82/2019/ത.സ്വ.ഭ.വ പ്രകാരം താഴെപ്പറയുന്ന ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് നിർദേശിച്ചിരുന്നു.

1.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവ ഇതിന് ഉദാഹരണമാണ്.

2.ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ

കൂടാതെ 8.9.2020 ലെ സ.ഉ(അച്ചടിച്ചത്) 53/2020 ത.സ്വ.ഭ.വ. പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു).

ഉത്തരവുകൾ പ്രകാരം പുതുതായി ആറ് ഉപയോഗക്രമങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപയോഗക്രമങ്ങളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

പുതിയതായി നിർവ്വചിക്കപ്പെട്ട റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിന് നഗരസഭ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തിയില്ല. അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

10) മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിൽ ഗുരുതരമായ വീഴ്ച:

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ അനുവാദം വാങ്ങി നിർമ്മാണം പൂർത്തീകരിച്ചവർ നികുതി നിർണ്ണയത്തിന് നഗരസഭയെ സമീപിക്കാത്ത സാഹചര്യമുണ്ട്. കൂടാതെ ടവറുകളുടെ ബാറ്ററി, ഷെൽറ്റർ റൂമുകൾ, നമ്പറിംഗിന് ശേഷം ചേർക്കപ്പെടുന്ന ഭാഗങ്ങൾ എന്നിവയെ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്.

11) അനധികൃതമായ നികുതിയിളവ്

കേരള നഗരപാലിക നിയമം, വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ച കെട്ടിടങ്ങൾ മാത്രമല്ല വസ്തുനികുതി ഒഴിവുനേടുന്നത്. ആരാധനാലയങ്ങൾ എന്ന ഗണത്തിലും നികുതി ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന നിലയിലും ചില അയോഗ്യമായ കെട്ടിടങ്ങളെ ഉൾപ്പെടുത്തുക വഴി നഗരസഭയ്ക്ക് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്

12) നികുതിഇതര വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ

നികുതി ഇതരവരുമാനത്തിൽ മാർക്കറ്റ് ലേലം, ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളിൽ നിന്നുള്ള വാടക എന്നിവ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ രണ്ട് ആസ്തികളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും നഗരസഭയ്ക്ക് ലഭിക്കും വിധമുള്ള വികസനപ്രവർത്തനങ്ങൾ ഒരുക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നുണ്ട്.

ഓഡിറ്ററിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) നഗരസഭാ പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടേണ്ടതാണ്.

6)വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ്തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണം.

8) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.

9) അനധികൃത നികുതിയിളവുകൾ പുന:പരിശോധിക്കണം.

10) മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്താത്തത് മൂലമുള്ള നഷ്ടം അടിയന്തിരമായി പരിഹരിക്കണം.

**1-11 അനേകം സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 245 മുതൽ 259 വരെയുള്ള വകുപ്പുകൾ, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം സ്ഥാപനത്തിന്റെ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ നഗരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ ഗുരുതര വീഴ്ച ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടില്ല

നഗരത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഇവയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ ധാരാളം സ്ഥാപനങ്ങൾ ലിസ്റ്റിൽ ഉൾപ്പെടാത്തതായുണ്ട് എന്ന് സംശയിക്കുന്നു.

2. ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

നഗരസഭയുടെ 2022-23 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കുവാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | അഹല്യ മണി എക്സ്ചേഞ്ച് | I&II |
| 2 | ആക്സിസ് ബാങ്ക്, കായംകുളം ബ്രാഞ്ച് | I&II |
| 3 | ആക്സിസ് ബാങ്ക്, പുതിയിടം ബ്രാഞ്ച് | I&II |

| | | |
|---|---|---|
| 4 | കാനറ ബാങ്ക്,കൃഷ്ണപുരം | I&II |
| 5 | കാത്തലിക് സിറിയൻ ബാങ്ക് | I&II |
| 6 | ചെമ്മണ്ണൂർ ക്രഡിറ്റ്സ് &ഇൻവെസ്റ്റ്മെന്റ് | I&II |
| 7 | ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് | I&II |
| 8 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | I&II |
| 9 | ഗവ.എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. A 245 | I&II |
| 10 | ICICI ബാങ്ക് | I&II |
| 11 | ചേരാവള്ളി ക്ഷീരോത്പാദക സഹകരണസംഘം | I&II |
| 12 | ICL ഫിൻകോർപ്പ് ലിമിറ്റഡ് കായംകുളം | I&II |
| 13 | ഇൻഡ്യൻ ബാങ്ക് | I&II |
| 14 | ഇൻഡസ്ഇൻഡ്ബാങ്ക്, പുതിയിടം ബ്രാഞ്ച് | I&II |
| 15 | ഇൻഡസ് ഇൻഡ് ബാങ്ക്, കെ.പി.റോഡ് ബ്രാഞ്ച് | I&II |
| 16 | ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് &ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് | I&II |
| 17 | കായംകുളം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് നം. A1155 | I&II |
| 18 | കായംകുളം കോ-ഓപ്പറേറ്റീവ് ബാങ്ക്, കൃഷ്ണപുരം A421 | I&II |
| 19 | കായംകുളം അർബൻ സർവ്വീസ് സഹകരണ ബാങ്ക് നം. A1596 | I&II |
| 20 | കേച്ചേരിൽചിറ്റ്സ് പ്രൈ.ലിമിറ്റഡ് | I&II |
| 21 | മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് | I&II |
| 22 | ഇൻഡ്യൻ ബാങ്ക്, കായംകുളം | I&II |
| 23 | പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം 1282 | I&II |
| 24 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കായംകുളം ബ്രാഞ്ച് | I&II |
| 25 | പുല്ലുകുളങ്ങര SCB ലിമിറ്റഡ് നം.2992 | I&II |
| 26 | കേരള ബാങ്ക്,കെ.പി.റോഡ് ബ്രാഞ്ച് | I&II |
| 27 | പഞ്ചാബ് നാഷണൽ ബാങ്ക്, കായംകുളം | I |
| 28 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, കായംകുളം ബ്രാഞ്ച് | I&II |
| 29 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | I&II |
| 30 | കൊശമറ്റം ഫിനാൻസ് കറ്റിത്തെരുവ് ബ്രാഞ്ച്, കിളിയത്ത് ബ്രാഞ്ച്, പുതിയിടം ബ്രാഞ്ച് | I&II |
| 31 | മണിമുറ്റംനിധി ലിമിറ്റഡ് | I&II |
| 32 | നെഡ്സ്റ്റാർ | I&II |
| 33 | മഹീന്ദ്ര&മഹീന്ദ്ര ഫിനാൻഷ്യൽ സർവ്വീസ് | II |
| 34 | മിനി മുത്തൂറ്റ് നിധി | I&II |
| 35 | സപ്ളൈകോ സൂപ്പർമാർക്കറ്റ്, കായംകുളം | I&II |
| 36 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് ലിമിറ്റഡ് | I&II |

| | | |
|---|---|---|
| 37 | SBI ലൈഫ് ഇൻഷുറൻസ്, പുതിയിടം | I |
| 38 | മധുര മൈക്രോഫിനാൻസ് ലിമിറ്റഡ് | II |
| 39 | സുന്ദരം ഫിനാൻസ്, പോലീസ് സ്റ്റേഷൻ ബ്രാഞ്ച് | II |
| 40 | ബെൽസ്റ്റാർ മൈക്രോഫിനാൻസ്, ഓച്ചിറ | I&II |

ടി ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.35/16.1.2024) നല്കിയെങ്കിലും മറുപടി നൽകിയില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ ശേഖരിച്ച് എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-12 അനേകം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 245 മുതൽ 259 വരെയുള്ള വകുപ്പുകൾ, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ വരുമാനം ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ നഗരസഭയുടെ 2022-23 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരത്തിലെ അനേകം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | നികുതി ലഭിക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഫയർ&റസ്ക്യൂ സ്റ്റേഷൻ | II |
| 2 | കെ.എസ്.ഇ.ബി 110KV ട്രാൻസ്മിഷൻ സർക്കിൾ | II |
| 3 | കൃഷ്ണപുരം ദേവസ്വം | II |
| 4 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | I&II |
| 5 | മൈനർ ഇറിഗേഷൻ | I&II |
| 6 | ഓണാട്ടുകര വികസന ഏജൻസി | I&II |
| 7 | റിലയൻസ് ഡിജിറ്റൽ പ്ലാറ്റ്ഫോം &പ്രോജക്ട് സർവ്വീസ് ലിമിറ്റഡ് | II |
| 8 | ഹാൻവീവ്,കായംകുളം | I&II |
| 9 | ഫിഷർമെൻ വെൽഫെയർ ബോർഡ് | I&II |
| 10 | എസ്.എൻ.കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി | I&II |
| 11 | ASAP (അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം) | I&II |
| 12 | എൻജിനീയറിംഗ് | I&II |

| | | |
|---|---|---|
| | ട്രെയിനിംഗ് സെന്റർ, കായംകുളം | |
| 13 | നീതി മെഡിക്കൽസ്(KSCCF Ltd) | I&II |
| 14 | സെന്റ് ജോൺസ് ബി.എഡ് കോളേജ് | I&II |
| 15 | കൃപ വെൽനസ് ക്ലിനിക്ക് &ഡയബറ്റിക് റിസർച്ച് സെന്റർ | I&II |
| 16 | കൺസ്യൂമർ ഫെഡ് (നഗരസഭ വക കെട്ടിടം നം.20,21,22,23) | I&II |
| 17 | GDM ഓഡിറ്റോറിയം | I&II |
| 18 | ശീതൾ പെട്രോളിയം, (വാർഡ്33/267) | I&II |
| 19 | ഭാരത് പെട്രോളിയം (വാർഡ് 9/506) | I&II |
| 20 | കെ.കെ.മുഹമ്മദ്, ഹിന്ദുസ്ഥാൻ പെട്രോളിയം (വാർഡ് 35/54) | I&II |
| 21 | കൃഷ്ണ സ്റ്റീൽ, ഉടമ : സുനിൽകുമാർ, സൂര്യമംഗലം (കെട്ടിട നം.7/100, 101, 102, 103) | I&II |
| 22 | ദീപു ഏജൻസീസ്, ഉടമ : സന്ധ്യ.പി.കിണി (കെട്ടിട നം. 10/70) | I&II |
| 23 | PWD റസ്റ്റ് ഹൌസ്, ക്യാന്റീൻ | I&II (ജീവനക്കാരുടെ തൊഴിൽ നികുതി ഹരിപ്പാട് നഗരസഭയിൽ ഒടുക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല) |

ടി ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (45/18.1.2024) നൽകിയെങ്കിലും മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. നഗരസഭയുടെ പരിധിയിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു

**1-13 സ്വയം തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല**

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) മുതൽ (11) വരെയുള്ള ഉപചട്ടം അനുസരിച്ച് സ്വയം തൊഴിലിൽ ഏർപ്പെടുന്നവരുടെ അർദ്ധവാർഷിക തൊഴിൽ നികുതി നിരക്ക് 1250/-

രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരത്തിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം ആളുകൾ ഉണ്ടെങ്കിലും അവരിൽ ഭൂരിഭാഗം പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. നഗരസഭാ കരാറുകാർ

ടെൻഡർ രജിസ്റ്റർ പ്രകാരം നഗരസഭയുടെ മരാമത്ത് വിഭാഗം നിർവ്വഹണം നടത്തിയ ഒന്നിലധികം പ്രവൃത്തികൾ കരാറെടുത്ത് നടപ്പിലാക്കിയ കരാറുകാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ഇ.എം.അഷ്റഫ്, കൊല്ലം പറമ്പിൽ |
| 2 | എസ്.അബ്ദുൾ ലത്തീഫ്, എസ്.എസ്.കെ മൻസിൽ |
| 3 | മോഹനൻ നായർ വി, പൂവടി തറയിൽ |
| 4 | ശശിധരൻ പിള്ള കെ, അംബാലയം |
| 5 | കെ.സുരേഷ്, ശൈലം |
| 6 | ഹുസൈൻ അഹമ്മദ്, വള്ളിയിൽ |
| 7 | സുന്ദരേശൻ,പ്രയാഭവനം |
| 8 | മുഹമ്മദ് അസറുദ്ദീൻ |
| 9 | അനിമോൻ എച്ച്, പുതുമണ്ണേൽ |

2) അഭിഭാഷകർ

നഗരസഭാ പരിധിയിൽ ധാരാളം അഭിഭാഷകർ ജോലി ചെയ്യുന്നുണ്ട്. ജോലി ചെയ്യുന്ന അഭിഭാഷകരുടെ പേര് വിവരം ഉൾപ്പെടുത്തിയ ലിസ്റ്റ് തയ്യാറാക്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

3) ആധാരം എഴുത്തുകാർ

കായംകുളം സബ് രജിസ്ട്രാർ ഓഫീസിനോട് ചേർന്ന് നിരവധി ആധാരം എഴുത്ത് ഓഫീസുകൾ സ്ഥിതി ചെയ്യുന്നുണ്ട്. ആധാരം എഴുതുന്നതിന് രജിസ്ട്രേഷൻ നേടി ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

4) റേഷൻകട ലൈസൻസികൾ

നഗരസഭാ പരിധിയിൽ 34 റേഷൻകട ലൈസൻസികൾ ഉണ്ടെങ്കിലും ഇവരിൽ 5 പേരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

മേൽ ന്യൂനതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (49/19.1.2024) നല്കിയെങ്കിലും മറുപടി സമർപ്പിച്ചില്ല. നഗരത്തിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരുടെയും ലിസ്റ്റ് തയ്യാറാക്കി എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-14 പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് നേടിയ ശേഷം നടത്തുന്ന നിർമ്മാണം ക്രമവൽക്കരിക്കപ്പെടുന്നില്ല - നികുതി നഷ്ടം**

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് - 235 (ജെ) പ്രകാരം സർക്കാരോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി സൌജന്യമായി നിർമ്മിച്ചുനൽകുന്ന വാസഗൃഹങ്ങളെ വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നിയമത്തിലെ ഈ വ്യവസ്ഥകളിൽ മാറ്റം വരുത്താതെ ചില വ്യവസ്ഥകൾക്ക് വിധേയമായി 660 ചതുരശ്ര അടി വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യകെട്ടിടങ്ങളെയും വസ്തുനികുതി സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (സർക്കാർ ഉത്തരവ്

(എം.എസ്.)നം.358/2015 ത.സ്വ.ഭ.വ തീയതി 16.12.2015). 2015-16 സാമ്പത്തിക വർഷം മുതലാണ് ഈ നികുതി ഒഴിവിന്റെ പ്രാബല്യം.

നികുതി ഒഴിവ് ലഭിക്കുന്നതിന് കെട്ടിട ഉടമയുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ കുടുബ നാഥന്റെ / നാഥയുടെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനായുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് നികുതി ഒഴിവിന്റെ ആനുകൂല്യം ലഭിക്കുക. എന്നാൽ PMAY ഭവനപദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി ഇളവ് നേടിയ ശേഷം കെട്ടിടത്തിന്റെ തറവിസ്തൃതിയിൽ വരുത്തുന്ന മാറ്റങ്ങൾ പലപ്പോഴും നഗരസഭ ശ്രദ്ധിക്കാത്ത സാഹചര്യമുണ്ടാകുന്നു.

14.01.2024 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5 മുഖാന്തിരം ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ തുടർന്ന് ചുവടെ ചേർക്കുന്ന പാർപ്പിടാവശ്യകെട്ടിടങ്ങൾ നഗരസഭയിലെ ഫീൽഡ് തല ഉദ്യോഗസ്ഥൻ മുഖാന്തിരം പരിശോധിച്ച് സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. റിപ്പോർട്ട് പ്രകാരം നിലവിലുള്ള വിസ്തൃതി മേൽ പരാമർശിച്ച ഇളവുകൾക്കുള്ള പരിധിക്ക് പുറത്താണ്. ഈ കെട്ടിടങ്ങളുടെ സഞ്ചയഡേറ്റാ ബേസ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ (പരിശോധന റിപ്പോർട്ട് അനുസരിച്ചുള്ളത്) തറവിസ്തൃതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | യഥാർത്ഥത്തിലുള്ള തറവിസ്തൃതി ($M^2$) | സഞ്ചയ ഡേറ്റാ ബേസ് പ്രകാരമുള്ള തറവിസ്തൃതി ($M^2$) |
|---|---|---|
| നിഹാസ് വാലയ്യത്ത് എരുവ | 107 | 53.42 |
| ആരിഫ ബീവി മണ്ണാശ്ശേരി തെക്കേതിൽ എരുവ | 99 | 49.55 |

തറവിസ്തൃതി വർദ്ധനയെ സംബന്ധിക്കുന്ന കെട്ടിട ഉടമയുടെ അപേക്ഷയോ വസ്തുനികുതി റിട്ടേണോ പഞ്ചായത്തിന് സമർപ്പിച്ചിട്ടില്ല. പോസ്റ്റ് ഒക്യുപൻസി പരിശോധനകളും നടന്നിട്ടില്ല. മേൽ പരാമർശിത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കുന്നതാണെന്ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിത കെട്ടിടങ്ങൾക്ക് പുറമെ സമാനമായ നിരവധി കെട്ടിടങ്ങൾ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പോസ്റ്റ് ഒക്യുപൻസി പരിശോധനകൾ നടത്തി നികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പരിശോധിച്ച കെട്ടിടങ്ങളുടെ എണ്ണം, ഡിമാൻഡിലുണ്ടായ വർദ്ധനവ് എന്നിവയും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-15 സ്പോർട്സ് ടർഫുകൾ, സ്റ്റേഡിയങ്ങൾ - നികുതി ചുമത്തുന്നില്ല**

കായിക വിനോദ ഉപാധികൾ, ജനങ്ങൾക്ക് പണം ഈടാക്കി ഉപയോഗിക്കുന്നതിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള സ്പോർട്സ് ടർഫുകൾ, ടെന്നീസ് കോർട്ടുകൾ എന്നിവയ്ക്ക് വസ്തുനികുതി ചുമത്തുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല. പുതിയ കാലഘട്ടത്തിലെ നിർമ്മിതികളായ ഇത്തരം കെട്ടിടങ്ങൾ നഗരസഭയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്നു. കായംകുളം നഗരസഭ പരിധിയിൽ ചുവടെ ചേർക്കുന്ന 3 സ്പോർട്സ് ടർഫുകൾ / ഇൻഡോർ സ്റ്റേഡിയം പ്രവർത്തിക്കുന്നതായി നഗരസഭ സെക്രട്ടറി രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/22-23 നുള്ള മറുപടി).

| ക്രമ | സ്ഥാപനത്തിന്റെ | വിസ്തൃതി | ഉടമയുടെ | കെട്ടിട നം. | പരാമർശം |
|---|---|---|---|---|---|

| നം. | പേര് | | പേര് | | |
|---|---|---|---|---|---|
| 1 | KCC ബാഡ്മിന്റൺ സ്റ്റേഡിയം | 2200 ചതുരശ്ര അടി | പ്രസിഡന്റ് KCC ട്രസ്റ്റ് | 39/96 | വസ്തുനികുതി പുനനിർണ്ണയിക്കണം |
| 2 | KICK OFF ഫുട്ബോൾ ടർഫ് | 8100 ചതുരശ്ര അടി | ആദിൽ | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | തുറസായ ടർഫ് ഉൾപ്പെടെയുള്ള ഭാഗത്തിന് വസ്തുനികുതി ചുമത്തണം |
| 3 | YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് | 275 ച.മീറ്റർ | പ്രസിഡന്റ് YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് (കെട്ടിട ഉടമ- ദിൽഷാദ്, കൃതി ഇസഹാക്ക്) | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | വസ്തുനികുതി നിർണ്ണയിക്കണം |

സ.ഉ. (അച്ചടി) നം.25/2023/LSGD/5-4-2023 പ്രകാരം നിലവിൽ സ്പോർട്സ് ടർഫുകൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. നഗരസഭ പരിധിയിലെ സ്പോർട്സ് ടർഫുകൾക്ക് 2023-24 മുതൽ ചതുരശ്രമീറ്ററിന് 45 രൂപയായി വസ്തുനികുതി നിരക്ക് നിശ്ചയിച്ച് നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയങ്ങളുടെയും സ്പോർട്ട്സ് ടർഫുകളുടെയും വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-16 ലോഡ്ജിംഗ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം ചെയ്യുന്നില്ല**

നഗരസഭയുടെ വിവിധ വാർഡുകളിലായി നിരവധി കെട്ടിടങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ താമസാവശ്യത്തിനുപയോഗിക്കുന്നുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. പാർപ്പിടാവശ്യ കെട്ടിടങ്ങളിലോ അതിനോടു ചേർന്നുള്ള അനധികൃത കെട്ടിടങ്ങളിലോ, ഷെഡുകളിലോ ആണ് ഇപ്രകാരം തൊഴിലാളികളെ താമസിപ്പിക്കുന്നത്. എന്നാൽ ഇത്തരം കെട്ടിടങ്ങൾക്ക് ഒന്നിനും അവയുടെ ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.

2018 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 ൽ കെട്ടിടങ്ങളുടെ വിനിയോഗം സംബന്ധിക്കുന്ന വിശദീകരണങ്ങൾ നല്കിയിട്ടുണ്ട്. ഇത് പ്രകാരം ഏക അല്ലെങ്കിൽ ബഹുകുടുംബ വാസസ്ഥലങ്ങളെയാണ് പാർപ്പിടാവശ്യ കെട്ടിടങ്ങളായി പരിഗണിക്കാനാവുക. കുടുംബങ്ങൾ എന്ന നിലയ്ക്കല്ലാതെ മറ്റ് സംസ്ഥാന തൊഴിലാളികളെ പ്രതിമാസ / പ്രതിദിന വാടക ഈടാക്കി പാർപ്പിക്കുന്ന ഇടങ്ങളെ പാർപ്പിടാവശ്യ കെട്ടിടങ്ങളായി പരിഗണിക്കാവുന്നതല്ല. കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം, വസ്തുനികുതി നിർണ്ണയത്തിന് ശേഷം ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്ന സാഹചര്യങ്ങളിൽ വസ്തുനികുതി പുനർനിർണ്ണയം ചെയ്യേണ്ടതാണ്. എന്നാൽ നഗരത്തിലെ ഇത്തരം കെട്ടിങ്ങളുടെ നികുതി, അവയുടെ

ഉപയോഗക്രമം അനുസരിച്ച് നിർണ്ണയിച്ചിട്ടില്ല. തന്മൂലം നഗരസഭക്ക് വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. അതിലുപരി സുരക്ഷാപ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നുണ്ട്.

ഈ വിഷയം സംബന്ധിച്ച വിശദാംശം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/22-23 തീയതി 10.01.2024) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം കെട്ടിടങ്ങൾക്ക് നിയമാനുസൃതം നികുതി നിർണ്ണയിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മറുപടിക്കൊപ്പം സെക്രട്ടറി ലഭ്യമാക്കിയ പത്രിക പ്രകാരം, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ താമസാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളുടെയും ഉടമകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | ഉടമയുടെ പേര്, വിലാസം |
|---|---|---|
| 1 | വാർഡ് 5 | അൻഷാദ വാഹിദ്, മറ്റയ്യത്ത്<br>എരുവ കായംകുളം |
| 2 | 2 | അബ്ദുൾ സലാം, തയ്യിൽ ശ്ശേരിൽ, കൊറ്റുകുളങ്ങര |
| 3 | 42, 43 | ഷറഫുദീൻ, ഡാറിൽ അമാൻ, ഐക്യ ജംഗ്ഷൻ |
| 4 | 42 | N S അബ്ദുൾ സമദ്, നടിയിലയ്യത്ത്, കീരിക്കാട് |
| 5 | 42 | മനോജ്, മഹേഷ് ഭവനം, മുതുകുളം പി.ഓ |
| 6 | 42 | ഹരിലാൽ, കണ്ണമ്പള്ളി ഭാഗം, കായംകുളം |
| 7 | 42 | നസീർ, തച്ചന്റെ പറമ്പിൽ കിഴക്കതിൽ, കണ്ണമ്പള്ളി ഭാഗം |
| 8 | 42 | ഇബ്രാഹിം കുട്ടി, അലങ്കാർ, കീരിക്കാട് തെക്ക് |
| 9 | 39 | ഷീബ ഷാനവാസ്, പട്ടാണിപറമ്പിൽ, കണ്ണമ്പള്ളി ഭാഗം , കായംകുളം |
| 10 | 23 | ജലാലുദ്ധീൻ, രാഹത്ത് മൻസിൽ |
| 11 | 39/573 (കെട്ടിട നം.) | രതീഷ് രാജു, ശ്രീകൃഷ്ണാലയം |
| 12 | 39 | റഹ്മാൻ, ആയിക്കാട്ട് വീട്, കണ്ണമ്പള്ളി ഭാഗം |
| 13 | 39 | ഷംസുദ്ദീൻ, ഇല്ലിക്കുളത്ത്, കണ്ണമ്പള്ളി ഭാഗം |
| 14 | 40 | അജയൻ, ഓണമ്പള്ളിൽ കടവ്, കീരിക്കാട് സൌത്ത് |
| 15 | 40 | ഗായത്രി തമ്പാൻ, സാധുപുരം, കീരിക്കാട് സൌത്ത് |
| 16 | 42 | സുകുമാരൻ, കാരശ്ശേരിൽ, കീരിക്കാട് സൌത്ത് |
| 17 | 41 | രാജേഷ്, രാജേഷ് ഭവനം, കീരിക്കാട് തെക്ക് |

| | | |
|---|---|---|
| 18 | 43 | ശശിധരൻ, പൂവ്വക്കാട്, കീരിക്കാട് തെക്ക് |
| 19 | 16 | ബാബു, പുലത്തറയിൽ, പെരിങ്ങാല, കായംകുളം |
| 20 | 19 | വിജയമ്മ, ബിന്ദു നിവാസ്, പെരിങ്ങാല |
| 21 | 16 | സുഭദ്ര, ദേവി ഭവനം, പെരിങ്ങാല |
| 22 | 19 | അനന്തൻ പുതുക്കാട്ട് ഇടപ്പുരയിൽ പെരിങ്ങാല |
| 23 | 16 | ജയന്തി നാഗ്, പി ആർ നാഗ് തയ്യിൽ നിവാസ്, പെരിങ്ങാല |
| 24 | 9 | AHM ഹുസൈൻ, AHM മൻസിൽ, കായംകുളം |
| 25 | 37 | മുഹമ്മദ് ഹനീഫ, പ്ലാമൂട്ടിൽ, കായംകുളം |
| 26 | 9 | അബ്ദുൾ ഹക്കീം, ഓടക്കൽ തെക്കേതിൽ, കായം കുളം |
| 27 | 9 | സുബൈറുകുട്ടി, ഓടക്കൽ തെക്കേതിൽ, കായം കുളം |
| 28 | 37 | മറിയാമ്മ തോമസ്, കളവേലിൽ, കായംകുളം |
| 29 | 9 | അബ്ദുൾ അസീസ്, പണ്ടകശാല, കായംകുളം |
| 30 | 37 | ഷർമ്മിൽഖാൻ, കുരുവിള പുത്തൻവീട്, കായംകുളം |

ടി ക്രമ നം. 11 ഒഴികെയുള്ള കെട്ടിടങ്ങൾക്ക് നമ്പർ പോലുമില്ല. നിർമ്മാണ പ്രവൃത്തികളുടെ കരാറുകാർ അല്ലെങ്കിൽ കെട്ടിട ഉടമ ഇവിടങ്ങളിൽ താമസിക്കുന്നവരുടെ വിവരങ്ങൾ സൂക്ഷിക്കാത്തതിനാൽ അടിയന്തിര സാഹചര്യങ്ങളിൽ ഭാവിയിൽ സുരക്ഷ പ്രശ്നങ്ങൾക്ക് വരെ ഇത് ഇടയാക്കിയേക്കാം.

അടിയന്തര നടപടികൾ സ്വീകരിച്ച് ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-17 മിനി സിവിൽ സ്റ്റേഷൻ കെട്ടിടം - നികുതി നിർണ്ണയിച്ചിട്ടില്ല**

ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, റീജണൽ ട്രാൻസ്പോർട്ട് ഓഫീസ്, കയർ പ്രോജക്ട് ഓഫീസ്, അഡീഷണൽ ചൈൽഡ് ഡെവലപ്പ്മെന്റെ പ്രോജക്റ്റ് ഓഫീസ് തുടങ്ങി നിരവധി ഓഫീസുകൾ പ്രവർത്തിക്കുന്ന സർക്കാർ കെട്ടിട സമുച്ചയത്തിന് വസ്തുനികുതി ചുമത്തുന്നതിൽ നഗരസഭ വീഴ്ചവരുത്തി. വസ്തുനികുതി ഒഴിവ് ബാധകമാകാത്ത ഈ കെട്ടിടത്തിന് വസ്തുനികുതി ഡിമാൻഡ് ചെയ്യാതിരുന്നത് നഗരസഭക്ക് നഷ്ടമുണ്ടാക്കുന്നുണ്ട്. ഓഡിറ്റ് എൻക്വയറിക്കുള്ള (നം-48/21-01-2023) മറുപടിയിൽ, നികുതി നിർണ്ണയം നടത്താതിരുന്നതിന്റെ കാരണം വ്യക്തമായി വിശദീകരിക്കപ്പെട്ടില്ല. മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**1-18 കെട്ടിടത്തിന്റെ ആകെ വിസ്തൃതിക്കനുസൃതമായ വസ്തുനികുതി നിരക്ക് ചുമത്തിയില്ല**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ

ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് നഗരസഭ തീരുമാനിക്കുകയും വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ. പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 80/- രൂപയും ആയി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിട നം. | ആകെ വിസ്തൃതി (ച.മീ) |
|---|---|---|---|
| 1 | അമീൻ, ഫാത്തിമ കൊച്ചുതെക്കതിൽ | 39/741 മുതൽ 39/746 വരെ | 160.71 |
| 2 | തോമസ് ജോർജ് കിളിയിലേത്ത് പുത്തൻവീട് ചേരാവള്ളി | 22/547 മുതൽ 22/552 വരെ | 422.5 (22/547, 22/552 എന്നീ കെട്ടിടഭാഗങ്ങൾക്ക് മാത്രമാണ് ഉയർന്ന നിരക്ക് ചുമത്തിയത്) |
| 3 | ഷാജൻ നൂഹ്, നിഷ മാളിയേക്കൽ തറയിൽ | 39/663 മുതൽ 39/666വരെ | 148.08 |
| 4 | വർഗ്ഗീസ് മാത്യു സരളാ വർഗ്ഗീസ് കോലേക്കുളങ്ങര പുത്തൻ വീട്ടിൽ | 22/537 മുതൽ 22/543 വരെ | 633.22 22/539, 22/540, 22/541 എന്നീ കെട്ടിടഭാഗങ്ങൾക്ക് മാത്രമാണ് ഉയർന്ന നിരക്ക് ചുമത്തിയത്) |

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് സമാന പരാമർശം ഉൾപ്പെടുത്തിയിട്ടും ഇത്തരം അപാകതകൾ ആവർത്തിക്കുന്നുണ്ട്. ക്രമ നം.1 ആയി ഉൾപ്പെടുത്തിയത് 2022 ജൂൺ മാസം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടമാണ്. മുൻവർഷത്തെ പിശകുകൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടുമില്ല (ക്രമ നം. 2, 3, 4 എന്നിവ മുൻവർഷങ്ങളിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ്).

കെട്ടിടങ്ങളുടെ ആകെ തറവിസ്തൃതിക്കനുസൃതമായി നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്ക് ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

**1-19 അനധികൃത നിർമ്മാണം - നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല**

നഗരത്തിൽ ധാരാളം അനധികൃത നിർമ്മാണങ്ങൾ ഉള്ളതായി പരിശോധനയിൽ കാണുന്നു. എന്നാൽ അനധികൃത നിർമ്മാണം നടത്തിയവർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ ശുഷ്കാന്തി പുലർത്തുന്നതായി കാണുന്നില്ല. ഒക്യുപ്പൻസിയെടുത്ത ശേഷം കെട്ടിടത്തിന്റെ ഘടനയിലോ

കൈവശ ഗണത്തിലോ വരുത്തുന്ന മാറ്റം പരിശോധിക്കാൻ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ - 2019, ചട്ടം 21 ൽ വ്യവസ്ഥ ചെയ്യുന്ന പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് കൃത്യമായി നടത്തപ്പെടുന്നില്ല.

നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, 2013-14 മുതൽ 2022-23 വരെ 137 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിൽ 32 എണ്ണത്തിൻമേലുള്ള നടപടി മാത്രമാണ് പൂർത്തിയായത്. അതായത് നഗരസഭ എൻജിനീയറിംഗ് വിഭാഗം കണ്ടെത്തി നടപടികൾ ആരംഭിച്ച 76.6 ശതമാനം അനധികൃത നിർമ്മാണങ്ങളും റഗുലറൈസ് ചെയ്യുകയോ പൊളിച്ച് നീക്കുകയോ ചെയ്യാതെ തുടരുകയാണ്. മറ്റ് അനധികൃത നിർമ്മാണങ്ങളുടെ നിലവിലെ സ്ഥിതി ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (37/17.01.24) നൽകിയതിന് അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി മുനിസിപ്പൽ എഞ്ചിനീയർ ലഭ്യമാക്കി.

അനധികൃത നിർമ്മാണമായി രേഖപ്പെടുത്തി യു/എ നമ്പർ നൽകപ്പെട്ട കെട്ടിടങ്ങളിൽ നിന്ന് കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 242 പ്രകാരമുള്ള അധിക നിരക്കിലുള്ള നികുതി ഈടാക്കപ്പെടുന്നു എന്നല്ലാതെ അവ പൊളിച്ച് നീക്കാൻ ആവശ്യമായ നടപടികൾ നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. അനധികൃത നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യുകയോ പൊളിച്ച് നീക്കുകയോ ചെയ്യാതെ തുടരുന്നത് നിയമലംഘനമാണ്.

നഗരസഭാ രേഖകളിൽ ഉൾപ്പെടാത്ത അനവധി അനധികൃത നിർമ്മാണങ്ങൾ ഉള്ളതായും ഓഡിറ്റിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ട്. നഗരസഭാ ഉദ്യോഗസ്ഥരായ ഓവർസിയർ, റവന്യൂ ഇൻസ്പെക്ടർ എന്നിവർ ഓഡിറ്റ് ടീമിന്റെ സാന്നിദ്ധ്യത്തിൽ ഡിവിഷൻ ഒൻപതിലെ ഏതാനം കെട്ടിടങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയുണ്ടായി.
എ) കെ.എം. വെജിറ്റബിൾസ് എന്ന വ്യാപാരസ്ഥാപനം പ്രവർത്തിക്കുന്ന 9/990, 991 എന്നീ കടമുറികൾക്ക് വടക്ക്, കിഴക്ക് വശങ്ങളിലായി പെർമിറ്റില്ലാതെ മേൽക്കൂര നിർമ്മിച്ചും പാർശ്വങ്ങൾ മറച്ചും വാണിജ്യാവശ്യത്തിനായി ഉപയോഗിച്ച് വരുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പാർക്കിംഗ് അടക്കമുള്ള വ്യവസ്ഥകൾ പാലിക്കാതെയാണ് ഈ നിർമ്മാണം നടന്നിട്ടുള്ളതെന്ന് കാണാം.

ബി) ശ്രീ. സുബേർ, കോട്ടക്കുഴിയുടെ ഉടമസ്ഥതയിൽ ഉള്ള പുരയിടത്തിൽ 9/686 എന്ന കെട്ടിടത്തിന്റെ തെക്ക് ഭാഗത്തായി 18.4 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും 55.2 ച.മീറ്റർ വിസ്തീർണ്ണത്തിൽ ജി.ഐ ഷീറ്റ്, പൈപ്പ് എന്നിവ ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. പെർമിറ്റില്ലാതെ നിർമ്മിച്ച ഈ ഭാഗത്തിന് വസ്തുനികുതിയും ഏർപ്പെടുത്തിയിട്ടില്ല. ഈ നിർമ്മാണത്തിൽ അതിരിൽ നിന്നുള്ള അകലം അടക്കമുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളും പാലിക്കപ്പെട്ടിട്ടില്ല.

അനധികൃത നിർമ്മാണങ്ങൾക്ക് മേൽ സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/16.1.2024) ലഭ്യമാക്കിയ മറുപടിയിൽ വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) ഒരു നഗരസഭാ ഉപസമിതിയുടെ നേതൃത്വത്തിൽ ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകി നഗരസഭയിൽ നിലവിലുള്ള എല്ലാ അനധികൃത നിർമ്മാണങ്ങളുടെയും വിവരശേഖരണം നടത്തേണ്ടതും അവയ്ക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2) എൻജിനീയറിംഗ് വിഭാഗം കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളുടെ വിസ്തീർണ്ണം, കൈവശ

ഗണം, ഉടമസ്ഥത, ഭൂമിയുടെ സർവ്വേ നമ്പർ മുതലായവ വിശദവിവരം അടങ്ങുന്ന റിപ്പോർട്ട് അടിയന്തിരമായി റവന്യൂ വിഭാഗത്തിന് കൈമാറേണ്ടതും അത് രജിസ്റ്ററിൽ ചേർത്ത് നഗരസഭ എൻജിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

3) എഞ്ചിനീയറിംഗ് വിഭാഗം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന അനധികൃത നിർമ്മാണങ്ങൾക്ക് വകുപ്പ് 242 പ്രകാരമുള്ള നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതും അവ റഗുലറൈസ് ചെയ്യാനാകാത്തപക്ഷം പൊളിച്ച് നീക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്.

4) ചട്ടം 21 ൽ വ്യവസ്ഥ ചെയ്യുന്ന പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് കൃത്യമായി നടത്തുന്നതിന് ഒരു സ്ഥിരം സംവിധാനം സജ്ജമാക്കേണ്ടതാണ്.

(അനധികൃത നിർമ്മാണങ്ങൾക്ക് നിയമാനുസൃതം നികുതി ഈടാക്കാത്തതിനാൽ നഗരസഭയ്ക്കുണ്ടായ വ്യക്തമായ നഷ്ടം സൂചിപ്പിക്കുന്ന ചില പരാമർശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്).

## 1-20 അനധികൃത നിർമ്മാണങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കുന്നില്ല - വരുമാനം നഷ്ടമാകുന്നു

നഗരസഭാ ഉദ്യോഗസ്ഥരായ ഓവർസിയർ, റവന്യൂ ഇൻസ്പെക്ടർ എന്നിവർ ഓഡിറ്റ് ടീമിന്റെ സാന്നിദ്ധ്യത്തിൽ നഗരസഭയിലെ 9, 15 എന്നീ വർഡുകളിൽ പരിശോധന നടത്തുകയുണ്ടായി. അതു പ്രകാരം ചുവടെ ചേർക്കുന്ന അനധികൃത നിർമ്മാണങ്ങൾക്ക് നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി.

1) **ഡിവിഷൻ 9** :- സുൾഫിക്കർ, പാപ്പാടിയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള 9/388, 389, 390 എന്നിങ്ങനെ നമ്പർ നൽകിയിട്ടുള്ള (പഴയത്- 11/ 38, 39, 40) കടമുറികൾ 2003 ന് മുമ്പ് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയവയാണ്. അസസ്മെന്റ് രേഖകൾ പ്രകാരം ഇവയുടെ മേൽക്കൂര ഓട് ആണ്. ഇവയുടെ നികുതി 2011-12 പ്രാബല്യത്തിൽ പരമാവധിയായ 100 ശതമാനം വർദ്ധനവിൽ പുതുക്കിയിട്ടുള്ളതാണ്. യഥാക്രമം 556 രൂപ, 904 രൂപ, 144 രൂപയാണ് ഇവയുടെ വസ്തുനികുതി. നിലവിൽ ഈ കടമുറികളുടെ സ്ഥാനത്ത് കോൺക്രീറ്റ് മേൽക്കൂരയോട് കൂടിയ ഇരുനിലക്കെട്ടിടമാണ് ഉള്ളത്. ഒരോ നിലയ്ക്കും 90.16 ച.മി (9.8X9.2) വീതം ആകെ 180.32 ച.മി. ആണ് കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം. കെട്ടിടത്തിന് വ്യക്തമായ ഘടനാമാറ്റം വന്നിട്ടുണ്ടെങ്കിലും പുതിയ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടില്ല. നഗരസഭയിൽ നിന്ന് പെർമിറ്റ് എടുക്കാതെയാണ് കെട്ടിടം പൊളിച്ച് പണിതത് എന്നും പരിശോധനയിൽ വ്യക്തമായി.

ഇവയുടെ വസ്തു നികുതി പുതുക്കി നിശ്ചയിക്കാതിരുന്നതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

തറവിസ്തീർണ്ണം – 180.32ച.മി.
2022-23 ൽ ബാധകമായ വസ്തുനികുതി നിരക്ക് – 80രൂപ/ച.മി.
ബാധകമായ വാർഷിക വസ്തു നികുതി (180.32x80) – 14426 രൂപ
സമിപസ്ഥ റോഡിന്റെ വീതിക്കനുസൃതമായി വർദ്ധനവ്- 2885 രൂപ (20%)
ഈടാക്കേണ്ട വാർഷിക വസ്തു നികുതി (14426 +2885) – 17311 രൂപ
അനധികൃത നിർമ്മാണമാകയാൽ വകുപ്പ് 242 പ്രകാരം ബാധകമായ വസ്തുനികുതി = 17311x 3 = 51933 രൂപ
ഈടാക്കുന്ന നികുതി – 1604 രൂപ
നികുതിയിലെ കുറവ് – 50329 രൂപ

2) **ഡിവിഷൻ 15** :- അബൂബക്കർ സിദ്ദിഖ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള ജ്യൂവൽ ഗേറ്റ് എന്ന, വാഹനങ്ങൾ പണം നൽകി പാർക്ക് ചെയ്യുന്ന സ്ഥാപനവും കടമുറിയും പ്രവർത്തിക്കുന്ന നിർമ്മിതിക്ക് പെർമിറ്റ് എടുക്കുകയോ വസ്തുനികുതി അടക്കുകയോ ചെയ്തിട്ടില്ല. റയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് 39 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും ആകെ 585 ച.മീ ഭാഗമാണ് ജി.ഐ

പൈപ്പ്, ഷീറ്റ് എന്നിവയുപയോഗിച്ച് മേൽക്കൂര നിർമ്മിച്ചും പാർശ്വങ്ങൾ മറച്ചും അനധികൃതമായി നടത്തിയ നിർമ്മാണത്തിൽ 39.6 ച.മി. ഭാഗം കടമുറിയായും (13.2 മീ. X3മീ.) ബാക്കി 545.4 ച.മീ. ഭാഗം പാർക്കിംഗിനും ഉപയോഗപ്പെടുത്തിവരുന്നു. ഇതിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തത് വഴി നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

തറവിസ്തീർണ്ണം – 585 ച.മി.

2022-23 ൽ ബാധകമായ വസ്തുനികുതി നിരക്ക് – 80രൂപ/ച.മി.

ബാധകമായ വാർഷിക വസ്തു നികുതി (585x80) – 46800 രൂപ

സമീപസ്ഥ റോഡിന്റെ വീതിക്കനുസൃതമായി വർദ്ധനവ്- 9360 രൂപ (20%)

ഈടാക്കേണ്ട വാർഷിക വസ്തു നികുതി (46800 +9360) – 56160 രൂപ

അനധികൃത നിർമ്മാണമാകയാൽ വകുപ്പ് 242 പ്രകാരം ബാധകമായ വസ്തുനികുതി = 56160 X 3 = 168480 രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/18.01.24) യു/എ ആയി അസസ്സ് ചെയ്ത് റിപ്പോർട്ട് നൽകുന്നതാണെന്ന മറുപടിയാണ് ലഭ്യമായത്. പ്രസ്തുത അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യാനാകാത്തതെങ്കിൽ പൊളിച്ച് നീക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-21 പാർപ്പിടാവശ്യ കെട്ടിടത്തിൽ വാണിജ്യസംരംഭം നടത്തുന്നു - നഗരസഭയ്ക്ക് ഭീമമായ വരുമാന നഷ്ടം**

നഗരസഭ പരിധിയിലുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങൾ നഗരസഭയുടെ അറിവോ അനുമതിയോ ഇല്ലാതെ തരം മാറ്റുന്നതും അപ്രകാരം ചെയ്യുന്നവർക്കെതിരെ നഗരസഭ നടപടികൾ സ്വീകരിക്കാത്തതും നഗരസഭക്ക് വലിയ വരുമാന നഷ്ടമുണ്ടാക്കുന്നുണ്ട്.

നഗരസഭയുടെ 4-ാം വാർഡിൽ പാർപ്പിടാവശ്യ കെട്ടിടമെന്ന നിലക്ക് വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ഒരു കെട്ടിടം വർഷങ്ങളായി വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ.

4-ാം വാർഡിൽ, കുൽസുമ്മ, കയ്യാലക്കൽ, കായംകുളം എന്നയാളുടെ ഉടമസ്ഥതയിലുള്ള 9/39 നമ്പർ കെട്ടിടം (പഴയ അസസ്മെന്റ് പ്രകാരമുള്ള നമ്പർ) പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ വസ്തുനികുതി ചുമത്തപ്പെട്ട കെട്ടിടമാണ്. അസസ്മെന്റ് രജിസ്റ്റർ പ്രകാരം 41/- രൂപ മാത്രമാണ് ഈ കെട്ടിടത്തിന്റെ വസ്തുനികുതി. ഈ കെട്ടിടത്തിന്റെ വസ്തുനികുതി പരിഷ്കരണം നാളിതുവരെയും നടന്നിട്ടില്ല. കെട്ടിടത്തിന്റെ വിശദാംശവും നിലവിലെ അവസ്ഥയും സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് നല്കാൻ സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.25/തീയതി-16-01-2024) നല്കിയിരുന്നു. ആയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ, നിലവിൽ താഴത്തെ നില, ഒന്നാം നില, ഒന്നാം നിലക്കുമുകളിലുള്ള ട്രസ്സ് വർക്ക് ചെയ്ത രണ്ടാം നില എന്നിങ്ങനെ നിർമ്മാണം പൂർത്തീകരിച്ച ടി കെട്ടിടം ഹോട്ടലായി പ്രവർത്തിച്ചു വരികയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. NH 66 ന് വേണ്ടി പണി പൂർത്തീകരിച്ച ഓടയുടെ മുകൾ ഭാഗം വരെ അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായും, ഈ കെട്ടിടം UA ആയി വസ്തുനികുതി നിർണ്ണയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടു പ്രകാരം കെട്ടിടത്തിന്റെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നില | വിസ്തൃതി (ച.മീ.) |
|---|---|
| താഴത്തെ നില | 162.2 |
| ഒന്നാം നില | 151.7 |

| | |
|---|---|
| രണ്ടാം നില<br>(ഒന്നാം നിലക്കു മുകളിലുള്ള ട്രസ്സ് വർക്ക് ഏരിയ) | 151.7 |
| ആകെ | 465.6 |

നഗരസഭയിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 80/- രൂപയാണ്. UA എന്ന നിലക്ക് അസസ്സ് ചെയ്തിരുന്നെങ്കിൽ ആകെ 465.6 ച. മീറ്റർ വിസ്തൃതിയുള്ള ഈ കെട്ടിടത്തിന് ചുവടെ ചേർക്കും വസ്തു നികുതി ഈടാക്കേണ്ടിയിരുന്നു.

അടിസ്ഥാന വസ്തു നികുതി 465.6 X 80 = 37248

റോഡു വിസ്തൃതിക്കനുസൃതമായ വർദ്ധനവ് 20% സഹിതമുള്ള നികുതി 37248 + 20% = 44698

UA ആയതിനാൽ ഈടാക്കേണ്ടുന്ന നികുതി = 44698 X 3 = 134094/-

സേവന ഉപനികുതിയിനത്തിൽ ഈടാക്കേണ്ട തുക = 134094 X 10% = 13410/-

വസ്തുനികുതി, സേവന ഉപനികുതി എന്നീ ഇനങ്ങളിലായി പ്രതിവർഷം നഗരസഭയ്ക്കു കിട്ടേണ്ടുന്ന തുക = ₹1,47,504/-

ലൈബ്രറി സെസ് = 134094 X 5% = 6705/-

എന്നാൽ യഥാസമയം പരിശോധന നടത്തി കെട്ടിടം അനധികൃത നിർമ്മാണമായി പരിഗണിച്ച് നികുതി നിർണ്ണയം നടത്താത്തതുമൂലം നഗരസഭക്കും ലൈബ്രറി കൌൺസിലിനും വൻ തുക നഷ്ടമുണ്ടായിട്ടുണ്ട്.

എത്രയും വേഗം ടി കെട്ടിടം UA ആയി പരിഗണിച്ച് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പാർപ്പിടാവശ്യകെട്ടിടമെന്ന നിലക്ക് ഒക്യുപൻസി നിലനിർത്തി ഉപയോഗക്രമം മാറ്റിയിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിക്കുന്ന ഒരു സമഗ്ര സർവ്വെ നടത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-22 നഗരപരിധിയിൽ അനേകം അനധികൃത മൊബൈൽ ടവറുകൾ - വസ്തുനികുതിയിനത്തിൽ നഗരസഭക്ക് വൻ നഷ്ടം**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 233 2(എ) (lv) പ്രകാരം മൊബൈൽ ടെലിഫോൺ ടവറിനായി ഉപയോഗിക്കപ്പെടുന്ന കെട്ടിടങ്ങളും കെട്ടിടഭാഗങ്ങളും വസ്തുനികുതിക്ക് വിധേയമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നഗരസഭ വസ്തുനികുതി ചട്ടങ്ങളും അനുബന്ധ വിജ്ഞാപനങ്ങളും പ്രകാരം മൊബൈൽ ടവറുകൾക്കും അനുബന്ധ കെട്ടിടങ്ങൾക്കും വസ്തുനികുതി ചുമത്തേണ്ടതുണ്ട്. എന്നാൽ കായംകുളം നഗരസഭ പരിധിയിൽ സ്ഥാപിക്കപ്പെട്ട മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ നഗരസഭ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിരവധി ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ വസ്തുനികുതി ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ലായെന്നു കാണുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/RC2/2014/LSGD -ാം നമ്പർ സർക്കുലർ പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് നഗരസഭ സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും, മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തേണ്ടതുമാണെന്ന് ശുപാർശ ചെയ്തിരുന്നു. എന്നാൽ നാളിതുവരെ അതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം മൊബൈൽ ടവറിന്റെ മുഴുവൻ ഭാഗങ്ങൾക്കും വസ്തുനികുതി ചുമത്തപ്പെടുന്നുണ്ടോയെന്നും പരിശോധിച്ചുറപ്പാക്കിയിട്ടില്ല.

നഗരസഭയിലെ മുഴുവൻ വാർഡുകളിലും ഫീൽഡു തല ഉദ്യോഗസ്ഥർ മുഖാന്തിരം പരിശോധന നടത്തി, നഗരത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അനധികൃത മൊബൈൽ ടവറുകളുടെയും വിശദാംശം

ലഭ്യമാക്കണമെന്ന ഓഡിറ്റ് എൻക്വയറിയുടെ (നം. 6/10.01.2024) അടിസ്ഥാനത്തിൽ ഫീൽഡ് തല പരിശോധന നടത്തി ചുവടെ ചേർക്കുന്ന 15 അനധികൃത മൊബൈൽ ടവറുകൾ നഗരസഭ പരിധിയിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം. | സർവ്വീസ് പ്രൊവൈഡറുടെ പേര് | ടവർ സ്ഥിതി ചെയ്യുന്ന സ്ഥല ഉടമയുടെ പേര് | വാർഡ് നം. |
|---|---|---|---|
| 1 | ഇൻഡസ് | ആമിന, വീട്ടിലയ്യത്ത് | 2 |
| 2 | ഇൻഡസ് | ലേഖ, ഇടിയിലേത്ത്, എരുവ | 7 |
| 3 | ഇൻഡസ് | മുരളീധരൻ പിള്ള, വെളിയിൽ കൊച്ചയ്യത്ത് | 14 |
| 4 | BSNL | സാറാമ്മ, സഖറിയ, കാങ്കാലിൽ | 15 |
| 5 | ATC | നസീർകുഞ്ഞ്, നാടാലക്കൽ | 15 |
| 6 | തിരിച്ചറിഞ്ഞിട്ടില്ല | ന്യൂ ഹോട്ടലിന് മുകൾ വശം | 30 |
| 7 | ഇൻഡസ് | ടവർ ID 1022183, ഐസക്ക് പട്ടാണിപറമ്പിൽ | 31 (സമീപ കെട്ടിടം 31/297) |
| 8 | തിരിച്ചറിഞ്ഞിട്ടില്ല | തിരിച്ചറിഞ്ഞിട്ടില്ല | 31 |
| 9 | ഇൻഡസ് | തിരിച്ചറിഞ്ഞിട്ടില്ല | 35 |
| 10 | ജിയോ | AHM ഹുസൈൻ ബിൽഡിംഗിന് മുകളിൽ ഹുസൈൻ, മാളിയേക്കൽ | 37 (സമീപ കെട്ടിടം37/1UA) |
| 11 | എയർടെൽ | ജബ്ബാർകുട്ടി, കൊപ്പാറയിൽ | 40 (സമീപ കെട്ടിടം40/201) |
| 12 | എയർടെൽ | ബിജു പി വിജയൻ വിജയഭവനം | 44 (സമീപ കെട്ടിടം 44/373) |
| 13 | ജിയോ | സോമശേഖരൻ, ഓമന അഭിൽ നിവാസ് | 30 |
| 14 | എയർടെൽ | ജോൺ തോമസ്, കുന്നേൽ വീട് | 31 (സമീപ കെട്ടിടം 31/150) |
| 15 | ഇൻഡസ് | സീന രേവതി | 35 (സമീപ കെട്ടിടം 35/425) |

ടവർ നിർമ്മാണം സംബന്ധിക്കുന്ന പെർമ്മിറ്റ് / ഇന്റിമേഷൻ വിവരങ്ങളോ, പൂർത്തീകരിച്ചത്

സംബന്ധിക്കുന്ന വിവരങ്ങളോ വസ്തു ഉടമകൾ നഗരസഭയിൽ ലഭ്യമാക്കുകയോ, ടി അനധികൃത മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്തതായി നഗരസഭാ രേഖകളിൽ കാണുന്നില്ല.

ടി മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ടി സർക്കുലറിൽ അനുശാസിക്കും പ്രകാരമുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിതികൾ നഗരസഭയിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ടി വിഷയത്തിലേയ്ക്ക് ധനകാര്യ സ്ഥിരം സമിതിയുടെ അടിന്തര ശ്രദ്ധ ക്ഷണിക്കുന്നു.

**1-23 വസ്തുനികുതി - വാർഷിക കണക്കുകൾ പ്രകാരം 2.86കോടി രൂപയുടെ കുടിശ്ശിക - നഗരസഭക്ക് 4.454 ലക്ഷം രൂപ നഷ്ടമായി**

വാർഷിക കണക്കുകൾ പ്രകാരം നഗരസഭയുടെ പ്രധാന വരവിനമായ വസ്തുനികുതിയിൽ 2.86 കോടി രൂപ കുടിശ്ശിക പിരിച്ചെടുക്കുവാനവശേഷിക്കുന്നു. ഈ കുടിശ്ശിക വിവരങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2021-22 | 2022-23 |
|---|---|---|
| വസ്തുനികുതി (തൻവർഷ കുടിശ്ശിക) | 18572884 | 15993501 |
| സേവനഉപനികുതി (തൻവർഷ കുടിശ്ശിക) | 4790 | 999636 |
| വസ്തുനികുതി (മുൻവർഷ കുടിശ്ശിക) | 6877508 | 12700985 |
| സേവനഉപനികുതി (മുൻവർഷ കുടിശ്ശിക) | 3377 | 472565 |

വസ്തുനികുതി ഡിമാൻഡ് വിവരം ചുവടെ ചേർക്കും പ്രകാരമാണ്.

| വസ്തുനികുതി ഡിമാൻഡ് | 2021-22 | 2022-23 |
|---|---|---|
| വസ്തുനികുതി (I-1) | 3,86,00,000 | 38635520 |
| സേവന ഉപനികുതി (I-1) | 4403733* | 3863552 |

കണക്കുകൾ പ്രകാരം വസ്തുനികുതി പിരിവ് 41.39 ശതമാനം മാത്രമാണ്.

(ഡിമാൻഡിൽ തന്നെ പിശകുണ്ട്)

കണക്കിൽ കുടിശ്ശിക കൂടുതലായി കാണപ്പെടാൻ കാരണങ്ങളിൽ പ്രധാനം ഡേറ്റാ ബേസിലുണ്ടായ ഇരട്ടിപ്പാണ്. നിലവിലുണ്ടായിരുന്ന വസ്തുനികുതി ചട്ടങ്ങളെ അതിലംഘിച്ചുകൊണ്ട് 2011 - ൽ വസ്തുനികുതി ചട്ടങ്ങളും 2013 – ൽ വസ്തുനികുതി ഭേദഗതി ചട്ടങ്ങളും സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം വാർഷിക വാടകമൂല്യം അടിസ്ഥാനമാക്കിയുള്ള നികുതി നിർണ്ണയ രീതി 01.04.2013 ന് ശേഷം നിലവിലില്ല. പകരം പ്ലിന്ത് ഏരിയായും കെട്ടിടത്തിനുള്ള അധിക സൗകര്യങ്ങളുമാണ് നികുതി നിർണ്ണയത്തിന് ബാധകമാകുക. എന്നാൽ കായംകുളം നഗരസഭ 1994 – ലെ വാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിച്ച് പോന്നത്. 44 വാർഡുകളുടെ അടിസ്ഥാനത്തിൽ വാർഡ് വിഭജനം നടത്തിയെങ്കിലും നമ്പർ നൽകിയിരുന്നില്ല. 2019 – ൽ മാത്രമാണ് ഇപ്രകാരം 44 വാർഡുകളുടെ അടിസ്ഥാനത്തിലുള്ള നമ്പർ നൽകൽ പൂർത്തീകരിച്ചത്. ആയതിനാൽ 2013 മുതലുള്ള പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളെ പോലും സഞ്ചയയിൽ ഉൾപ്പെടുത്തിയില്ല. അതായത് 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിലെ നികുതി നിർണ്ണയങ്ങൾ യഥാസമയം സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞില്ല. 06.03.2019 ലെ സർക്കാർ ഉത്തരവ്(സാധാ) നം.540/2019/ത.സ്വ.ഭ.വ. പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ (01.04.2013 ന് മുൻപ് പൂർത്തീകരിച്ച് നികുതി ചുമത്തിയവ) വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാബല്യതീയതി 01.04.2016 ആയി നിശ്ചയിച്ചിരുന്നു. മേൽ ഉത്തരവിന്റെ ഖണ്ഡിക നം.7 പ്രകാരം വസ്തുനികുതി പരിഷ്കരണം

പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം, ഡേറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2013 അടിസ്ഥാനമാക്കി കെട്ടിടങ്ങൾക്ക് നമ്പർ നൽകി ഡേറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ, ഡിജിറ്റൽ ഒപ്പ് വക്കൽ നടപടികൾ നടന്നുവരുന്നുണ്ടെങ്കിലും സർക്കാർ നിർദ്ദേശം സമയബന്ധിതമായി പാലിക്കുവാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി പൂർത്തീകരിച്ച് വെരിഫിക്കേഷൻ അംഗീകാരം നൽകിയ കെട്ടിടങ്ങളുടെ എണ്ണം വളരെ കുറവാണ്. ഡേറ്റാ എൻട്രി പൂർത്തീകരിച്ചവ, വെരിഫിക്കേഷൻ പൂർത്തീകരിച്ചവ എന്നീ നിലകളിലാണ് ഭൂരിഭാഗം കെട്ടിടങ്ങളുടെയും അവസ്ഥ. കെട്ടിടങ്ങളുടെ എണ്ണത്തിൽ ഇരട്ടിപ്പ് വന്നിട്ടുള്ളതായി കരുതുന്നു. നിലവിൽ KSMART എന്ന പുതിയ പ്ലാറ്റ്ഫോമിലേക്ക് ഡേറ്റാ പോർട്ട് ചെയ്യുന്ന നടപടികൾ നടക്കുന്നതിനാൽ സഞ്ചയയിലെ വിവരങ്ങളുടെ തൽസ്ഥിതി റിപ്പോർട്ട് ചെയ്യാനായിട്ടില്ല.

ആകയാൽ പകുതിയിലേറേ വസ്തുനികുതി കുടിശ്ശികയാണ് എന്ന നഗരസഭയുടെ കണക്കുകൾ യഥാർത്ഥ്യമല്ല. വസ്തുനികുതി കണക്കുകൾ കൃത്യമാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**<u>വാർഷിക കണക്കുകളിലെ കുടിശ്ശിക – നഗരസഭക്ക് 4.454 ലക്ഷം രൂപ നഷ്ടമായി</u>**

ആറാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം തനത് വരുമാന ഇനങ്ങളിൽ 90 ശതമാനം പിരിവ് എന്ന നേട്ടം കൈവരിക്കാത്ത പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവക്ക് 2022-23 വർഷം നൽകുവാനുള്ള പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ബജറ്റ് അലോക്കേഷന്റെ ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു (സ.ഉ (കൈ)179/2022/ഫിൻ തീയതി 18.10.2022) ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത 90% പിരിവ് കൈവരിക്കാതിരുന്ന കായംകുളം നഗരസഭയുടെ വികസനഫണ്ട് വിഹിതമായ 44540000/- രൂപയിൽ നിന്നും 1% തുകയായ 445400/- രൂപ കിഴിവ് ചെയ്തിട്ടുണ്ട് (സ.ഉ(സാധാ)1049/2023/fin/13.02.23).

നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി എന്നീ തനത് വരുമാന ഇനങ്ങളിൽ വലിയ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്താതിരുന്നത് തെറ്റായി ഡിമാൻഡ് പ്രതിഫലിപ്പിക്കുന്നതിനിടയായി. ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്താത്തതും കുടിശ്ശിക പിരിവിന് ഊർജ്ജിത ശ്രമങ്ങൾ നടത്താതിരുന്നതും കാരണം നഗരസഭക്ക് 4.45 ലക്ഷം രൂപ നഷ്ടമായി.

**<u>1-24 നഗരസഭയിൽ ലൈസൻസില്ലാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>**

1994 ലെ മുനിസിപ്പാലിറ്റി നിയമം, 2011-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ (447 മുതൽ 492 വരെ) എന്നിവ പ്രകാരം നഗരസഭയുടെ ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും നഗരസഭാ പരിധിയിലുള്ള സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ലായെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.
എന്നാൽ കായംകുളം നഗരസഭയുടെ വിവിധ വാർഡുകളിൽ നടക്കുന്ന വ്യാപാരങ്ങൾ പൂർണ്ണമായും നഗരസഭയുടെ അനുമതിയോട് കൂടിയാണെന്നുറപ്പിക്കുന്നതിൽ നഗരസഭ പരാജയപ്പെടുന്നുണ്ട്. നഗരസഭയിലെ ലൈസൻസ് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2) ബിൽഡിംഗ് മെറ്റീരിയലുകളായ എം.സാന്റ്, പി.സാന്റ്, മെറ്റൽ, ചിപ്സ് എന്നിവ സ്റ്റോക്ക് ചെയ്ത് ചില്ലറ

വിൽപ്പന ചെയ്യുന്ന യാർഡുകൾ, പച്ചക്കറി, പൂ ചെടികളുടെ നഴ്സറി, തടി സ്റ്റോക്ക് ചെയ്യുന്ന തുറസ്സായ പുരയിടങ്ങൾ, പേ ആൻഡ് പാർക്ക് യാർഡുകൾ എന്നീ വ്യാപാരങ്ങളിൽ ഭൂരിഭാഗവും ലൈസൻസോട് കൂടിയല്ല പ്രവർത്തിക്കുന്നത്.

3) നഗരസഭയിലെ വാർഡ് തിരിച്ചുള്ള ലൈസൻസ് രജിസ്റ്ററുകൾ പ്രകാരം ആകെ 2166 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ രജിസ്റ്ററുകൾ ഒന്നും തന്നെ ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) നഗരസഭയുടെ ഹെൽത്ത് വിഭാഗം ഓഡിറ്റിന് നൽകിയ ലിസ്റ്റ് പ്രകാരം 2022-23 ൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2083 എണ്ണം മാത്രമാണ്. മുൻ വർഷങ്ങളിലെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും, 2020-21 ൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളേക്കാൾ കുറവ് സ്ഥാപനങ്ങളാണ് 2022-23 ൽ ലൈസൻസ് എടുത്തതെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം. | 2020-21ൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | 2022-23ൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | കുറവ് |
|---|---|---|---|---|
| 1 | 36 | 541 | 454 | 87 |
| 2 | 38 | 37 | 24 | 13 |
| 3 | 29 | 20 | 14 | 6 |
| 4 | 25 | 67 | 28 | 39 |

രണ്ട് വർഷത്തിനുള്ളിൽ നിരവധി വാണിജ്യാവശ്യകെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കുകയും നിരവധി സ്ഥാപനങ്ങൾ പുതിയതായി ലൈസൻസ് എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും മുൻവർഷങ്ങളിൽ നിന്നും തൻവർഷം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ഇതിൽ നിന്നും വളരെയധികം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാകുന്നു.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.52/19.1.2024) നല്കിയതിനു മറുപടിയായി വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തലത്തിലുള്ള സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതു മൂലം ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി, സ്ഥാപന നികുതി, വസ്തുനികുതി എന്നിവ ഒടുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയാതെ പോകുന്നു. ഇത് തനതു വരുമാനത്തിൽ ഗണ്യമായ നഷ്ടം സംഭവിക്കുന്നതിനിടയാക്കുമെന്നതിനാൽ ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 അനധികൃത തടി വ്യാപാരം - നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

നഗരസഭയുടെ പതിനഞ്ചാം വാർഡിൽ റെയിൽവ്വേ സ്റ്റേഷനു സമീപമുള്ള തുറസായ സ്ഥലത്ത്, അനീഷ് രാജൻ, വൈദ്യൻ വീട്ടിൽ തറയിൽ എന്നയാൾ ലൈസൻസ് ഇല്ലാതെ തടി സ്റ്റാക്ക് ചെയ്ത് വ്യാപാരം നടത്തുന്നതായി സുലൈമാൻ, വേലിക്കകത്ത്, എന്നയാൽ 20.1.2024ൽ ഓഡിറ്റിൽ പരാതി നല്കുകയുണ്ടായി. ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.54 / 20.01.2024) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, അനീഷ് രാജൻ എന്നയാൾ നഗരസഭയുടെ ലൈസൻസ് കൂടാതെ പതിനഞ്ചാം വാർഡിൽ തടി വ്യാപാരം നടത്തുന്നതായി കണ്ടെത്തുകയും കേരളാ മുനിസിപ്പൽ ആക്ട് സെക്ഷൻ 447 പ്രകാരം നിയമാനുസൃത വ്യാപാര

ലൈസൻസ് കരസ്ഥമാക്കണമെന്ന് രേഖപ്പെടുത്തി 19.1.2024 ൽ ടിയാന് നോട്ടീസ് നല്കിയതായും വ്യക്തമാകുന്നു.

ശ്രീ. സുലൈമാന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിവരം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന്റെ തൊട്ടു തലേദിവസം വരെ വിഷയം നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽപ്പെടാതിരുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. വിഷയത്തിൽ അടിയന്തര നടപടി സ്വീകരിച്ച് നഗരസഭാ പരിധിയിൽ ഇപ്രകാരം ലൈസൻസില്ലാതെ വ്യാപാരം നടത്തുന്ന എല്ലാവരുടെയും വിവരങ്ങൾ ശേഖരിച്ച് അവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-26 സസ്യമർക്കറ്റ് കെട്ടിടം - മുറികൾ വാടകയ്ക്ക് കൊടുക്കാനായില്ല, നഗരസഭക്ക് ബാദ്ധ്യതയേറുന്നു**

കായംകുളം നഗരസഭ 4.738 കോടി രൂപ കടമെടുത്തും 1.5 കോടിയിലധികം രൂപയുടെ വിവിധ ഗ്രാന്റുകൾ വിനിയോഗിച്ചും നിർമ്മിച്ച സസ്യമാർക്കറ്റ് കെട്ടിടം വാടകയ്ക്ക് നൽകാനാകാതെ കിടക്കുന്നത് നഗരസഭക്ക് വലിയ സാമ്പത്തിക ബാദ്ധ്യതയാണ് സൃഷ്ടിക്കുന്നത്. ഉപയോഗിക്കാതെ കിടക്കുന്നത് നിമിത്തം കെട്ടിടം നാശോൻമുഖാവസ്ഥയിലുമാണ്.

കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി 2022-23 ൽ 9.5 ലക്ഷം രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതുൾപ്പെടെ സസ്യമാർക്കറ്റ് കെട്ടിടത്തിന് നാളിതുവരെ 6.25 കോടി രൂപ വിനിയോഗിക്കപ്പെട്ടു കഴിഞ്ഞു. 2018 ൽ സിവിൽ വർക്കുകൾ പൂർത്തിയാക്കി ഒക്യുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടത്തിലെ ഭൂരിഭാഗം കടമുറികളും വാടകയ്ക്ക് നൽകാനാവാതെ തുടരുകയാണ്. വിവിധ കോടതി വ്യവഹാരങ്ങൾ നിമിത്തം വാടകയ്ക്ക് നൽകപ്പെട്ടവയുടെ പോലും വാടക ലഭിക്കുന്നുമില്ല.

ഈ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനായി ടെൻഡർ നൽകപ്പെട്ട ലിൻസ്റ്റ സർവ്വീസ് 2020 ഏപ്രിലിൽ പണി പൂർത്തിയാക്കിയതാണ്. 30,35,254/- രൂപ ആകെ മൂല്യം നിർണ്ണയിച്ച പ്രവൃത്തിക്ക് 20,40,966/- രൂപ 2020 ൽ ഒന്നാം പാർട്ട് ബിൽ ആയി അനുവദിച്ചിരുന്നു. ബാക്കിയുള്ള 9,94,288/- രൂപ തനത് ഫണ്ടിൽ നിന്ന് നൽകാൻ 06.06.2022 ൽ നഗരസഭ കൌൺസിൽ തീരുമാനിച്ചെങ്കിലും (തീരുമാനം നം. 18) ആ തീരുമാനം നടപ്പാക്കിയില്ല. ബാക്കിനിന്ന 9,94,288/- രൂപയിൽ 9,50,000/- രൂപ മാത്രമാണ് 2022-23 ൽ നൽകിയത്. തനത് ഫണ്ടിന് പകരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് ഇതിനായി വിനിയോഗിച്ചത്. ഇതിന്റെ കാരണവും വ്യക്തമല്ല. (പ്രോജക്റ്റ് നം. S0523/23; അടങ്കൽ, ചെലവ് - 9,50,000 രൂപ, സി.എഫ്.സി ഗ്രാന്റ്; ബിൽ നം. 631/16.3.23) ബാക്കി തുകയായ 44,288/- രൂപ കരാറുകാർക്ക് ഇനിയും നൽകാനുണ്ട്.

4.738 കോടി രൂപ കേരള നഗര - ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് വായ്പയെടുത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ പലിശയിനത്തിൽ 1.73 കോടി രൂപ നഗരസഭ 31.12.2023 വരെ ഒടുക്കിയിട്ടുണ്ട്. ഇപ്രകാരം ഏകദേശം എട്ട് കോടി രൂപയോളം നഗരസഭ സസ്യമാർക്കറ്റിനായി മുടക്കികഴിഞ്ഞു. എന്നിട്ടും കടമുറികളിൽ ഭൂരിഭാഗവും വാടകയ്ക്ക് നൽകാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

സസ്യമാർക്കറ്റ് കെട്ടിടത്തിൽ നിലവിലുള്ള 67 മുറികളിൽ താഴത്തെ നിലയിൽ 13 കടമുറികളും ഒന്നാം നിലയിൽ ഒരു കടമുറിയും മാത്രമാണ് വാടകക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ തന്നെ സ്റ്റെയറിന് താഴെയായുള്ള രണ്ട് മുറികൾ ഒഴികെ ഒന്നിനും വാടക ലഭിക്കുന്നില്ല. വാടകയ്ക്ക് നൽകപ്പെട്ട പതിമൂന്നിൽ ഒൻപതെണ്ണം, പഴയ സസ്യമാർക്കറ്റിൽ വ്യാപാരം ചെയ്തിരുന്നവരും അത് പൊളിച്ച് നീക്കിയപ്പോൾ നഗരസഭയുമായി കരാർ വച്ച് ഒഴിഞ്ഞ് പോയവരും ആയവർക്ക് പുനരധിവാസം എന്ന നിലയിൽ

അനുവദിക്കപ്പെട്ടതുമാണ്. ഇതിൽ കടമുറി നം.768 (20 ലക്ഷം രൂപ) 776, 782 (11 ലക്ഷം രൂപ വീതം), 790, 800 (10 ലക്ഷം രൂപ വീതം) എന്നിവയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായി ലഭിച്ചിട്ടുണ്ട്. 769, 773, 779, 781, കടമുറികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഭാഗികമായി മാത്രമേ അടച്ചിട്ടുള്ളൂ. ലേലത്തിൽ പോയ 775, 788, 789 നമ്പർ കടമുറികളിൽ 788 ന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റായ 18.1 ലക്ഷം രൂപയിൽ 9.3 ലക്ഷം രൂപ മാത്രമാണ് ഒടുക്കിയത്.

പഴയ സസ്യമാർക്കറ്റ് കെട്ടിടത്തിലെ ലൈസൻസികൾ ആയിരുന്നവർക്ക് പുതിയ കെട്ടിടത്തിൽ മുറികൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കായംകുളം മുനിസിഫ് കോടതിയിലും, ബഹു. കേരള ഹൈക്കോടതിയിലും നിലനിൽക്കുന്ന വിവിധ കേസുകൾ നിമിത്തമാണ് വാടക പിരിച്ചെടുക്കാൻ കഴിയാത്തതെന്ന് നഗരസഭ വ്യക്തമാക്കി. കടമുറികൾ വാടകയ്ക്ക് എടുത്തവർ തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റോ വാടകയോ നൽകാതെ വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ് (WP(C) 18873/20). ലൈസൻസികളുമായുള്ള തർക്കത്തിലെ പ്രധാന വിഷയം ഉയർന്ന സെക്യൂരിറ്റി ഡെപ്പോസിറ്റാണ്. 6.25 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ ആകെ സെക്യൂരിറ്റി ഡെപ്പോസിറ്റായി നിശ്ചയിക്കപ്പെട്ടത് 6.55 കോടി രൂപയാണ്. ഇത് യുക്തിസഹമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയിരുന്നില്ല എന്നത് വ്യക്തമാണ്.

സസ്യമാർക്കറ്റ് കെട്ടിടം വാടകയ്ക്ക് നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശകലനം ചെയ്തും നിവാരണമാർഗ്ഗങ്ങൾ നിർദ്ദേശിച്ചും വിശദമായ ഖണ്ഡിക 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു (ഖ.1-23). ഈ റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന സമയത്തിന് ശേഷം (അതായത് 2023 ഫെബ്രുവരിക്ക് ശേഷം) സസ്യമാർക്കറ്റിലെ കടമുറികൾ ലേലത്തിൽ നൽകാൻ നഗരസഭ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ടെന്നും അതിനാലാണ് നടപടികൾ വൈകുന്നത് എന്നുമുള്ള മറുപടിയാണ് നഗരസഭ ലഭ്യമാക്കിയത്. സസ്യമാർക്കറ്റിന് വടക്ക് ഭാഗത്ത് പ്രവർത്തന തടസ്സം സൃഷ്ടിക്കുന്ന താൽക്കാലിക സ്റ്റാളുകൾ പൊളിച്ച് നീക്കുന്നതിനായി ഇതിൻമേൽ നിലവിലുള്ള സ്റ്റേ ഒഴിവാക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയിൽ വസ്തുതാ വിവരണ പത്രിക ഫയൽ ചെയ്തതായും സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കി.

കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചത് 2023 മെയ് മാസത്തിലാണ്. തുടർന്ന് ലൈസൻസികളോട് മുറികളിലേക്കുള്ള വൈദ്യുതി ബന്ധം ഏർപ്പെടുത്താൻ ആവശ്യപ്പെട്ടെങ്കിലും പുനരധിവാസം ലഭിച്ച ലൈസൻസികൾ അതിന് തയ്യാറായിട്ടില്ല. ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ, പുനരധിവാസം അനുവദിക്കപ്പെട്ടിട്ടുള്ളവരുടേയും കടമുറികൾ ലേലത്തിൽ എടുത്തവരുടേയും യോഗം 29.9.2023 ലും തുടർന്ന് 25.10.2023 ലും കൂടുകയുണ്ടായി. ഈ ചർച്ചകളിലെല്ലാം ഉയർന്ന സെക്യൂരിറ്റി ഡെപ്പോസിറ്റാണ് ഈ കക്ഷികൾ പ്രധാന എതിർപ്പായി ഉയർത്തിക്കാട്ടിയത് എന്നും അത് പകുതിയായി കുറച്ച് നൽകാൻ ആവശ്യപ്പെട്ടു എന്നും സെക്രട്ടറിയുടെ മറുപടിയിൽ വ്യക്തമാക്കുന്നു.

സസ്യമാർക്കറ്റ് കടമുറികൾ ലേലം ചെയ്ത് നൽകുന്നതിൽ വന്ന സമാനതകളില്ലാത്ത കാലവിളംബത്തിന് പ്രധാന കാരണങ്ങളിൽ ഒന്നായി 2021-22 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് നഗരസഭ കൗൺസിലിന്റെ മെല്ലെപ്പോക്കാണ്. കൃത്യമായ തീരുമാനങ്ങൾ എടുക്കാതെ സുപ്രധാനമായ ഈ വിഷയം മാറ്റി വെയ്ക്കുന്ന കൗൺസിലിന്റെ നടപടി ഇപ്പോഴും തുടരുന്നതായി സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ നിന്ന് തന്നെ വ്യക്തമാകുന്നു. 07.11.2023, 04.01.2024 തീയതികളിൽ ഈ വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക് വന്നെങ്കിലും എന്തെങ്കിലും കാതലായ തീരുമാനം കൈക്കൊള്ളാതെ ഈ അജണ്ട തുടർന്നുള്ള കമ്മറ്റികളിലേക്ക് മാറ്റി വയ്ക്കുകയാണ് ഉണ്ടായത്.

പ്രസ്തുത കെട്ടിടത്തിന് അഗ്നിസുരക്ഷാ വിഭാഗത്തിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം നേടിയെടുക്കാൻ ഇതുവരെ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. രണ്ടാം നിലയിലെ ഹാളുകൾക്ക് കതക്, ജനാലകൾ എന്നിവ ഘടിപ്പിച്ചിട്ടില്ല. ഈ ഹാളുകളിൽ സ്ഥാപിച്ച 26 ഫാനുകളും അത്രതന്നെ ഇലക്ട്രിക് ട്യൂബുകളും നാശോന്മുഖമായ അവസ്ഥയിലാണ്. ശൌചാലയങ്ങൾ മലീമസമായും ഉപകരണങ്ങൾ തകർന്നും കിടക്കുന്നു. ഗോവണികളുടേത് ഉൾപ്പടെ ടൈലുകൾ പലയിടത്തും പൊട്ടിപ്പൊളിഞ്ഞിട്ടുമുണ്ട്.

ചുരുക്കത്തിൽ 6.25 കോടി രൂപക്ക് നിർമ്മിച്ചതും പലിശയുൾപ്പടെ 2023 വരെ 7.98 കോടി രൂപ നഗരസഭക്ക് ചെലവായതുമായ ഈ കെട്ടിടത്തിൽ നിന്ന് നഗരസഭക്ക് വരുമാനം ലഭിക്കുന്നില്ലെന്ന് മാത്രമല്ല ആവർത്തന ചെലവിനുള്ള വഴി ഒരുക്കി നൽകുകയും ചെയ്യുന്നു.

സസ്യമാർക്കറ്റ് കെട്ടിടത്തിലെ എല്ലാ മുറികളും വാടകയ്ക്ക് നൽകാനാവശ്യമായ സത്വരനടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതാണ്. ഒക്യുപ്പൻസി അനുവദിക്കപ്പെട്ട് അഞ്ച് വർഷം കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കെട്ടിടത്തിന്റെ ഡിപ്രീസിയേഷൻ കൂടി പരിഗണിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് യുക്തിസഹമാം വിധം പുനർനിർണ്ണയിക്കാൻ നഗരസഭാ കൗൺസിലിന് തീരുമാനിക്കാവുന്നതാണ്. ഉയർന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് കുറച്ച് നൽകുന്നതിനൊപ്പം പുനരധിവാസത്തിന് നീക്കിവച്ചതൊഴികെയുള്ള കടമുറികളിൽ വാർഷിക വാടകയിൻമേൽ ലേലം നടത്തി ലൈസൻസികൾക്ക് ഏൽപ്പിച്ച് നൽകുവാനുള്ള തീരുമാനം എടുക്കുന്നതും ഉചിതമാകും. സസ്യമാർക്കറ്റ് കെട്ടിടത്തിന്റെ മുന്നിൽ (വടക്ക് ഭാഗം) ഉള്ള താത്കാലിക നിർമ്മിതികൾ പൊളിച്ച് നീക്കുന്നതിന് കോടതിയുടെ സ്റ്റേ നീക്കുന്നതടക്കമുള്ള സാദ്ധ്യമായ എല്ലാ നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

നയതീരുമാനങ്ങളിലെ കാലതാമസം, വൈകല്യം എന്നിവ നിമിത്തവും, അഗ്നിസുരക്ഷാ വിഭാഗത്തിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് പോലെ അവശ്യ നടപടികൾ കൈക്കൊള്ളുന്നതിലെ കാലവിളംബവും മൂലം സസ്യമാർക്കറ്റ് കെട്ടിടം വാടകയ്ക്ക് നൽകാൻ കഴിയാതെ തുടരുന്ന പക്ഷം കൌൺസിൽ അംഗങ്ങൾ, നഗരസഭാ ഉദ്യോഗസ്ഥർ എന്നിവരുടെ ബാദ്ധ്യതക്ക് കാരണമാകാവുന്നതാണ്.

## 1-27 EMD ആയി ലഭിക്കുന്ന ഡിഡികൾ പണമാക്കി മാറ്റുന്നില്ല - വരുമാന നഷ്ടത്തിനു സാധ്യത

താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ നിരതദ്രവ്യമായി (ഇ.എം.ഡി) വിവിധ ബാങ്കുകളുടെ ഡിമാൻഡ് ഡ്രാഫ്റ്റുകൾ സ്വീകരിച്ചിരുന്നു. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം - 19 പ്രകാരം ഇപ്രകാരം മുനിസിപ്പാലിറ്റിയിലേക്ക് ലഭിക്കേണ്ടതായ തുകകൾ ചെക്കായോ ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ലഭിക്കുമ്പോൾ ആയതിന് രസീത് നൽകേണ്ടതും അവ ഉടൻതന്നെ പണമാക്കി മാറ്റേണ്ടതുമാണ്. എന്നാൽ സൂപ്രണ്ട് പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സ്വീകരിച്ച ഡിമാൻഡ് ഡ്രാഫ്റ്റുകൾ യഥാസമയം പണമാക്കി മാറ്റാതെ പ്രോജക്ട് ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ഡി.ഡി നം. | തുക(₹) | ബാങ്ക് | തുക ഒടുക്കിയ സ്ഥാപനം | പരാമർശം |
|---|---|---|---|---|---|
| S0555/23 | 053481/690760052 27-03-23 | 3,300 | ESAF | Clear Water Technologies | നിലവിൽ കാലഹരണപ്പെട്ടു |

| | | | | | |
|---|---|---|---|---|---|
| S0555/23 | 053482/ 690760052 27-03-23 | 3,300 | ESAF | OXYGEN Water Technologies | നിലവിൽ കാലഹരണപ്പെട്ടു |
| S0555/23 | 629468/000049000 | 3,300 | Federal Bank | HYOX Water Systems | നിലവിൽ കാലഹരണപ്പെട്ടു |
| S0546/23 | 629418/000049000 27-03-23 | 3,000 | Federal Bank | HYOX Water System | നിലവിൽ കാലഹരണപ്പെട്ടു |
| S0546/23 | 717906/690015903 29-03-23 | 3,000 | Canara Bank | Ozone Technologies | നിലവിൽ കാലഹരണപ്പെട്ടു |
| S0546/23 | 717907/690015903 29-03-23 | 3,000 | Canara Bank | Pure Drops Water Technologies | നിലവിൽ കാലഹരണപ്പെട്ടു |
| | ആകെ | 18,900/- | | | |

ഇ.എം.ഡി തുകകൾ 3 വർഷത്തിനകം ക്ലയിം ചെയ്യാത്ത പക്ഷം ആയത് നഗരസഭയുടെ അക്കൌണ്ടിലേക്ക് മുതൽ കൂട്ടാവുന്ന തുകയാണ്. എന്നാൽ ഇവിടെ ടി ഡിമാന്റ് ഡ്രാഫ്റ്റുകൾ യഥാസമയം പണമാക്കാത്തതു മൂലം നഗരസഭയ്ക്ക് അവ നഗരസഭാ നിധിയിലേക്ക് മുതൽക്കൂട്ടാൻ സാധിക്കാതെ വരുന്നു. ഇത് ഒരു തരത്തിൽ നഗരസഭയുടെ നഷ്ടമാണ്. മാത്രമല്ല പലിശയിനത്തിൽ നഗരസഭയ്ക്കു ലഭിക്കേണ്ടിയിരുന്ന തുകയും നഷ്ടമാകുന്നു. ആയതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും. ആയതിനാൽ അടിയന്തര നടപടികൾ സ്വീകരിച്ച് തുക നഗരസഭാ നിധിയിൽ ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**1-28 ടെണ്ടർ ഫോറം വിറ്റ തുക മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയില്ല**

നഗരസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലക്ക് താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ ചില പ്രോജക്റ്റുകൾ ടെണ്ടർ ക്ഷണിച്ചാണ് നടപ്പാക്കിയത്. എന്നാൽ ഇതിനായി ടെണ്ടർ ഫാറങ്ങൾ വില്പന നടത്തി ലഭിച്ച തുക നഗരസഭ ഫണ്ടിൽ ഒടുക്കിയതായി കാണുന്നില്ല. വിൽക്കപ്പെട്ട ടെണ്ടർഫോറങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | വിൽപ്പന നടത്തിയ ടെണ്ടർ ഫോമുകൾ | ആകെ തുക |
|---|---|---|
| 546/23 | 3 എണ്ണം @1500+GST | 4500 + GST |
| 555/23 | 3 എണ്ണം @1500+GST | 4500 + GST |
| 545//23 | 3 എണ്ണം @1500+GST | 4500 + GST |
| | ആകെ | 13,500 + GST |

ടി ന്യൂനതയ്ക്ക് വിശദീകരണം ആരാഞ്ഞ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/17.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി 13,500/- രൂപ നഗരസഭ അക്കൌണ്ടിലും ജി.എസ്.റ്റി ബന്ധപ്പെട്ട ട്രഷറിയിലും ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**1-29 ഡെപ്പോസിറ്റ് റീഫണ്ട് തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടച്ചില്ല**

കായംകുളം നഗരസഭയുടെ 2022-23 വർഷത്തെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം, എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച്. ഡിവിഷൻ ആലപ്പുഴയിൽ നിന്നും 2016-17 ലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വർക്കിന് മുൻകൂർ നല്കിയതിലെ ബാലൻസ് തുകയായി 8,35,093/- രൂപ (ചെക്ക് നം. 741804/23.3.2022) ലഭിച്ചത് 23.6.2022-ൽ തനതുഫണ്ട് അക്കൌണ്ടിൽ ക്രഡിറ്റായിട്ടുണ്ട്. ഈ തുക 2016-17ലെ വാർഷിക

പ്രോജക്ട് നം.141/18 പ്രകാരം 57,20,000/- രൂപ ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം മിച്ചം വന്ന തുകയാണ്. തുക ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് ഒടുക്കുവരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.36/16.11.2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ തുക ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ ഒടുക്കിയ ചെലാന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

**1-30 ഫെസ്റ്റിവൽ അഡ്വാൻസ് - 1,19,650/- രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു**

ഓണം മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ നഗരസഭക്ക് തുടർച്ചയായി വീഴ്ചകൾ സംഭവിക്കുന്നുണ്ട്. വാർഷിക കണക്കുകൾ പ്രകാരം നഗരസഭ 2022-23 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 7,80,000/- രൂപ (ഹെഡ് കോഡ് 460100400) ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വൌച്ചർ നം./ചെക്ക് നം. | തീയതി | തുക |
|---|---|---|---|---|
| 1 | റെഗുലർ സ്റ്റാഫ് | 22200490/2113928 | 05.09.2022 | 2,80,000 |
| 2 | കണ്ടിജന്റ് ജീവനക്കാർ | 22200491/2113928 | 05.09.2022 | 4,40,000 |
| 3 | CLR വർക്കേഴ്സ് | 22200493/2113928 | 05.09.2022 | 60,000 |

2022-23 നല്കിയ 7,80,000/- രൂപയിൽ 7,18,000/- രൂപ മാത്രമേ തിരകെ ഈടാക്കിയിട്ടുള്ളൂ. 68,000/- രൂപ ഈടാക്കാൻ ബാക്കിയുണ്ട്. മുൻവർഷത്തെ 57,650/- രൂപ ഉൾപ്പെടെ ആകെ 1,19,650/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട് (വാർഷിക കണക്കുകളിലെ B-18 പട്ടിക പ്രകാരം).

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആരുടെ പക്കൽ നിന്നുള്ള ഉത്സവകാല അഡ്വാൻസ് ആണ് തിരികെ ലഭിക്കാനുള്ളതെന്ന് വ്യക്തമല്ല. മുൻകൂർ തിരികെ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയവരുടെ പേര്, നിലവിലെ ഓഫീസ് എന്നീ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 23 / 16.01.2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുമെന്ന് അറിയിച്ചുവെങ്കിലും അവയൊന്നും ലഭ്യമാക്കിയില്ല.

കണക്കുകൾ കൃത്യമാക്കി അഡ്വാൻസുകൾ തിരികെ ഈടാക്കുന്നതുവരെ 2022-23 വർഷം വിതരണം ചെയ്തതിൽ തിരികെ ലഭിക്കാത്ത 62,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുകയും മുൻവർഷങ്ങളിൽ നല്കിയതിൽ തിരികെ ഈടാക്കാത്ത 57,650/- രൂപയും ഉൾപ്പെടെ ആകെ 1,19,650/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ആയതിനു സാധിക്കാത്ത പക്ഷം തുക വിതരണം ചെയ്ത സെക്രട്ടറി / സെക്രട്ടറിമാരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**1-31 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല – പെൻഷൻ വിതരണത്തിനായി തനതുഫണ്ട് ചെലവഴിക്കേണ്ടി വരുന്നു**

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം - റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ ചട്ടം 10 നിർദ്ദേശിക്കും പ്രകാരം പെൻഷൻ ആനുകൂല്യം നല്കുന്നതിനായി നഗരസഭയിൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല .

2022-23 വർഷം പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ സർക്കാരിൽ നിന്നും തുക ലഭിച്ചിട്ടില്ല. 2022-23

വർഷം മാത്രം തനതുഫണ്ടിൽ നിന്നുള്ള പെൻഷൻ ചെലവ് 3,08,98,937/- രൂപയാണ്. തനതുഫണ്ട് ലഭ്യത കുറവുള്ള സ്ഥാപനം പെൻഷൻ വിതരണത്തിനായി അതേ ഫണ്ടിൽ നിന്നു തന്നെ 3 കോടിയിലധികം രൂപ ഒരു വർഷം ചെലവഴിച്ചിരിക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുക അടക്കാത്തതിനാൽ അലോട്ട്മെന്റിനത്തിൽ കിട്ടാനുള്ള തുകയ്ക്ക് അവകാശമുന്നയിക്കാൻ സ്ഥാപനത്തിന് കഴിയുന്നില്ല. ഇതിന്റെ ഫലമായി കണ്ടിജന്റ് ജീവനക്കാരുടേതെന്ന പോലെ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ തുകയും നഗരസഭയുടെ തനതുഫണ്ടിന്റെ ബാധ്യതയായി മാറുന്നു. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിക്കണമെങ്കിൽ പെൻഷൻ വിഹിതം കൃത്യമായി അടക്കണം. ആയതിനാൽ, പെൻഷൻ വിഹിതം കൃത്യമായി ഒടുക്കേണ്ടതും ഈ ഇനത്തിൽ തനതുഫണ്ടിൽ നിന്നുള്ള അധിക ചെലവ് ഒഴിവാക്കേണ്ടതുമാണ്. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

**1-32 തെരുവ് വിളക്ക് എൽ.ഇ.ഡി ആക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | S0004/23 (129/19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | : | പൈറോടെക് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമി. ഉദയ് പൂർ, രാജസ്ഥാൻ |
| എം.ബുക്ക് | : | 82/20-21, 172/22-23 |
| എഗ്രീഡ് പിഎസി | : | ₹40,00,000/- |
| പ്രവൃത്തി മൂല്യം | : | ₹37,76,819/- |
| ഓഡിറ്റ് വർഷം വരെയുള്ള ചെലവ് | : | ₹30,21,455/- |
| ചെലവ് വിവരങ്ങൾ | : | ₹26,43,773/- (ബിൽ നം.36/5.04.2019 – സി.ഫ്.സി) ₹3,77,682/- (ബിൽ നം. 551/10.02.2023 - വികസന ഫണ്ട്) |
| ഓഡിറ്റ് എൻക്വയറി നം. | | 41/17.01.2024 |

നഗരസഭയുടെ 44 വാർഡുകളിലും 35 വാട്ട് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പൈറോടെക് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഉദയ് പൂർ, രാജസ്ഥാൻ എന്ന സ്ഥാപനം സമർപ്പിച്ച കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ (ഒരു ലൈറ്റിന് 2145.92/- രൂപാ നിരക്കിലുള്ളത്) 24.12.2018-ലെ 11-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ച് പദ്ധതിയുടെ നിർവ്വഹണം പ്രസ്തുത കമ്പനിയെ ഏൽപ്പിച്ചിരുന്നു. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

1) അനുവദനീയമായതിലും കൂടുതൽ കാലം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കി, ആയതിനുള്ള പിഴ ഈടാക്കിയതിൽ കുറവ്

കരാർ പ്രകാരം പ്രവൃത്തി 31.03.2019 ന് മുമ്പ് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനാൽ 2.05.2019 ലെ കൗൺസിൽ തീരുമാനം പ്രകാരം

പൂർത്തീകരണ തീയതി 15.06.2019 വരെയും, പിന്നീട് 28.10.2019 ലെ തീരുമാനം പ്രകാരം അന്ന് മുതൽ 15 ദിവസം കൂടിയും പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയതായും പൂർത്തീകരണ കാലതാമസത്തിന് നിയമാനുസൃത നിരക്കിലുള്ള ഫൈൻ ഈടാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2012 ലെ പിഡബ്ല്യൂഡി മാനുവൽ സെക്ഷൻ 2112 പ്രകാരം തക്കതായ കാരണമുള്ള പക്ഷം, ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം, പരമാവധി 50% വരെ പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-), രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കേണ്ടതുണ്ട്.

എന്നാൽ ഇവിടെ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ചു നല്കി. മാത്രമല്ല പിഴ ഇനത്തിൽ ഈടാക്കിയത് ആദ്യ ബിൽ തുകയുടെ (₹2643773/-) 3% ആയ 79313/- രൂപ മാത്രമാണ്. പിഴയിനത്തിൽ കുറവു വന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സെക്ഷൻ 2112 പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ | = | PAC യുടെ 3% |
| | = | 4000000 X 3% = 1,20,000/- |
| പിഴയിനത്തിൽ ഈടാക്കിയ തുക | = | 2643773 X 3% = 79313/- |
| പിഴയിനത്തിൽ കുറവ് വന്ന തുക | = | 120000 – 79313 = 40687/- |

2) <u>ദീർഘിപ്പിച്ച കാലാവധിക്കുള്ളിലും പ്രവൃത്തി പൂർത്തീകരിച്ചില്ല – ആയതിന് നിയമാനുസൃതം നഷ്ടപരിഹാരം ഈടാക്കിയില്ല</u>

28.10.2019 ലെ തീരുമാനം പ്രകാരം 15 ദിവസം കൂടി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. അതനുസരിച്ച് 12.11.2019ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 26.12.2020ൽ ആണ്.

2012ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച്, കരാർ പ്രകാരമുള്ള, അഥവാ ദീർഘിപ്പിച്ച കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല എങ്കിൽ, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുക്കുന്ന കാലഘട്ടത്തിന് പ്രതിവാരം 0.1% നിരക്കിൽ (പരമാവധി 10%) നഷ്ടപരിഹാരം (ലിക്വിഡേറ്റഡ് ഡാമേജ്) ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ നഷ്ടപരിഹാരമിനത്തിൽ ഒരു തുകയും കരാറുകാരനിൽ നിന്നും ഈടാക്കിയില്ല.

സെക്ഷൻ 2116.1 അനുസരിച്ച് ഈടാക്കേണ്ടിയിരുന്ന നഷ്ടപരിഹാരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അധികമായി എടുത്ത സമയം | = | 13.11.2019 മുതൽ 26.12.2020 വരെ |
| | = | 58 ആഴ്ച |
| ഈടാക്കേണ്ടിയിരുന്ന നഷ്ടപരിഹാരം | = | പി.എ.സി. യുടെ 5.8% |
| | = | 4000000 X 5.8% = 232000/- |

3) <u>നിർദ്ദിഷ്ട മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല</u>

പ്രസ്തുത പ്രവൃത്തിയുടെ കരാർ തുക 40,00,000/- രൂപയാണ്. 2018 ലെ ഫിനാൻസ് ആക്റ്റ് പ്രകാരം കരാർ തുകയുടെ 0.1% തുകയ്ക്കുള്ള മുദ്രപത്രത്തിലാണ് കരാർ ചമയ്ക്കേണ്ടത്. ആയത് പ്രകാരം 4,000/- രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ 200/- രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമച്ചിട്ടുള്ളത്. തന്മൂലം മുദ്രപത്ര വിലയിനത്തിൽ സംസ്ഥാന സർക്കാറിന് 3,800/- രൂപ നഷ്ടമുണ്ടായി.

4) ആദായ നികുതി ഈടാക്കിയതിൽ കുറവ്

ആദായ നികുതി നിയമത്തിലെ സെക്ഷൻ 194C പ്രകാരം കരാർ പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും, മറ്റുള്ളവയിൽ നിന്നും 2% നിരക്കിലും ആദായ നികുതി ടി.ഡി.എസ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ ആദ്യ ബില്ലിൽ നിന്നും (ബിൽ നം. 36/5.04.2019 രൂ. 2643773/-) 1% നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്. ഇത് മൂലം കേന്ദ്ര സർക്കാറിന് 26,438/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് (ഈടാക്കിയത് 26,43,773/- രൂപയുടെ 1% ആയ 26,438/- രൂപ മാത്രം).

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥനെ വിവരം അറിയിച്ചിട്ടുള്ളതായും ടിയാനിൽ നിന്നും മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി ടി ന്യൂനതകൾക്കുള്ള വിശദീകരണമല്ല എന്നതിനാൽ അംഗീകരിക്കുന്നില്ല.

ടി പരാമർശം (1), (2) എന്നിവ പ്രകാരം പിഴ/നഷ്ടപരിഹാരം എന്നീയിനങ്ങളിൽ കുറവു വന്ന 40687 + 232000 = 2,72,687/- രൂപ കാരറുകാരനിൽ നിന്നും ഈടാക്കി നഗരസഭാ നിധിയിൽ ഒടുക്കിയും, പരാമർശം (3), (4) എന്നിവ പ്രകാരം സംസ്ഥാന – കേന്ദ്ര സർക്കാറുകൾക്കുണ്ടായ നഷ്ടം 3,800 + 26438 = 30218/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സർക്കാർ നിധികളിൽ ഒടുക്കിയും വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**1-33 11.3 ലക്ഷം രൂപ മുടക്കി സ്ഥാപിച്ച ലിഫ്റ്റ് പ്രയോജനപ്പെടുത്തുന്നില്ല**

നഗരസഭയിൽ 11,29,928/- രൂപ മുടക്കി സ്ഥാപിച്ച ലിഫ്റ്റ് പണി പൂർത്തിയാക്കി എട്ട് മാസങ്ങൾക്ക് ശേഷവും ഉപയോഗപ്പെടുത്തുന്നില്ല. ലിഫ്റ്റ് ട്രയൽ റൺ മാത്രം നടത്തി മെയിന്റനൻസ് ചെയ്തു വരുന്നതല്ലാതെ ദൈനംദിനം ഉപയോഗിക്കുന്നില്ല. ഇത് പൂർണ്ണമായും ഓഫാക്കി ഇട്ടിരിക്കുകയാണ് എന്ന് ഓഡിറ്റ് പരിശോധനാവേളയിൽ ബോദ്ധ്യപ്പെട്ടു. ലിഫ്റ്റ് സ്ഥാപിക്കലിൽ നടപടിക്രമങ്ങളിലെ കാലതാമസം, ആവശ്യകതാ നിർണ്ണയത്തിലെ അവധാനതാരാഹിത്യം എന്നിവയും പ്രകടമാകുന്നു.

ലിഫ്റ്റ് സ്ഥാപിക്കാനുള്ള നടപടികൾ 12 ലക്ഷം രൂപ അടങ്കൽ വച്ച് S0528/20 എന്ന പ്രോജക്ട് തയ്യാറാക്കിക്കൊണ്ട് 2019-20 ൽ ആണ് ആരംഭിക്കുന്നത്. 9,10,200/- രൂപ ക്വാട്ട് ചെയ്ത അറ്റ്ലസ് ഏലവേറ്റർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിച്ച് പ്രവൃത്തി എൽപ്പിച്ച് നൽകുകയും 29.10.20 ൽ അവർ പണി പൂർത്തിയാക്കുകയും ചെയ്തു. 18 ശതമാനം ജി.എസ്.റ്റി സഹിതം 10,74,034/- രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 29.10.2020 ൽ പണി പൂർത്തിയായ ലിഫ്റ്റിനായി 3-ഫേസ് ഇലക്ട്രിക് കണക്ഷൻ എടുക്കാനായി ഡി.എൽ.റ്റി.സി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുന്നത് 12.02.2021 ലും സാങ്കേതിക അനുമതിക്കായി നടപടികൾ ആരംഭിക്കുന്നത് 09.08.2021 ലും മാത്രമാണ്. 2022 ഏപ്രിലിൽ ഇലക്ട്രിക് കണക്ഷൻ എടുത്തെങ്കിലും 02.05.2023 ൽ മാത്രമാണ് ലിഫ്റ്റ് നഗരസഭക്ക് കൈമാറ്റം ചെയ്യപ്പെട്ടത്. അതായത് ലിഫ്റ്റ് സ്ഥാപിക്കപ്പെട്ടതിന്റെ പണം അനുവദിച്ചശേഷം 30 മാസത്തോളം സമയം എടുത്തു അത് പ്രവർത്തനക്ഷമമാകാൻ.

2022-23 ലാണ് ഇതിന്റെ 3-ഫേസ് ഇലക്ട്രിക് കണക്ഷനായി 55,894/- രൂപ ചെലവഴിച്ചത് (ബിൽ റഫ.നം. 1800044187/23.04.22; പ്രോജക്ട് നം.S0039/23, സ്പിൽ ഓവർ; അടങ്കൽ 1,25,966/- രൂപ).

ഇത്രയൊക്കെയായിട്ടും ലിഫ്റ്റ് പൊതുജനത്തിനോ നഗരസഭാ ഒഫീഷ്യൽസിനോ ഉപയോഗപ്പെടുന്നില്ല. പീരിയോഡിക് മെയിന്റനൻസിന്റെ ഭാഗമായ ട്രയൽ റണ്ണിനൊഴികെ മറ്റൊരവസരത്തിലും ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/11.01.24) മറുപടിയും ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത സാഹചര്യത്തിൽ ലിഫ്റ്റ് നഗരസഭക്ക് ഒരു അവശ്യ സംവിധാനമല്ല എന്ന് ബോദ്ധ്യമാകുന്നു. യഥാർത്ഥ ആവശ്യകത കണക്കാക്കാതെ നഗരസഭാഫണ്ട് വിനിയോഗം ചെയ്തത് സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. ലിഫ്റ്റ് ഭിന്നശേഷിക്കാർ അടക്കമുള്ള അവശ്യ വിഭാഗങ്ങൾക്കെങ്കിലും ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-34 77.5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കൗൺസിൽ ഹാൾ ഉപയോഗിക്കാതെ നശിക്കുന്നു**

നഗരസഭാ കെട്ടിടത്തിന്റെ ടെറസ്സിൽ 66 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിർമ്മിച്ച കൗൺസിൽ ഹാളും അവിടേക്ക് എത്താനായി 11 ലക്ഷത്തിലധികം രൂപ മുടക്കി നിർമ്മിച്ച ലിഫ്റ്റും ഉപയോഗപ്പെടുത്താനാകാതെ നാശോൻമുഖാവസ്ഥയിലാണ്. നിർമ്മാണം പൂർത്തിയായി ഒരു വർഷത്തിലധികമായിട്ടും ഈ നിർമ്മിതികളുടെ പ്രയോജനം നഗരസഭയ്ക്ക് ലഭിക്കുന്നില്ല.

2018-19 ൽ ആണ് കൗൺസിൽ ഹാൾ നവീകരണം എന്നപേരിൽ നിലവിലെ കെട്ടിടത്തിന്റെ ടെറസ്സിൽ പുതിയ ഹാൾ നിർമ്മിക്കാനുള്ള പ്രോജക്ട് നഗരസഭ ഏറ്റെടുക്കുന്നത്. അൻപത് വർഷത്തോളം പഴക്കമുള്ള നിലവിലെ കെട്ടിടത്തിന്റെ സംരക്ഷണാർത്ഥം മേൽക്കൂര (ട്രസ്സ് വർക്ക്) ചെയ്തിരുന്ന ഭാഗമാണ് ഇപ്രകാരം രൂപാന്തരപ്പെടുത്താൻ തീരുമാനിച്ചത്. പ്രസ്തുത ഭാഗത്തിന്റെ നവീകരണത്തിനൊപ്പം ലിഫ്റ്റ്, ഗോവണി എന്നിവ ഉൾപ്പെടെ സ്ഥാപിക്കുന്നതിനായി കെട്ടിടത്തിന്റെ കിഴക്ക് ഭാഗത്ത് സിവിൽ വർക്ക് കൂടി ഉൾപ്പെടുത്തി 15 ലക്ഷം രൂപ എസ്റ്റിമേറ്റിലാണ് പ്രോജക്ട് വിഭാവനം ചെയ്തത്. 14.02.2019 ലെ ടെൻഡർ നോട്ടീസ് പ്രകാരം സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകളിൽ കുറഞ്ഞ തുകയായ 14,88,278/- രൂപ ക്വോട്ട് ചെയ്ത ശ്രീ. അഷറഫ്. ഇ. എം. ന് ടെന്റർ ഏൽപ്പിച്ച് നൽകുകയുണ്ടായി. കരാറുകാരൻ 14.07.2019 ൽ പ്രവർത്തി പൂർത്തിയാക്കി 14,75,548/- രൂപയുടെ ബിൽ സമർപ്പിക്കുകയും 31.12.2019 ൽ നഗരസഭ കരാറുകാരന് പണം നൽകുകയും ചെയ്തു.

ഈ കൗൺസിൽ ഹാളിന്റെ ഫർണീഷിംഗിനായി 52 ലക്ഷം രൂപ അടങ്കൽ വച്ച് 2019-20 ൽ പ്രോജക്ട് വിഭാവനം ചെയ്തു. തുടർന്ന് സർക്കാർ ഏജൻസികളായ ARTCO, SIDCO, KSIE എന്നിവരിൽ നിന്ന് എസ്റ്റിമേറ്റുകൾ ക്ഷണിക്കുകയും നഗരസഭക്ക് യോജിച്ചതും ചെലവ് കുറഞ്ഞതുമായ എസ്റ്റിമേറ്റ് സമർപ്പിച്ച സിഡ്കോയുടെ (തിരുവനന്തപുരം) എസ്റ്റിമേറ്റ് അംഗീകരിച്ച് 30.10.2019 ൽ വർക്ക് ഓഡർ നൽകുകയും ചെയ്തു. ഇലക്ട്രിഫിക്കേഷൻ അടക്കമുൾപ്പെട്ട ഈ പ്രവൃത്തി ഭാഗികമായി പൂർത്തിയാക്കി 25.03.2021 ൽ 23,29,776/- രൂപയുടേയും 3,38,926/- രൂപയുടേയും രണ്ട് ബില്ലുകൾ സിഡ്കോ സമർപ്പിച്ചു. തുടർന്ന് വർക്ക് പൂർത്തിയാക്കി 24,78,731/- രൂപയുടേയും ബിൽ സമർപ്പിക്കപ്പെട്ടു. ഇപ്രകാരം ആകെ 51,47,433/- രൂപയാണ് ഇലക്ട്രിഫിക്കേഷൻ അടക്കമുള്ള ഫർണീഷിംഗ് പ്രവൃത്തികൾക്കായി വിനിയോഗിക്കപ്പെട്ടത്.

രണ്ടാം നിലയിലായി വരുന്ന കൗൺസിൽ ഹാളിലേക്ക് പ്രവേശനം സുഗമമാക്കാനായി 12 ലക്ഷം രൂപ അടങ്കലിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി 2019-20 ൽ പ്രോജക്ട് വയ്ക്കുകയും 11,29,928/- രൂപ ചെലവഴിച്ച് ലിഫ്റ്റ് സ്ഥാപിക്കുകയും ചെയ്തു. ഇപ്രകാരം പൊതുവിഭാഗം വികസന ഫണ്ട് ആകെ 77,52,909/- രൂപയാണ് കൗൺസിൽ ഹാൾ നവീകരണവുമായി ബന്ധപ്പെട്ട് ചെലവഴിക്കപ്പെട്ടത്.

**നിലവിലെ സ്ഥിതി**

കൗൺസിൽ ഹാൾ ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ലിഫ്റ്റും പ്രവർത്തിപ്പിക്കുന്നില്ല. കൗൺസിൽ

ഹാളിൽ സ്ഥാപിച്ചിട്ടുള്ള എയർ കണ്ടീഷനറുകൾ അടക്കമുള്ളവ പ്രവർത്തിക്കാതെ തുടരുന്നു. ഇവയുടെ ഗ്യാരന്റി പീരീഡ് ഏകദേശം നഷ്ടമായിട്ടുണ്ട്. ഇലക്ട്രിക് ലാമ്പുകൾ അടക്കമുള്ളവ ഇളകി വീണിരിക്കുന്നു, മുറി പൂർണ്ണമായും പൊടിയും അഴുക്കും നിറഞ്ഞ അവസ്ഥയിലുമാണ്.

പുതിയതായി നിർമ്മിച്ചിരിക്കുന്ന ഈ ഹാളിന് അഗ്നി സുരക്ഷാ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഇതുവരെ ലഭിച്ചിട്ടില്ല. നഗരസഭയിലെ ഇലക്ട്രിക് സംവിധാനത്തിന്റെ ശേഷി പുതിയ നിർമ്മിതിയിലെ ഇലക്ട്രിക് ഉപകരണങ്ങളെ കൂടി കൈകാര്യം ചെയ്യാൻ പര്യാപ്തമല്ല എന്ന് അന്വേഷണത്തിൽ വ്യക്തമാകുന്നു. വർഷങ്ങൾക്ക് മുൻപ് തന്നെ ട്രസ്സ് വർക്ക് എന്ന നിലയിൽ ചെയ്ത മേൽക്കൂര പലയിടങ്ങളിലും ദ്രവിച്ച് ചോർച്ചയുണ്ടായിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിച്ചതിനുമുകളിൽ വരെ ഇപ്രകാരം വെള്ളം വീഴുന്നുവെന്ന് അന്വേഷണത്തിൽ ബോദ്ധ്യമായി.

**പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും ന്യൂനതകൾ**

1) ടെറസിൽ നിർമ്മാണം നടത്തിയ അവസരത്തിൽ നിലവിലെ കെട്ടിടത്തിന്റെ കാലപ്പഴക്കം, ബലം മുതലായവ പരിശോധനാ വിധേയമാക്കിയതായി കാണുന്നില്ല.

2) ട്രസ് വർക്കിന്റെ അപചയം പരിശോധിക്കുകയോ പരിഗണിക്കുകയോ പരിഹരിക്കുകയോ ചെയ്യാതെയാണ് നിർമ്മാണം നടത്തിയത്. ട്രസ് വർക്ക് മാറ്റി ബലമുള്ള മേൽക്കൂര സ്ഥാപിക്കാതെ അതിന് കീഴെ കൌൺസിൽ ഹാൾ നിർമ്മിക്കാൻ തീരുമാനം എടുത്തതിന്റെ സാംഗത്യം വ്യക്തമല്ല.

3) നിലവിലെ കൌൺസിൽ ഹാൾ നവീകരിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കപ്പെട്ടില്ല.

4) കൃത്യമായ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടില്ല. ആയതിനാലാണ് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കാതെ പോയത്.

5) ഇലക്ട്രിക് സംവിധാനങ്ങളുടെ ശേഷി പരിശോധിച്ചുറപ്പിക്കാതെയാണ് ഇലക്ട്രിഫിക്കേഷൻ നടത്തിയത്.

6) ലിഫ്റ്റ് ഉപയോഗപ്രദമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ട്രയൽ റണ്ണിന് ശേഷം ഇത് ഓഫാക്കി ഇട്ടിരിക്കുന്നു.

7) കൃത്യമായ പരിശോധന, ആവശ്യകതാ നിർണ്ണയം, സാദ്ധ്യതാ പഠനം എന്നിവയില്ലാതെയാണ് നിർമ്മാണങ്ങൾ നടത്തപ്പെട്ടത്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) അഗ്നിസുരക്ഷാ സംവിധാനങ്ങൾ അടക്കം കൃത്യമാക്കിക്കൊണ്ട് കൌൺസിൽ ഹാൾ എത്രയും വേഗം ഉപയോഗക്ഷമമാക്കേണ്ടതാണ്.

2) ഭിന്നശേഷിക്കാരടക്കമുള്ള അവശവിഭാഗങ്ങൾക്ക് പ്രയോജനപ്രദമാകും വിധം ലിഫ്റ്റ് അടിയന്തിരമായി പ്രവർത്തിപ്പിക്കേണ്ടതാണ്.

3) കൃത്യമായ പരിശോധന, ആവശ്യകതാ നിർണ്ണയം, സാദ്ധ്യതാ പഠനം എന്നിവയില്ലാതെ പ്രസ്തുത നിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.

***അനുബന്ധ വിവരങ്ങൾ :-***

*എ) പ്രോജക്ട് നം. S0468/19 – കൌൺസിൽ ഹാൾ നവീകരണം (സ്പിൽ ഓവർ പ്രോജക്ട് നം.S0461/20)*
*ഫയൽ നം. പി.ഡബ്ല്യ 1/7787/19*
*ട്രഷറി ബിൽ റഫ. നം.*
*1018103/31.12.19 – 498000 രൂപ*
*1018110/31.12.19 – 498000 രൂപ*

*1018113/31.12.19 – 479548 രൂപ*

*ബി) പ്രോജക്ട് നം. എസ്. 109/21 – കൌൺസിൽ ഹാൾ നവീകരണം (സ്പിൽ ഓവർ പ്രോജക്ട് നം. S0240/22)*

*ഫയൽ നം. പി./11983/20*

*ട്രഷറി ബിൽ റഫ. നം. (സിഡ്കോയ്ക്ക് നൽകിയത്)*

*1420247/29.3.21 – 338926 രൂപ*

*1420239/29.3.21 – 2329776 രൂപ*

*0447075/ 24.9.21 – 2478731 രൂപ*

*സി) പ്രോജക്ട് നം. – S0528/20 – നഗരസഭ ലിഫ്റ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ പ്രോജക്ട് നം. S0421/21)*

*ഫയൽ നം. പി/82426/19*

## 1-35 ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ – പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ

| | |
|---|---|
| പ്രോജക്ട് നമ്പർ | : S0007/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | : സിവിൽ വർക്ക് - അബ്ദുൾ അസീസ് |
| എം.ബുക്ക് | : 82/20-21, 172/22-23 |
| എഗ്രീഡ് പിഎസി | : ₹1,49,21,884/- |
| പ്രവൃത്തി മൂല്യം | : ₹59,21,658/- |
| ബിൽ നം. | : ₹29,42,546/- (മുൻ വർഷത്തെ ചെലവ്)<br>₹24,16,756/- (291/27.12.22 – സി.ഫ്.സി)<br>₹5,62,356/- (772/27.3.23 - സി.ഫ്.സി) |
| ഓഡിറ്റ് എൻക്വയറി നം. | : 30/16.01.2024 |

നഗരസഭയിലെ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിനായി 2012-13 വർഷം 2 കോടി 40 ലക്ഷം രൂപ ശുചിത്വ മിഷനിൽ നിന്നും അനുവദിച്ചിരുന്നു. എന്നാൽ ഈ തുക ലഭിച്ച് 6 വർഷങ്ങൾക്ക് ശേഷവും യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നഗരസഭ ആരംഭിക്കാതിരുന്നതിനെ തുടർന്ന് ശുചിത്വമിഷൻ ഡയറക്ടർ നൽകിയ തുക മുതലും പലിശയും ഉൾപ്പെടെ 3,16,41,555/- രൂപ തിരിച്ചടയ്ക്കുവാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് സെക്രട്ടറി ശുചിത്വമിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി തുക ചെലവഴിക്കാൻ നിർദ്ദേശിച്ച് ടി തുക നഗരസഭയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2019 ൽ 3 കോടി 31 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ശുചിത്വ മിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആർക്കും തന്നെ ടെണ്ടർ ഉറപ്പിച്ചു നൽകുവാൻ സാധിച്ചില്ല. തുടർന്ന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും, ആയത് പ്രകാരം സിവിൽ വർക്കിന് അബ്ദുൾ അസീസ് എന്നയാളുടെയും

(₹1,49,21,884/-) മെക്കാനിക്കൽ വർക്കിന് സോഷ്യോ എക്ണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെയും (₹1,15,48,000/-) കരാറുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

1) സിവിൽ വർക്കിന്, ശ്രീ. അബ്ദുൾ അസീസിന്റെ ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയത് 16.09.2020 ലാണെങ്കിലും കരാർ ചമച്ചത് 26.02.2021 ൽ മാത്രമാണ്. പെരുമാറ്റ ചട്ടം നിലവിലുള്ളതിനാലും, കോവിഡ് ബാധിച്ചതിനാലുമാണ് കാലതാമസം വന്നതെന്നാണ് ടിയാൻ അറിയിച്ചിട്ടുള്ളത്. എന്നാൽ കരാർ ചമയ്ക്കുന്നതിൽ 5 മാസത്തിലധികം താമസ്സമാണുണ്ടായിട്ടുള്ളത്. ഇത് അനുവദനീയമല്ല.

2012-ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2009(6) പ്രകാരം കരാർ ചമയ്ക്കുന്നതിലുണ്ടായ കാലതാമസത്തിന് കരാർ തുകയുടെ 1% നിരക്കിൽ (പരമാവധി 25000/- രൂപ) പിഴ ഈടാക്കേണ്ടിയിരുന്നു. എന്നാൽ അപ്രകാരം പിഴ ഈടാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പിഴ ഒടുക്കുവാൻ കരാറുകാരന് നോട്ടീസ് നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

2) ശ്രീ. അബ്ദുൾ അസീസുമായി സിവിൽ പ്രവൃത്തികൾക്കായി 26.02.2021-ൽ കരാർ (നം.3/AEE/20-21 /26.02.21) ചമച്ചെങ്കിലും ഓഡിറ്റ തീയതി വരെ (2024 ജനുവരി വരെ) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടെണ്ടർ വ്യവസ്ഥ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 180 ദിവസമായിരുന്നു. ഇത് പ്രകാരം പ്രവൃത്തി 25.08.2021 നുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. 2012ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 അനുസരിച്ച് പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. വെള്ളക്കെട്ടുള്ള പ്രദേശമായതിനാലും, ചില സാങ്കേതിക കാരണങ്ങളാലുമാണ് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടായതെന്നും, നിലവിൽ 85% ത്തോളം പ്രവൃത്തി പൂർത്തിയായതായും, ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാൻ 2 വർഷത്തിലധികം കാലതാമസം നേരിട്ടതിന് ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, 2012ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച്, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുക്കുന്ന കാലഘട്ടത്തിന് പ്രതിവാരം പി.എ.സി.യുടെ 0.1% നിരക്കിൽ (പരമാവധി 10%) നഷ്ടപരിഹാരം (ലിക്വിഡേറ്റഡ് ഡാമേജ്) ഈടാക്കേണ്ടതുണ്ട്. ഇവിടെ 25.08.2021 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരണ തീയതി കഴിഞ്ഞ് 2 വർഷത്തിലധികം, അതായത് 100 ആഴ്ചയിലധികം ആയിട്ടും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പരമാവധി നിരക്കിൽ, അതായത് പി.എ.സി. യുടെ 10%, നഷ്ടപരിഹാരമായി ഈടാക്കേണ്ടതുണ്ട്. പ്രവൃത്തിയുടെ ബില്ലിൽ നിന്നും നഷ്ടപരിഹാരം ഇനത്തിൽ പി.എ.സി. (₹1,49,21,884/-) യുടെ 10%, അതായത് 14,92,188/- രൂപാ ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

5) മെക്കാനിക്കൽ പ്രവൃത്തികൾക്കായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെയാണ് അംഗീകരിച്ചതെങ്കിലും ടി സ്ഥാപനത്തിന് നിലവിൽ അംഗീകാരമില്ലാത്തതിനാൽ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ലാത്തതായി ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ 2 വർഷം കഴിഞ്ഞിട്ടും ടി പ്രവൃത്തി മറ്റു ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് ഗുരുതര വീഴ്ചയാണ്.

അടിയന്തര നടപടികൾ സ്വീകരിച്ച് മെക്കാനിക്കൽ വർക്കും സിവിൽ വർക്കും പൂർത്തീകരിക്കേണ്ടതും, കരാർ ചമയ്ക്കാൻ കാലതാസം നേരിട്ടതിനുള്ള പിഴ, പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം

വന്നതിനുള്ള നഷ്ടപരിഹാരം എന്നിവ ശ്രീ. അബ്ദുൾ അസീസിൽ നിന്നും ഈടാക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

**1-36 വൃദ്ധർക്ക് കട്ടിൽ - കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിച്ചില്ല**

പ്രോജക്ട് നം. S0025/23(സ്പിൽ ഓവർ)

വൃദ്ധർക്ക് കട്ടിൽ (ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ :- ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഫണ്ട് :- വികസനഫണ്ട് (ജനറൽ)

അടങ്കൽ :-19,05,200/-

ചെലവ് വിവരങ്ങൾ

1. ബിൽ നം. BRN 22070347000800224945 /21-06-2022 -1428900/-രൂപ

2.ബിൽ നം. BRN 22070347000800224965 /28-06-2022 -476300/-രൂപ

2021-22 വർഷം നിർവഹണം ആരംഭിച്ച ഈ പദ്ധതി പ്രകാരം 440 എണ്ണം കട്ടിലുകൾ വാങ്ങി വൃദ്ധർക്കായി തൻവർഷം വിതരണം നടത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ, ചെലവ് രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുറഞ്ഞ റേറ്റിലുള്ള ടെണ്ടർ പരിഗണിച്ചില്ല

ഈ പദ്ധതിയിൽ Length 198cm X Width 90cm X Front Leg 60cm/50cm എന്ന സ്പെസിഫിക്കേഷനോടുകൂടിയ കട്ടിലുകൾ ആവശ്യപ്പെട്ട് ടെണ്ടർ ക്ഷണിച്ചതിൽ സിഡ്കോയുടെ യൂണിറ്റുകളായ സ്ലോബോർഡ് ഫാക്ടറി പരുമല, വുഡ് വർക്ക്ഷോപ്പ്, കൊച്ചാലുംമൂട് എന്നീ സ്ഥാപനങ്ങളും ആർട്കോ ലിമിറ്റഡും പങ്കെടുത്തു.

സ്ലോബോർഡ് ഫാക്ടറി, ആർട്കോ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ലഭ്യമാക്കിയ പ്രോഫോർമ ഇൻവോയിസിൽ (25-06-2021 ലെ) രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് കട്ടിലൊന്നിന് ജി.എസ്.ടി അടക്കം 4330/- രൂപയാണ്. സിഡ്കോയുടെ തന്നെ യൂണിറ്റായ വുഡ് വർക്ക്ഷോപ്പ്, കൊച്ചാലുംമൂട് എന്ന സ്ഥാപനത്തിന്റെ 25-06-2021 ഇൻവോയ്സ് പ്രകാരം കട്ടിലൊന്നിന് ജി.എസ്.ടി അടക്കം ക്വാട്ട് ചെയ്ത തുക 4300/- രൂപ മാത്രമാണ്. എന്നാൽ കുറഞ്ഞ നിരക്ക് പരിഗണിക്കാതെ സ്ലോബോർഡ് ഫാക്ടറി, പരുമല, ആർട്കോ ലിമിറ്റഡ് തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളിൽ നിന്നുമായി കട്ടിൽ ഒന്നിന് 4330/- രൂപ പ്രകാരം 220 കട്ടിലുകൾ വീതം വാങ്ങി നൽകുകയായിരുന്നു. കുറഞ്ഞ റേറ്റ് പരിഗണിക്കാതെ വാങ്ങൽ നടത്തിയതിനാൽ 440 കട്ടിലുകൾക്ക് മേൽപ്പറഞ്ഞ പ്രകാരം 13,200/- രൂപ (440x30) അധികമായി നൽകി.

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 14-01-2024) ലഭ്യമാക്കിയ മറുപടിയിൽ, പ്രൊക്യൂവർമെന്റ് കമ്മറ്റി യോഗം ചേർന്ന് സാമ്പിൾ പരിശോധിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് അറിയിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്നതിനായി പ്രോക്യൂർ കമ്മറ്റി തീരുമാനത്തിന്റെ പകർപ്പോ സാമ്പിൾ പരിശോധിച്ചതിന്റെ രേഖകളോ പരിശോധനയ്ക്കായി നൽകിയിട്ടില്ല. ആകയാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 13,200/- രൂപ ചെലവിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

**1-37 ആശ്രയ പദ്ധതി നടത്തിപ്പ് - 60 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ ബാക്കിനിൽക്കുന്നു**

ആശ്രയ പദ്ധതിക്കായി നഗരസഭ വിവിധ കാലഘട്ടങ്ങളിൽ വിവിധ ആവശ്യങ്ങൾക്ക് അനുവദിച്ച തുകയും പലിശയും ചേർത്ത് 61,64,541/- രൂപ 31.03.2023 ൽ അക്കൌണ്ടിൽ (കാനറ ബാങ്ക് അക്കൌണ്ട് നം. 2320101072894) ഉപയോഗിക്കാതെ ബാക്കി നിൽക്കുന്നു.

നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ പദ്ധതി നടത്തിപ്പിന് പത്ത് ലക്ഷം രൂപ ഇതിനായുള്ള പ്രത്യേക അക്കൌണ്ടിലേക്ക് (കാനറ ബാങ്ക്

അക്കൌണ്ട് നം. 2320101072894) കൈമാറിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം (18/13.01.24) നൽകിയ ശേഷം ഈ തുക പോഷകാഹാര വിതരണത്തിന് വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയെങ്കിലും അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ഏത് ആവശ്യത്തിന് അനുവദിക്കപ്പെട്ടു എന്നതടക്കമുള്ള വിവരങ്ങൾ ലഭ്യമല്ല. 2022-23 ൽ മാത്രം 1,93,403/- രൂപ ഈ അക്കൌണ്ടിൽ പലിശ വരവ് വന്നിട്ടുണ്ട്.

ആശ്രയ പദ്ധതിക്കായുള്ള പ്രത്യേക അക്കൌണ്ടിൽ ബാക്കിയുള്ള പണം ഏത് ആവശ്യത്തിലേക്ക് അനുവദിക്കപ്പെട്ടു എന്ന് പരിശോധിച്ച് ഉറപ്പിക്കേണ്ടതും സമയ ബന്ധിതമായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതും പലിശയടക്കമുള്ള വരവിന്റെ വിനിയോഗം സംബന്ധിച്ച് വിശദാംശം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

**1-38 ബയോ കംപോസ്റ്റർ ബിൻ - വിതരണം പൂർണ്ണമല്ല, ജി.എസ്.റ്റി ഈടാക്കിയില്ല**

പ്രോജക്ട് – S00382/23, ബയോ കംപോസ്റ്റർ ബിൻ
അടങ്കൽ- 9979201 രൂപ (4161327രൂപ -സി.എഫ്.സി ഗ്രാന്റ്, 3492720 രൂപ-കേന്ദ്രഫണ്ട്, 2325154 രൂപ – സംസ്ഥാന ഫണ്ട്)
ചെലവ് – 4161327 രൂപ – സി.എഫ്.സി ഗ്രാന്റ്
ബിൽ നം. – 630/16.3.23 – 1995840 രൂപ
827/31.3.23 - 738560 രൂപ
828/31.3.23 – 1426927 രൂപ

സെക്രട്ടറി നിർവ്വഹണം നടത്തിയ ബയോ കംപോസ്റ്റർ ബിൻ എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ദൃശ്യമായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ബയോ കംപോസ്റ്റർ ബിന്നിന് 1930/- രൂപ പരമാവധി യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് 4616 എണ്ണം വാങ്ങി വിതരണം ചെയ്യുന്നതിനാണ് ശുചിത്വമിഷന്റെ അംഗീകാരം 21.12.2022 ൽ ലഭിച്ചത്. ഇതിന്റെ വിലയും 12 ശതമാനം ജി.എസ്.റ്റിയും ചേർത്ത് 99,77,946/- രൂപ അടങ്കൽ നിശ്ചയിച്ച് പ്രോജക്ടിന് അംഗീകാരവും വാങ്ങി. യൂണിറ്റിന് നികുതി അടക്കം 1600/- രൂപയ്ക്ക് വിതരണം ചെയ്യാമെന്ന് ഐ.ആർ.റ്റി.സി 20.01.2023 ൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 01.03.2023 ൽ കരാറിലെത്തുകയും ചെയ്തു. ഈ നിരക്കിൽ 4616 ബിന്നിന് 73,85,600/- രൂപ മതിയാകും. എന്നാൽ ഇതിനനുസൃതമായി പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല.

ബി) ബയോ കംപോസ്റ്റർ ബിൻ സപ്ലൈ ചെയ്യുന്നതിനായി 41,61,327/- രൂപ 2022-23 ൽ ഐ.ആർ.റ്റി.സിക്ക് നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് തീയതി വരെ 2548 ബിന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിന് ആവശ്യമായ തുക 40,76,800/- മാത്രമാണ്. അതായത് 84527/- രൂപയുടെ (4161327 - 40,76,800) ബിന്നുകൾ ഇനിയും ലഭിക്കാനുണ്ട്. (22.12.2023 ൽ വീണ്ടും 6,61,760/- രൂപ ഐ.ആർ.റ്റി.സിക്ക് മുൻകൂറായി നഗരസഭ നൽകിയിട്ടുണ്ട്). ബയോ കംപോസ്റ്റർ ബിന്നിന്റെ വിതരണം പൂർത്തിയാകാത്ത സാഹചര്യത്തിൽ 2022-23ൽ ഐ.ആർ.റ്റി.സി ക്ക് നല്കിയ 41,61,327/- രൂപയിൽ 84,527/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി) സപ്ലൈ ചെയ്ത ബിന്നുകളിൽ രണ്ടെണ്ണം ഉപയോഗക്ഷമമല്ല എന്ന് നോട്ട് ഫയലിൽ നിന്ന് വ്യക്തമാകുന്നു. ഇത് മാറ്റി നൽകിയിട്ടുള്ളതായി കാണുന്നില്ല. ആകയാൽ ആയതിന്റെ വിലയായ 3200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡി) ചരക്ക് സേവന നികുതി ചട്ടങ്ങൾ പ്രകാരം 2.5 ലക്ഷം രൂപയിലധികം വില വരുന്ന സാധന സേവനങ്ങൾ വാങ്ങുമ്പോൾ വിലയുടെ രണ്ട് ശതമാനം ചരക്ക് സേവന നികുതി (SGST, CGST 1% വീതം)

ഉൽഭവത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ബിന്നുകൾ വാങ്ങുന്നതിന് 41,61,327/- രൂപ ഐ.ആർ.റ്റി.സി ക്ക് അനുവദിച്ചപ്പോൾ ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ട രണ്ട് ശതമാനം ജി.എസ്.റ്റി കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. 83,227/- രൂപ (4161327x2%) ഇത്തരത്തിൽ ഈടാക്കി ഒടുക്കേണ്ടിയിരുന്നു. ഫൈനൽ ബില്ലിൽ നിന്നും ആകെ 4616 ബിന്നിന്റേയും വിലയുടെ രണ്ട് ശതമാനം ചരക്ക് സേവന നികുതി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

(അപാകത്തിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/10.01.2023) മറുപടി ലഭ്യമായില്ല).

**1-39 സ്പിൽ ഓവർ പ്രോജക്ട് നടപ്പാക്കിയില്ല - നഗരസഭയ്ക്ക് ഫണ്ട് നഷ്ടം**

വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) വകയിരുത്തി നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ 2021-22 ൽ വിഭാവനം ചെയ്ത ചില പ്രോജക്ടുകൾ ആ വർഷം പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാൽ സ്പിൽ ഓവറായി 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ആയതിൽ താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ ഈ വർഷവും നടപ്പാക്കാനായില്ല.

1) പ്രോജക്ട് നം. S00016, ഭവന നിർമ്മാണ ആനുകൂല്യം നൽകിയിട്ടുള്ളവർക്ക് തുടർ ഗഡു അനുവദിക്കൽ – അടങ്കൽ 1,00,000/- രൂപ

2) പ്രോജക്ട് നം. S00018, വിവാഹ ധനസഹായം (എസ്.സി) – അടങ്കൽ – 1,25,000/- രൂപ

ഇപ്രകാരം സ്പിൽ ഓവർ പ്രോജക്ട് നടപ്പാക്കാതിരുന്നത് വഴി നഗരസഭക്ക് 2.25 ലക്ഷം രൂപയുടെ ഫണ്ട് നഷ്ടമകുന്ന സ്ഥിതിയുണ്ടായി. ഇതിന്റെ കാരണം വ്യക്തമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/12.01.2024) മറുപടിയും ലഭ്യമായില്ല.

നിർവ്വഹണോദ്യോഗസ്ഥ യഥാകാലം പ്രോജക്ട് നടപ്പാക്കാതിരുന്നത് വഴി നഗരസഭയ്ക്ക് ഫണ്ട് നഷ്ടമായതിനെ കുറിച്ച് യുക്തമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

**1-40 പ്രിൻസിപ്പൽ നിർവ്വഹിച്ച പ്രോജക്ടുകൾ - വാങ്ങലിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല**

26.4.2019 ലെ GO(P)7/2019/SPD-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 25,000/- രൂപയിൽ അധികമായ ഏത് വാങ്ങലും ജെം പോർട്ടൽ (Govt. E- Mart) വഴിയാകണം നടത്തേണ്ടത്. ഏതെങ്കിലും സാധനം ജം പോർട്ടലിൽ ലഭ്യമല്ലാത്ത പക്ഷം അത് കൃത്യമായി പരിശോധിച്ചുറപ്പിച്ചും വ്യക്തമാക്കിയും മറ്റ് മാർഗ്ഗത്തിലൂടെ വാങ്ങാമെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. (GO(P)13/19SPD Dated 25.10.2019). എന്നാൽ ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ഈ നിബന്ധന പാലിക്കപ്പെട്ടില്ല. പകരം ക്വട്ടേഷൻ വഴിയാണ് ഇവ വാങ്ങിയിരിക്കുന്നത്. ക്വട്ടേഷനിലും മത്സരക്ഷമത ഉറപ്പാക്കാനായിട്ടില്ല.

ഗവ. BHSS ആഡിറ്റോറിയത്തിന് കസേര വാങ്ങുന്നതിനുള്ള പ്രോജക്ടിൽ 'നീൽകമൽ' എന്ന ബ്രാന്റിന്റെ ആംലസ് ചെയറുകളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സിഡ്കോ, ആർട്കോ എന്നീ സർക്കാർ ഏജൻസികളിൽ നിന്ന് മാത്രമാണ് ക്വട്ടേഷൻ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾ നിർമ്മിക്കാത്തതും അവയുടെ റേറ്റ് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ഇനങ്ങൾ വാങ്ങുമ്പോൾ പൊതുവിപണിയിൽ നിന്ന് ക്വട്ടേഷൻ സ്വീകരിക്കണം എന്ന വ്യവസ്ഥയും ലംഘിക്കപ്പെട്ടു. ഇവ വാങ്ങുന്നതിനായി തയ്യാറാക്കിയ ക്വട്ടേഷൻ നോട്ടീസിന്റെ പകർപ്പ് ഫയലില്ല. ക്വട്ടേഷനുകൾ നഗരസഭ, വില്ലേജ് ഓഫീസ് മുതലായ പൊതുസ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചതായും കാണുന്നില്ല.

**പ്രോജക്ടുകളുടെ വിവരം**

എ) ഗവ.സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ – S0472/23

അടങ്കൽ, ചെലവ് – 100000/- രൂപ, ബിൽ റഫ. നം. 1536277/28.03.23
ബി) ഗവ.BHSS ആഡിറ്റോറിയത്തിന് കസേര – S0416/23
അടങ്കൽ, ചെലവ് – 120000/- രൂപ, ബിൽ റഫ. നം. 1460241/24.03.23
സി) നഗരസഭാ പരിധിയിലെ സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ- S0543/23
അടങ്കൽ, ചെലവ് – 100000/- രൂപ, ബിൽ റഫ. നം. 1536243/28.03.23

സർക്കാർ നിർദ്ദേശം മറികടന്ന് വാങ്ങൽ നടത്തിയതിന്റെ കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് (1/08.01.2024), പ്രിൻസിപ്പലിന് ജെം ഐ.ഡി ഇല്ലാത്തതിനാലാണ് വാങ്ങാൻ കഴിയാതിരുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. ജെം ഐ.ഡി ഇല്ലാത്ത നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണത്തിനാവശ്യമായ സാങ്കേതിക സൌകര്യം ഒരുക്കിക്കൊടുക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് 25000/- രൂപയിൽ അധികമായ ഏത് വാങ്ങലും ജെം പോർട്ടൽ വഴി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും ഇനം ജെം പോർട്ടലിൽ ലഭ്യമല്ലാത്തപക്ഷം പ്രൊക്യുയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച്കൊണ്ട് മാത്രം ആയവ വാങ്ങേണ്ടതും ക്വട്ടേഷൻ/ടെന്റർ ക്ഷണിക്കുമ്പോൾ മത്സരക്ഷമത ഉറപ്പാക്കേണ്ടതുമാണ്.

**1-41 യു.പി.എസ് വാങ്ങൽ - ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല**

സെക്രട്ടറി നിർവ്വഹണം നടത്തിയ 'നഗരസഭയ്ക്ക് യു.പി.എസ് വാങ്ങൽ' എന്ന പ്രോജക്ട് വഴി 4.25 ലക്ഷം രൂപ വിനിയോഗിച്ച് ഹൈകോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് ജെം പോർട്ടലിലൂടെ 10 കിലോ വാട്ട് ശേഷിയുള്ള യു.പി.എസ് ബാറ്ററി സഹിതം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപനം 5.11.22 ൽ ലഭ്യമാക്കിയ OLG-B/2223004701 നമ്പർ ബിൽ പ്രകാരം 3,38,586/- രൂപ ഉപകരണങ്ങളുടെ വിലയും 86,414/- രൂപ ചരക്ക് സേവന നികുതിയുമാണ്. ചരക്ക് സേവന നികുതി ചട്ടങ്ങൾ പ്രകാരം 2.5 ലക്ഷം രൂപയിലധികം വില വരുന്ന സാധന സേവനങ്ങൾ വാങ്ങുമ്പോൾ വിലയുടെ രണ്ട് ശതമാനം ചരക്ക് സേവന നികുതി (SGST, CGST 1% വീതം) ഉൽഭവത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ വാങ്ങലിൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. 2% ചരക്ക് സേവന നികുതി (6772/- രൂപ) ഉത്ഭവത്തിൽ കുറവ് ചെയ്യാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/11.01.24) മറുപടിയും ലഭ്യമായില്ല. 6772/- രൂപ സപ്ലയറിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ

പ്രോജക്ട് – നം. S00372/23, നഗരസഭക്ക് യു.പി.എസ് വാങ്ങൽ
അടങ്കൽ – 4,50,000 രൂപ
ചെലവ് – 4,25,000 രൂപ (കേന്ദ്ര ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്)
ബിൽ നം. 651/17.03.23.

**1-42 വാംബേ പദ്ധതി - അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടില്ല**

ഫയൽ നം.3956/08
2005-06 വർഷം ആരംഭിച്ച ഭവന നിർമ്മാണ പദ്ധതിയായ വാംബേ പദ്ധതി 2016-17 വർഷം പൂർത്തീകരിച്ച സാഹചര്യത്തിൽ, പദ്ധതിയിൽ ശേഷിച്ച 34,46,711/- രൂപ (3 അക്കൗണ്ടുകളിലായി ശേഷിച്ചത്) എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ 2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം കാനറ ബാങ്കിലുള്ള വാംബേയുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം.56332) നിലവിൽ 88,865/- രൂപ ബാലൻസ് നിൽക്കുന്നു. പ്രസ്തുത തുക, ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾ തിരിച്ചടച്ചിട്ടുള്ളതാണോ എന്നും, ഇടപാടുകളില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നും വിശദീകരിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.10 തീയതി 10-01-2024) ലഭിച്ച

മറുപടിയിൽ വാംബേ അക്കൗണ്ടിൽ ശേഷിച്ചിരുന്ന തുകയ്ക്ക് പലിശയായി പിന്നീട് ലഭിച്ച തുകയാണിതെന്നും ഇടപാടുകൾ ഇല്ലാത്തതിനാൽ അക്കൗണ്ടിൽ നിന്നും ടി തുക 28-06-2023 ൽ റിസർവ്വ് ബാങ്ക് തിരികെ എടുത്തുവെന്നും, ബാങ്കിൽ നിന്നും തുക തിരിച്ച് ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു (നഗരസഭാ സെക്രട്ടറിയുടെ 15.01.2024 ലെ കത്ത്). തുക തിരികെ ലഭിക്കുമ്പോൾ വാംബേയുടെ അക്കൗണ്ട് ക്ലോസ് ചെയ്ത് 88,865/- രൂപ തനതു ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-43 മൊബൈൽ ഫോൺ വാങ്ങൽ - സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല**

06.04.2022 ലെ സ.ഉ (സാധാ) നം.873/2022/LSGD-ാം നമ്പർ ഉത്തരവ് പ്രകാരം നഗരസഭ അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവർക്ക് തനത് ഫണ്ടിൽ നിന്നും മൊബൈൽ ഫോൺ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ 15000/- രൂപ വിലയുള്ള 2 മൊബൈൽ ഫോണുകൾ വാങ്ങിയിട്ടുണ്ട്. ടി ഉത്തരവിൽ, ഇപ്രകാരം വാങ്ങുന്ന മൊബൈൽ ഫോൺ നഗരസഭയുടെ ആസ്തിയായി പരിഗണിച്ച് ഐ.എം.ഇ.ഐ. നമ്പർ സഹിതം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അദ്ധ്യക്ഷൻ / ഉദ്യോഗസ്ഥൻ ചുമതലയൊഴിയുമ്പോൾ പുതുതായി ചുമതലയേല്ക്കുന്ന അദ്ധ്യക്ഷന് / ഉദ്യോഗസ്ഥന് കൈമാറുവാൻ നിർദ്ദേശിക്കുന്നുണ്ട്. തനത് ഫണ്ടിൽ നിന്നും 30,000/- രൂപ ചെലവഴിച്ച് (ചെക്ക് നം. 2113341/11.04.2022 പ്രകാരം) വാങ്ങിയ 2 മൊബൈൽ ഫോണുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമല്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/16.01.2024) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ഫോൺ സ്റ്റോക്കിലെടുത്ത് വിതരണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതും ഉത്തരവ് പാലിച്ച് ഉപയോഗിക്കേണ്ടതുമാണ്.

**1-44 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | S0375/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| മുൻകൂർ തുക | : | ₹4,98,892/- |
| ചെലവു വിവരം | : | ₹29,077/- തീയതി 9.12.22,<br>₹7,298/- തീയതി 1.3.23,<br>₹42,216/- തീയതി 9.12.22,<br>₹23,352/- തീയതി 9.12.22,<br>₹29,647/- തീയതി 4.02.23,<br>₹48,200/- തീയതി 4.02.23,<br>₹43,001/- തീയതി 21.02.23,<br>₹28,345/- തീയതി 8.12.22,<br>₹20,856/- തീയതി 21.02.23,<br>₹58,839/- തീയതി 21.02.23,<br>₹87,568/- തീയതി 21.02.23,<br>₹25,858/- തീയതി 29.03.23, |

| | |
|---|---|
| | ₹54,635/- തീയതി 1.03.23 |

നഗരസഭയിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ഓഡിറ്റ് വർഷം വിവിധ ബില്ലുകൾ പ്രകാരം 4,98,892/- രൂപ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും, തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം. 31/16.01.24).

**1-45 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വ്യവസ്ഥകൾ ഇല്ലാതെയുള്ള പദ്ധതി നടത്തിപ്പ്**

1. പ്രോജക്ട് നം.S0220/23
സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് – സോൺ 1
ഫണ്ട് :- കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്
അടങ്കൽ :- 267900/-
ചെലവ് വിവരം

1.ബിൽ നം.140/1-09-2022, ₹1,38,960/-

2.ബിൽ നം.173/26-09-2022, ₹46,320/-

3.ബിൽ നം.290/23-12-2022, ₹82,620/-

2.പ്രോജക്ട് നം. S0221/23
സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് – സോൺ 2
അടങ്കൽ :- ₹288480 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ് വിവരം

1.ബിൽ നം.142/1-09-2022, ₹1,40,160/-

2.ബിൽ നം.171/26-09-2022, ₹46720/-

3.ബിൽ നം.288/23-12-2022, ₹81200/-

3. പ്രോജക്ട് നം.S0222/23
സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് – സോൺ 3
അടങ്കൽ :- ₹269700 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ് വിവരം

1.ബിൽ നം.152/5-09-2022, ₹1,34,223/-

2.ബിൽ നം.551/14-02-2023, ₹133387/-

4. പ്രോജക്ട് നം.S0223/23
സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് – സോൺ 4
അടങ്കൽ :- ₹ 282020(cfc)
ചെലവ് വിവരം

1.ബിൽ നം.141/1-09-2022, ₹1,40,610/-

2.ബിൽ നം.172/26-09-2022, ₹46870/-

3.ബിൽ നം.289/23-12-2022, ₹93740/-

5. പ്രോജക്ട് നം. S0224/23
സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് – സോൺ 5
അടങ്കൽ :- ₹274940 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് വിവരം

1.ബിൽ നം.181/6-10-2022, ₹135045/-

2.ബിൽ നം. 552/26-03-2023, ₹135045/-

നഗരസഭയിലെ 44 വാർഡുകൾ 5 സോണുകളായി തിരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി അടങ്കൽ നിശ്ചയിച്ച് 5 പ്രോജക്ടുകളാക്കി തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ഇതിൽ സോൺ 1, 2, 4 എന്നിവയ്ക്ക് ശ്രീ. ഹരികുമാർ അക്ഷര ഇലക്ട്രിക്കൽസിന്റെയും സോൺ 3, 5 എന്നിവയ്ക്ക് ശ്രീ. അനസ്സ്, ന്യൂടെക് അസോസിയേറ്റ്സിന്റെയും കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകളിൽ ഓരോ സോണിലെ പ്രവൃത്തിക്കും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അടങ്കൽ നിർണ്ണയിച്ചിട്ടുണ്ട്. വാർഡ് കൗൺസിലർമാരുടെ ജോയിന്റ് ഇൻസ്പെക്ഷൻ പ്രകാരമാണ് ബൾബുകളുടെ തരം, എണ്ണം എന്നിവ നിശ്ചയിച്ചിട്ടുള്ളത്. ഓരോതരം ബൾബും മെയിന്റനൻസ് ചെയ്യേണ്ട എണ്ണം, റേറ്റ് ഇവ സംബന്ധിച്ച് കെ.എസ്.ഇ.ബി യുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാതെയാണ് അടങ്കൽ നിർണ്ണയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ പ്രകാരം ആധികാരികതയില്ലാതെ നിർണ്ണയിച്ച അടങ്കൽ വെച്ചാണ് 5 ടെണ്ടറുകളും ക്ഷണിച്ചിട്ടുള്ളത്.

2. കരാറിൽ വ്യവസ്ഥകൾ പൂർണ്ണമല്ല. വർക്കുകൾ ഏതു ദിവസം, ഏതു സമയം നടത്തണമെന്നോ, പെയ്മെന്റ് ഗഡുക്കളായി എപ്രകാരം നൽകുമെന്നോ എന്നതു സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ആരുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ നടത്തണമെന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ കരാറിൽ ഇല്ല. നഷ്ടപരിഹാരതുക സംബന്ധിച്ച വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. കരാറുകാരൻ പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു പരാതി രജിസ്റ്ററും സൂക്ഷിച്ചിരുന്നില്ല.

4. കേടായ ബൾബുകൾ, മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവീസബിൾസിൽ ചേർക്കേണ്ടതാണ്. എന്നാൽ ഇങ്ങനെയൊരു രജിസ്റ്റർ പരിപാലിച്ചിരുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.50 തീയതി 19.01.2024) മറുപടി ലഭിച്ചില്ല. വിവിധ പദ്ധതികൾക്കായി നടത്തപ്പെടുന്ന ചെലവുകൾ ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശകലനം ചെയ്ത് സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-46 ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ - വില മുൻകൂറായി ഒടുക്കിയിട്ടും മുഴുവൻ ഉപകരണങ്ങളും ലഭിച്ചില്ല**

പ്രോജക്റ്റ് നം.- S0556/23

ഫണ്ട്- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

നിർവഹണ ഉദ്യോഗസ്ഥൻ:-സൂപ്രണ്ട്, താലൂക്ക് ആശുപത്രി

അടങ്കൽ - 25,75,000/-

ചെലവ് വിവരങ്ങൾ (ആകെ ചെലവ് ₹24,84,147/-)

ടി പ്രോജക്ടു പ്രകാരം ആശുപത്രി / ലാബ് ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) 24,84,147/- രൂപ മുൻകൂർ നൽകിയിരുന്നു. KMSCL ഹാജരാക്കിയ പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയത്. എന്നാൽ ഓഡിറ്റ് തീയതി വരെ (ജനുവരി 2024 വരെ) 7,77,252/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭിച്ചത്. ചുവടെ

ചേർക്കും പ്രകാരമുള്ള 17,06,888/- രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.

| ക്രമ നം. | ലഭിക്കുവാനുള്ള ഉപകരണം | ബിൽ നം. | ബിൽ തീയതി | തുക |
|---|---|---|---|---|
| 1 | ICU Cot Model C | 766/23 | 27.03.23 | 1,36,108 |
| 2 | ICU Cot Model C(4Nos)<br>Defibrillator With Cardiac Monitor | 783/23 | 28.03.23 | 7,28,431 |
| 3 | Multiparameter Monitor And Monitor Stand | 784/23 | 28.03.23 | 8,42,349 |
| | ആകെ | | | 17,06,888/- |

മേൽ വിഷയത്തിൽ വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-42 /17.01.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ലഭിക്കാൻ ബാക്കിയുള്ള ഉപകരണങ്ങളുടെ വിലയിനത്തിൽ നല്കിയ 17,06,888/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി

**പ്രോജക്റ്റ് നം**- S0340/23

**അടങ്കൽ** – ₹22,87,000/-

**ഫണ്ട്**- മെയിന്റനൻസ് ഫണ്ട്(റോഡിതരം)

താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പിലാക്കിയ 'താലൂക്ക് ആശുപത്രിയിൽ മരുന്ന് വാങ്ങൽ' എന്ന പ്രോജക്റ്റ് പ്രകാരം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ കൺസ്യൂമർഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി. വിശദാംശം ചുവടെ ചേർക്കുന്നു.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.6.4(1)(i) പ്രകാരം (സ.ഉ (കൈ)115/2022 /ത.സ്വ.ഭ.വ. തീയതി 28-05-2022) അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മാത്രമെ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. KMSCL യിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും വാങ്ങാമെന്നും, ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, സപ്ലൈകോ, ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ നിന്നും വാങ്ങാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി മാർഗ്ഗരേഖനിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ (KMSCL) നിന്നും നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി, മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത നീതി മെഡിക്കൽസിൽ നിന്നുമാണ് മുഴുവൻ മരുന്നുകളും വാങ്ങിയത്. ആയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.-38 തീയതി 17-01-2024) മറുപടി ലഭ്യമാക്കിയില്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1 | 591 | 01.03.2023 | 9,43,453 |
| 2 | 609 | 10.03.2023 | 4,60,969 |
| 3 | 748 | 27.03.2023 | 5,10,006 |
| 4 | 802 | 29.03.2023 | 3,72,550 |
| | | | 22,86,978 |

നീതി മെഡിക്കൽസിൽ നിന്ന് ലഭ്യമാക്കിയ ബിൽ പരിശോധിച്ചതിൽ, നിയമാനുസൃത ജി.എസ്.റ്റി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഈടാക്കിയിരുന്നില്ലായെന്നു കാണുന്നു. മാർഗ്ഗരേഖക്ക് വിരുദ്ധമായി നടത്തിയ 22,86,978/- രൂപയുടെ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടുമില്ല. ആയതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-48 ഭവന അറ്റകുറ്റപ്പണി - ധനസഹായ വിതരണത്തിൽ തുല്യതക്കുള്ള അവകാശം ലംഘിക്കപ്പെട്ടു**

നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ ഭവന അറ്റകുറ്റപ്പണി (ജനറൽ) എന്ന പ്രോജക്ട് (നം.S0304/23) പ്രകാരം 93 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുകയുണ്ടായി. 36 പേർക്ക് ഒരു ഗഡുവും 57 പേർക്ക് രണ്ടു ഗഡുവും നല്കുന്നതിനായി 25,54,000/- രൂപ ചെലവഴിച്ചു (അടങ്കൽ 33 ലക്ഷം രൂപ). എന്നാൽ ഈ പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയത് വ്യത്യസ്ത നിരക്കിലാണ്. വിശദാംശം ചുവടെ.

ഭവന അറ്റകുറ്റപ്പണി നടത്തിയ ഗുണഭോക്താക്കൾക്ക് പണം അനുവദിക്കുന്നത് അവർ നടത്തിയ അറ്റകുറ്റപ്പണിയുടെ മൂല്യനിർണ്ണയത്തിന് ആനുപാതികമായി വേണം. എന്നാൽ ഇവിടെ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിന് ആനുപാതികമയല്ല ധനസഹായം വിതരണം ചെയ്തത്. അറ്റകുറ്റപ്പണിക്ക് കൂടുതൽ തുക ചെലവഴിച്ചവർക്ക് നല്കിയതിലും കൂടുതൽ ധനസഹായം, കുറഞ്ഞ തുക ചെലവഴിച്ചവർക്ക് നല്കി.

ഉദാഹരണമായി, ശ്രീമതി കൃഷ്ണമ്മാൾ, ബി.വി.നിവാസ്, തോട്ടിന്റെ വടക്കതിൽ, ഡിവിഷൻ 35 എന്ന ഗുണഭോക്താവ് നടത്തിയ ഭവന പുനരുദ്ധാരണ പ്രവർത്തനത്തിന്റെ മൂല്യം 50,000/- രൂപയായാണ് നഗരസഭ ഓവർസിയർ കണക്കാക്കിയത്. (സർട്ടിഫിക്കറ്റ് നം.341/18/AEE/LSGD/KYLM തീയതി 30.01.2023). ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി കൃഷ്ണമ്മാളിന് 20,000/- രൂപയാണ് ധനസഹായമായി അനുവദിച്ചത്.

എന്നാൽ, ശ്രീമതി സുധർമ്മ, പുത്തൻ പണ്ടകശ്ശാല, ഡിവിഷൻ 36 എന്ന ഗുണഭോക്താവ് നടത്തിയ ഭവന പുനരുദ്ധാരണ പ്രവർത്തനത്തിന്റെ മൂല്യം 40,000/- രൂപയായാണ് നഗരസഭ ഓവർസിയർ കണക്കാക്കിയത് (നമ്പർ രേഖപ്പെടുത്താത്ത 20.03.2023 ലെ സർട്ടിഫിക്കറ്റ്). എന്നാൽ ഈ ഗുണഭോക്താവിന് 25,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.

സമാനമായ തുല്യതാ രാഹിത്യം 1) പ്രോജക്ട് നം. S0305/23 - ഭവന അറ്റകുറ്റപ്പണി തുടർ ഗഡു നൽകൽ, 2) പ്രോജക്ട് നം. S00020/23 - ഭവന അറ്റകുറ്റപ്പണി തുടർ ഗഡു നൽകൽ (ജനറൽ), 3) പ്രോജക്ട് നം. S0326/23 - ഭവന അറ്റകുറ്റപ്പണി (എസ്.സി) എന്നിവയിലും ദൃശ്യമാണ്. സമാനമായ അപാകം 2021-22 ലും ഉണ്ടായിരുന്നത് ആ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും (ഖ.1-31) അവകാശ ലംഘനം ആവർത്തിക്കുകയാണ് ഉണ്ടായത്.

തുല്യതക്കുള്ള അവകാശം ലംഘിക്കപ്പെട്ടത് ഗുരുതര വീഴ്ചയാണ്. ഇതു സംബന്ധിച്ച് ഭരണസമിതി യുക്തമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കാതിരിക്കാൻ കർശനമായി ശ്രദ്ധ പുലർത്തേണ്ടതാണ്. വിഷയത്തിൽ ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-49 മഴക്കാലപൂർവ ശുചീകരണം - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല**

മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ (PH1/351/2008) 44 വാർഡുകളിലെ വാർഡ് സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടിലേയ്ക്ക് 2022-23 വർഷം 12,500/-രൂപ വീതം നല്കിയിട്ടുണ്ട്. 1 മുതൽ 32 വരെയുള്ള വാർഡുകളിലെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28/ 16.01.2024) മറുപടി

ലഭ്യമാക്കിയില്ല. ആയതിനാൽ, 4,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ചെക്ക് നം.-422145/തീയതി 19.11.22).

**1-50 കോക്ലിയാർ ഇംപ്ലാന്റേഷൻ-മെയിന്റനൻസ് - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല**

പ്രോജക്ട് നം. S0362/23
കോക്ലിയാർ ഇംപ്ലാന്റേഷൻ – മെയിന്റനൻസ്
വികസന ഫണ്ട് (ജനറൽ) – 2,00,000/-
നിർവഹണം :- ഐ.സി.ഡി.എസ്.സൂപ്പർവൈസർ
ചെലവ് വിവരം

ബിൽ നം. BRN 22070347000800676243 തീയതി 21-10-2022 രൂപ 200000/-

കോക്ലിയാർ ഇംപ്ലാന്റേഷൻ – മെയിന്റനൻസ് എന്ന പദ്ധതി പ്രകാരം, നഗരസഭയിലെ കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ 4 കുട്ടികൾക്ക് ഉപകരണം മെയിന്റനൻസ് ചെയ്തു നൽകുന്നതിനായി ഒരാൾക്ക് 50000/- രൂപ കണക്കാക്കി 200000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് മേൽപ്പറഞ്ഞ ബിൽ പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്. ഉപയോഗിച്ച തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം, തുക ശേഷിച്ചിട്ടുണ്ടെങ്കിൽ റി ഫണ്ട് ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി 12.01.2024) മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ നടത്തിയ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-51 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 4,68,315/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല**

പ്രോജക്ട് നം.S0341/23
ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
ഫണ്ട് :-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)
നിർവഹണം :- മെഡിക്കൽ ഓഫീസർ (ഹോമിയോ)
അടങ്കൽ :- ₹20,00,000/-
ചെലവ് വിവരം
ബിൽ നം.-22070347001001113650 / 24-01-2023, ₹19,00,000/-

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും 19,00,000/- രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചു. എന്നാൽ 14,31,685/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂവെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി 16.01.2024) ലഭ്യമാക്കിയ മറുപടിയിൽ, 4,68,315/- രൂപയുടെ മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും 4,68,315/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-52 താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - ചരക്ക് സേവന നികുതി കുറവ് ചെയ്യാതെ ബിൽ തുക അനുവദിച്ചു**

സർക്കാർ വകുപ്പുകൾ / പ്രാദേശിക സർക്കാരുകൾ തുടങ്ങിയവ തങ്ങൾ നല്കുന്ന ചരക്ക് സേവനങ്ങൾക്കുള്ള പെയ്മെന്റ്, 2.5 ലക്ഷത്തിനുമുകളിലുള്ള കരാർ പ്രകാരമുള്ളതാണെങ്കിൽ സ്രോതസ്സിൽ നിന്നും 2% GST പിടിച്ച് ഒടുക്കേണ്ടതാണ് (Sec 51(1) CGST Act.). എന്നാൽ കായംകുളം താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവഹണം നടത്തിയ പ്രോജക്ടുകളിൽ നിന്നും നിയമാനുസൃതമായി കുറവ് ചെയ്യേണ്ട ജി.എസ്.റ്റി.

വിഹിതം (2%) കുറവ് ചെയ്യിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | സ്ഥാപനത്തിന്റെ പേര് | ബിൽ തുക (₹) | ബിൽ നം. / തീയതി |
|---|---|---|---|
| S0555/23 (താലൂക്ക് ആശുപത്രിയിലേക്ക് വാട്ടർ പ്യൂരിഫയർ വാട്ടർടാങ്ക് സ്ഥാപിക്കൽ) | HYOX Water Scientists | 3,28,512 | 804/29.03.23 |
| S0546/23 (താലൂക്ക് ആശുപത്രിയിലേക്ക് RO പ്ലാന്റ് ഫിൽറ്റർ എന്നിവ സ്ഥാപിക്കൽ) | HYOX Water Scientists | 2,95,400 | 611/10.03.23 |
| S0545/23 (താലൂക്ക് ആശുപത്രിയിൽ മിനി വാട്ടർ കിയോസ്ക് വാങ്ങൽ) | Ample Air Systems | 3,99,900 | 610/10.03.23 |

ടി ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.42 തീയതി 17.01.2024) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.റ്റി ഇനത്തിൽ ഈടാക്കേണ്ട തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 1-53 മൂല്യവർദ്ധിത നികുതി- 1.4 ലക്ഷം രൂപ സർക്കാരിലേക്ക് ഒടുക്കിയില്ല

2017 ജൂലൈ 1 ന് ചരക്ക് സേവന നികുതി നിലവിൽ വരുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന മൂല്യവർദ്ധിത നികുതിയിനത്തിൽ നഗരസഭ വിവിധ വിതരണക്കാരിൽ നിന്നും മരാമത്ത് കരാറുകാരിൽ നിന്നും പിരിച്ചെടുത്ത തുക നിലവിലും നഗരസഭയുടെ ബാധ്യതയായി തുടരുന്നുണ്ട്. വാർഷിക കണക്കുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക (രൂ.) |
|---|---|---|
| 350200211 | Recoveries Payable _ Value Added Tax-Special Funds | 85,051 |
| 350300400 | VAT Payable | 56,754 |
| | ആകെ | 1,41,805/- |

സർക്കാരിലേക്ക് ഒടുക്കേണ്ട 1,41,805/- രൂപ ബാധ്യതയായി വർഷങ്ങളായി നഗരസഭ ഫണ്ടിൽ തുടരുകയാണ്. തുക ട്രഷറിയിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

## 1-54 ഓഡിറ്റ് റിക്കവറിയിനത്തിൽ 7.19 ലക്ഷം രൂപയുടെ ബാധ്യത

വാർഷിക കണക്കുകൾ പ്രകാരം 7,19,133/- രൂപ നഗരസഭയ്ക്ക് ഓഡിറ്റ് റിക്കവറിയിനത്തിൽ ബാധ്യത

ഹെഡ്ഡിൽ നിലനിൽക്കുന്നുണ്ട് (B-9 പട്ടിക, ഹെഡ് കോഡ്-350200125 പ്രകാരം). ഓഡിറ്റ് റിക്കവറി തുകകൾ, സർച്ചാർജ് നടപടികൾ മുഖാന്തിരം തിരിച്ചടക്കപ്പെട്ട തുകകൾ എന്നിവ സഞ്ചിത നിധിയിൽ നിന്നുള്ള ചെലവുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണപ്രകാരമുള്ളതാണെങ്കിൽ, അവ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ വരവ് വന്ന ഓഡിറ്റ് റിക്കവറി തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിവിധ വർഷങ്ങളിൽ ഓഡിറ്റ് റിക്കവറിയായി നഗരസഭയിൽ ലഭിച്ച തുകകൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. 2022-23 വർഷം സർച്ചാർജ് നടപടിക്ക് വിധേയമായി ലഭിച്ച 16,095/- രൂപ ഉൾപ്പെടെയുള്ള തുകയാണിത്. ഏത് ഫണ്ടിനത്തിൽ നിന്നുള്ള റിക്കവറിയാണിതെന്നും സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുകയാണോയെന്നും പരിശോധിച്ച്, സർക്കാർ ഗ്രാന്റിന്റെ അധിക ചെലവു സംബന്ധിച്ച പരാമർശം പ്രകാരമുള്ള ഓഡിറ്റ് റിക്കവറിയാണെങ്കിൽ തുക ട്രഷറിയിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

## 1-55 ലൈബ്രറി സെസ്- നഗരസഭക്ക് 1.38 കോടി രൂപയുടെ ബാധ്യത

വസ്തുനികുതിയോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തുനികുതിയുടെ 5 ശതമാനം തുക കണക്കാക്കി ലൈബ്രറി സെസ് പിരിച്ചെടുക്കുന്നുണ്ട്. എന്നാൽ നഗരസഭ ഇത് യഥാസമയം സംസ്ഥാന ലൈബ്രറി കൌൺസിലിന് കൈമാറുന്നില്ലായെന്ന് വാർഷിക കണക്ക് പരിശോധനയിൽ ബോധ്യമാകുന്നു. നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 2022-23 വരെ പിരിച്ചെടുത്ത തുകയിൽ 1,38,47,412/- രൂപ ലൈബ്രറി കൌൺസിലിന് കൈമാറുവാൻ അവശേഷിക്കുന്നുണ്ട്. (പട്ടിക – B9 (ഹെഡ് കോഡ് -350300100).

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുക യഥാക്രമം ഏപ്രിൽ 30 നും നവംബർ 30 നും ഉള്ളിൽ രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിച്ച് പലിശ ഈടാക്കുന്നതിനും 20.09.2005-ാം തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10088/എൽ.3/05-ാം നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ലൈബ്രറി സെസ്സായി പിരിച്ച തുക കാലവിളംബം കൂടാതെ സംസ്ഥാന ലൈബ്രറി കൌൺസിലിൽ അടവാക്കേണ്ടതാണ്. ആയതിന്റെ പലിശ ഇനത്തിൽ അടവാക്കേണ്ടിവരുന്ന തുക ഉത്തരവാദികളായ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

## 1-56 റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പൂർത്തീകരണ വിവരമില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ (പ്രോജക്ട് നം.S0528/23) എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 1,32,000/- രൂപ (ബിൽ നം. 108/29.03.23) ശ്രീ. വിഷ്ണു കെ. പി. എന്നയാൾക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ഹാജരാക്കിയ ഫയലിൽ തുക നൽകിയതിന്റെ വിവരമല്ലാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടറുടെ 28.10.2022 ലെ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് പ്രസ്തുത പ്രവൃത്തി 30.11.2022 നുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പ്രവൃത്തിക്കായി കരാർ ചമച്ചിട്ടുള്ളത് തന്നെ 09.02.2023 ലാണ്. കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് സംബന്ധിച്ച വ്യവസ്ഥകളൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/16.01.24) ലഭ്യമാക്കിയ മറുപടിയിൽ സോഫ്റ്റ്വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം വെരിഫിക്കേഷൻ വൈകിയതു മൂലമാണ് പ്രവൃത്തി പൂർത്തീകരണത്തിൽ താമസം നേരിട്ടതെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-57 അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല**

കായംകുളം നഗരസഭ 16-ാം വാർഡിലെ 76, 77 നമ്പർ അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനായി കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ 35,000/- രൂപയുടെ എസ്റ്റിമേറ്റ് നല്കിയതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം. 2134405/28.10.2022 പ്രകാരം 34,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ, വാട്ടർ അതോറിറ്റിയുമായുള്ള എഗ്രിമെന്റ്, വിനിയോഗ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28/16.01.2024) മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 34,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-58 ജി.എസ്.ടി ഉൾപ്പടെ റേറ്റ് നിശ്ചയിച്ചിട്ടുള്ള വാങ്ങലുകളിൽ നിന്ന് ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കുന്നില്ല**

1.പ്രോജക്ട് നം.S0001/23
അങ്കണവാടി ന്യൂട്രീഷൻ പ്രോഗ്രാം
നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ 700000/-(വികസന ഫണ്ട് 500000 + മറ്റുള്ളവ 200000)
ബിൽ നം. 220703470008003602‌03 തീയതി 29-07-2022 തുക 513452/-
2.പ്രോജക്ട് നം.S0023/23
അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)
നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ 6,00,000/-(വികസന ഫണ്ട് 400000 + മറ്റുള്ളവ 200000)
ബിൽ നം.22070347000800360198 തീയതി 22.04.2022 തുക 10,82,825/- (506833 (സ്നേഹ) + 416127 (ദുർഗ്ഗാലക്ഷ്മി) 1,59,865/-(condiments Expenses)

മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം നഗരസഭയിലെ അങ്കണവാടികൾക്ക് സ്നേഹ അമൃതം ഫുഡ് പ്രോഡക്ട്സ് ഭരണിക്കാവ്, ദുർഗ്ഗാലക്ഷ്മി അമൃതം ഫുഡ് പ്രോഡക്ട്സ്, കീരിക്കാട് എന്നീ സ്ഥാപനങ്ങളിൽ നിന്ന് അമൃതം ഫുഡ് സപ്ലിമെന്റ് (റ്റി.എച്ച്.ആർ.എസ്) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ബില്ലുകളിൽ 5% ജി.എസ്.ടി ഉൾപ്പടെയാണ് വില നിശ്ചയിച്ചിട്ടുള്ളതും സ്ഥാപനങ്ങൾ ജി.എസ്.ടി രജിസ്ട്രേഷനോടുകൂടിയവയും ആണ്. 17.06.2021 ലെ കേന്ദ്ര സർക്കുലർ നം. 149/05/2021-GST പ്രകാരം ഉച്ചഭക്ഷണം പോലുള്ള ഭക്ഷണ വിതരണ സേവനങ്ങളെ മാത്രമാണ് ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. അല്ലാത്ത സാഹചര്യങ്ങളിൽ 2,50,000/- ന് മുകളിൽ കരാർ തുക വരുന്നതും ജി.എസ്.ടി ബാധകവുമായ സാധനങ്ങൾക്ക് 1% ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കേണ്ടതാണ്. അതനുസരിച്ച് ഇവിടെ 1% ജി.എസ്.റ്റി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ജി.എസ്.റ്റി ഈടാക്കാതെയാണ് ബിൽ തുക നല്കിയത്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 തീയതി 16.01.2024) ലഭ്യമാക്കിയ മറുപടിയിൽ, അങ്കണവാടി ന്യൂട്രീഷൻ പ്രോഗ്രാം പോഷകാഹാര വിതരണമാണെന്നും ജി.എസ്.ടി ഈടാക്കി ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ഈടാക്കി ഒടുക്കു വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 അനധികൃത നിർമ്മാണങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കുന്നില്ല - വരുമാനം നഷ്ടമാകുന്നു**

നഗരസഭാ ഉദ്യോഗസ്ഥരായ ഓവർസിയർ, റവന്യൂ ഇൻസ്പെക്ടർ എന്നിവർ ഓഡിറ്റ് ടീമിന്റെ സാന്നിദ്ധ്യത്തിൽ നഗരസഭയിലെ 9, 15 എന്നീ വർഡുകളിൽ പരിശോധന നടത്തുകയുണ്ടായി. അതു പ്രകാരം ചുവടെ ചേർക്കുന്ന അനധികൃത നിർമ്മാണങ്ങൾക്ക് നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി.

**1) ഡിവിഷൻ 9 :-** സുൾഫിക്കർ, പാപ്പാടിയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള 9/388, 389, 390 എന്നിങ്ങനെ നമ്പർ നൽകിയിട്ടുള്ള (പഴയത്- 11/ 38, 39, 40) കടമുറികൾ 2003 ന് മുമ്പ് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയവയാണ്. അസസ്മെന്റ് രേഖകൾ പ്രകാരം ഇവയുടെ മേൽക്കൂര ഓട് ആണ്. ഇവയുടെ നികുതി 2011-12 പ്രാബല്യത്തിൽ പരമാവധിയായ 100 ശതമാനം വർദ്ധനവിൽ പുതുക്കിയിട്ടുള്ളതാണ്. യഥാക്രമം 556 രൂപ, 904 രൂപ, 144 രൂപയാണ് ഇവയുടെ വസ്തുനികുതി. നിലവിൽ ഈ കടമുറികളുടെ സ്ഥാനത്ത് കോൺക്രീറ്റ് മേൽക്കൂരയോട് കൂടിയ ഇരുനിലക്കെട്ടിടമാണ് ഉള്ളത്. ഒരോ നിലയ്ക്കും 90.16 ച.മി (9.8X9.2) വീതം ആകെ 180.32 ച.മി. ആണ് കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം. കെട്ടിടത്തിന് വ്യക്തമായ ഘടനാമാറ്റം വന്നിട്ടുണ്ടെങ്കിലും പുതിയ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടില്ല. നഗരസഭയിൽ നിന്ന് പെർമിറ്റ് എടുക്കാതെയാണ് കെട്ടിടം പൊളിച്ച് പണിതത് എന്നും പരിശോധനയിൽ വ്യക്തമായി.

ഇവയുടെ വസ്തു നികുതി പുതുക്കി നിശ്ചയിക്കാതിരുന്നതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

തറവിസ്തീർണ്ണം – 180.32ച.മി.

2022-23 ൽ ബാധകമായ വസ്തുനികുതി നിരക്ക് – 80രൂപ/ച.മി.

ബാധകമായ വാർഷിക വസ്തു നികുതി (180.32x80) – 14426 രൂപ

സമിപസ്ഥ റോഡിന്റെ വീതിക്കനുസൃതമായി വർദ്ധനവ്- 2885 രൂപ (20%)

ഈടാക്കേണ്ട വാർഷിക വസ്തു നികുതി (14426 +2885) – 17311 രൂപ

അനധികൃത നിർമ്മാണമാകയാൽ വകുപ്പ് 242 പ്രകാരം ബാധകമായ വസ്തുനികുതി = 17311x 3 = 51933 രൂപ

ഈടാക്കുന്ന നികുതി – 1604 രൂപ

നികുതിയിലെ കുറവ് – 50329 രൂപ

**2) ഡിവിഷൻ 15 :-** അബൂബക്കർ സിദ്ദിഖ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള ജ്യൂവൽ ഗേറ്റ് എന്ന, വാഹനങ്ങൾ പണം നൽകി പാർക്ക് ചെയ്യുന്ന സ്ഥാപനവും കടമുറിയും പ്രവർത്തിക്കുന്ന നിർമ്മിതിക്ക് പെർമിറ്റ് എടുക്കുകയോ വസ്തുനികുതി അടക്കുകയോ ചെയ്തിട്ടില്ല. റയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് 39 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും ആകെ 585 ച.മീ ഭാഗമാണ് ജി.ഐ പൈപ്പ്, ഷീറ്റ് എന്നിവയുപയോഗിച്ച് മേൽക്കൂര നിർമ്മിച്ചും പാർശ്വങ്ങൾ മറച്ചും അനധികൃതമായി നടത്തിയ നിർമ്മാണത്തിൽ 39.6 ച.മി. ഭാഗം കടമുറിയായും (13.2 മീ. X3മീ.) ബാക്കി 545.4 ച.മീ. ഭാഗം പാർക്കിംഗിനും ഉപയോഗപ്പെടുത്തിവരുന്നു. ഇതിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തത് വഴി നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

തറവിസ്തീർണ്ണം – 585 ച.മി.

2022-23 ൽ ബാധകമായ വസ്തുനികുതി നിരക്ക് – 80രൂപ/ച.മി.

ബാധകമായ വാർഷിക വസ്തു നികുതി (585x80) – 46800 രൂപ

സമീപസ്ഥ റോഡിന്റെ വീതിക്കനുസൃതമായി വർദ്ധനവ്- 9360 രൂപ (20%)

ഈടാക്കേണ്ട വാർഷിക വസ്തു നികുതി (46800 +9360) – 56160 രൂപ

അനധികൃത നിർമ്മാണമാകയാൽ വകുപ്പ് 242 പ്രകാരം ബാധകമായ വസ്തുനികുതി = 56160 X 3 = 168480 രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/18.01.24) യു/എ ആയി അസസ്സ് ചെയ്ത്

റിപ്പോർട്ട് നൽകുന്നതാണെന്ന മറുപടിയാണ് ലഭ്യമായത്. പ്രസ്തുത അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യാനാകാത്തതെങ്കിൽ പൊളിച്ച് നീക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**2-2 പാർപ്പിടാവശ്യ കെട്ടിടത്തിൽ വാണിജ്യസംരഭം നടത്തുന്നു - നഗരസഭയ്ക്ക് ഭീമമായ വരുമാന നഷ്ടം**

നഗരസഭ പരിധിയിലുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങൾ നഗരസഭയുടെ അറിവോ അനുമതിയോ ഇല്ലാതെ തരം മാറ്റുന്നതും അപ്രകാരം ചെയ്യുന്നവർക്കെതിരെ നഗരസഭ നടപടികൾ സ്വീകരിക്കാത്തതും നഗരസഭക്ക് വലിയ വരുമാന നഷ്ടമുണ്ടാക്കുന്നുണ്ട്.

നഗരസഭയുടെ 4-ാം വാർഡിൽ പാർപ്പിടാവശ്യ കെട്ടിടമെന്ന നിലക്ക് വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ഒരു കെട്ടിടം വർഷങ്ങളായി വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ.

4-ാം വാർഡിൽ, കുൽസുമ്മ, കയ്യാലക്കൽ, കായംകുളം എന്നയാളുടെ ഉടമസ്ഥതയിലുള്ള 9/39 നമ്പർ കെട്ടിടം (പഴയ അസസ്മെന്റ് പ്രകാരമുള്ള നമ്പർ) പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ വസ്തുനികുതി ചുമത്തപ്പെട്ട കെട്ടിടമാണ്. അസസ്മെന്റ് രജിസ്റ്റർ പ്രകാരം 41/- രൂപ മാത്രമാണ് ഈ കെട്ടിടത്തിന്റെ വസ്തുനികുതി. ഈ കെട്ടിടത്തിന്റെ വസ്തുനികുതി പരിഷ്കരണം നാളിതുവരെയും നടന്നിട്ടില്ല. കെട്ടിടത്തിന്റെ വിശദാംശവും നിലവിലെ അവസ്ഥയും സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് നല്കാൻ സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.25/തീയതി-16-01-2024) നല്കിയിരുന്നു. ആയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ, നിലവിൽ താഴത്തെ നില, ഒന്നാം നില, ഒന്നാം നിലക്കുമുകളിലുള്ള ട്രസ്സ് വർക്ക് ചെയ്ത രണ്ടാം നില എന്നിങ്ങനെ നിർമ്മാണം പൂർത്തീകരിച്ച ടി കെട്ടിടം ഹോട്ടലായി പ്രവർത്തിച്ചു വരികയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. NH 66 ന് വേണ്ടി പണി പൂർത്തീകരിച്ച ഓടയുടെ മുകൾ ഭാഗം വരെ അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായും, ഈ കെട്ടിടം UA ആയി വസ്തുനികുതി നിർണ്ണയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നില | വിസ്തൃതി (ച.മീ.) |
|---|---|
| താഴത്തെ നില | 162.2 |
| ഒന്നാം നില | 151.7 |
| രണ്ടാം നില<br>(ഒന്നാം നിലക്കു മുകളിലുള്ള ട്രസ്സ് വർക്ക് ഏരിയ) | 151.7 |
| ആകെ | 465.6 |

നഗരസഭയിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 80/- രൂപയാണ്. UA എന്ന നിലക്ക് അസസ്സ് ചെയ്തിരുന്നെങ്കിൽ ആകെ 465.6 ച. മീറ്റർ വിസ്തൃതിയുള്ള ഈ കെട്ടിടത്തിന് ചുവടെ ചേർക്കും വസ്തു നികുതി ഈടാക്കേണ്ടിയിരുന്നു.

അടിസ്ഥാന വസ്തു നികുതി 465.6 X 80 = 37248

റോഡു വിസ്തൃതിക്കനുസൃതമായ വർദ്ധനവ് 20% സഹിതമുള്ള നികുതി 37248 + 20% = 44698

UA ആയതിനാൽ ഈടാക്കേണ്ടുന്ന നികുതി = 44698 X 3 = 134094/-

സേവന ഉപനികുതിയിനത്തിൽ ഈടാക്കേണ്ട തുക = 134094 X 10% = 13410/-

വസ്തുനികുതി, സേവന ഉപനികുതി എന്നീ ഇനങ്ങളിലായി പ്രതിവർഷം നഗരസഭയ്ക്ക് കിട്ടേണ്ടുന്ന തുക =

രൂ. 1,47,504/-
ലൈബ്രറി സെസ് = 134094 X 5% = 6705/-

എന്നാൽ യഥാസമയം പരിശോധന നടത്തി കെട്ടിടം അനധികൃത നിർമ്മാണമായി പരിഗണിച്ച് നികുതി നിർണ്ണയം നടത്താത്തതുമൂലം നഗരസഭക്കും ലൈബ്രറി കൌൺസിലിനും വൻ തുക നഷ്ടമുണ്ടായിട്ടുണ്ട്.

എത്രയും വേഗം ടി കെട്ടിടം UA ആയി പരിഗണിച്ച് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പാർപ്പിടാവശ്യകെട്ടിടമെന്ന നിലക്ക് ഒക്യുപൻസി നിലനിർത്തി ഉപയോഗക്രമം മാറ്റിയിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിക്കുന്ന ഒരു സമഗ്ര സർവ്വെ നടത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫെസ്റ്റിവൽ അഡ്വാൻസ് - 1,19,650/- രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു

ഓണം മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ നഗരസഭക്ക് തുടർച്ചയായി വീഴ്ചകൾ സംഭവിക്കുന്നുണ്ട്. വാർഷിക കണക്കുകൾ പ്രകാരം നഗരസഭ 2022-23 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 7,80,000/- രൂപ (ഹെഡ് കോഡ് 460100400) ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വൌച്ചർ നം./ചെക്ക് നം. | തീയതി | തുക |
|---|---|---|---|---|
| 1 | റെഗുലർ സ്റ്റാഫ് | 22200490/2113928 | 05.09.2022 | 2,80,000 |
| 2 | കണ്ടിജന്റ് ജീവനക്കാർ | 22200491/2113928 | 05.09.2022 | 4,40,000 |
| 3 | CLR വർക്കേഴ്സ് | 22200493/2113928 | 05.09.2022 | 60,000 |

2022-23 നല്കിയ 7,80,000/- രൂപയിൽ 7,18,000/- രൂപ മാത്രമേ തിരികെ ഈടാക്കിയിട്ടുള്ളൂ. 68,000/- രൂപ ഈടാക്കാൻ ബാക്കിയുണ്ട്. മുൻവർഷത്തെ 57,650/- രൂപ ഉൾപ്പെടെ ആകെ 1,19,650/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട് (വാർഷിക കണക്കുകളിലെ B-18 പട്ടിക പ്രകാരം).

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആരുടെ പക്കൽ നിന്നുള്ള ഉത്സവകാല അഡ്വാൻസ് ആണ് തിരികെ ലഭിക്കാനുള്ളതെന്ന് വ്യക്തമല്ല. മുൻകൂർ തിരികെ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയവരുടെ പേര്, നിലവിലെ ഓഫീസ് എന്നീ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 23 / 16.01.2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുമെന്ന് അറിയിച്ചുവെങ്കിലും അവയൊന്നും ലഭ്യമാക്കിയില്ല.

കണക്കുകൾ കൃത്യമാക്കി അഡ്വാൻസുകൾ തിരികെ ഈടാക്കുന്നതുവരെ 2022-23 വർഷം വിതരണം ചെയ്തതിൽ തിരികെ ലഭിക്കാത്ത 62,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുകയും മുൻവർഷങ്ങളിൽ നല്കിയതിൽ തിരികെ ഈടാക്കാത്ത 57,650/- രൂപയും ഉൾപ്പെടെ ആകെ 1,19,650/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ആയതിനു സാധിക്കാത്ത പക്ഷം തുക വിതരണം ചെയ്ത സെക്രട്ടറി / സെക്രട്ടറിമാരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

### 3-2 തെരുവ് വിളക്ക് എൽ.ഇ.ഡി ആക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | S0004/23 (129/19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | : | പൈറോടെക് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമി.<br>ഉദയ് പൂർ, രാജസ്ഥാൻ |
| എം.ബുക്ക് | : | 82/20-21, 172/22-23 |
| എഗ്രീഡ് പിഎസി | : | ₹40,00,000/- |
| പ്രവൃത്തി മൂല്യം | : | ₹37,76,819/- |
| ഓഡിറ്റ് വർഷം വരെയുള്ള ചെലവ് | : | ₹30,21,455/- |
| ചെലവ് വിവരങ്ങൾ | : | ₹26,43,773/- (ബിൽ നം.36/5.04.2019 – സി.എഫ്.സി)<br>₹3,77,682/- (ബിൽ നം. 551/10.02.2023 - വികസന ഫണ്ട്) |
| ഓഡിറ്റ് എൻക്വയറി നം. | | 41/17.01.2024 |

നഗരസഭയുടെ 44 വാർഡുകളിലും 35 വാട്ട് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പൈറോടെക് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഉദയ് പൂർ, രാജസ്ഥാൻ എന്ന സ്ഥാപനം സമർപ്പിച്ച കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ (ഒരു ലൈറ്റിന് 2145.92/- രൂപാ നിരക്കിലുള്ളത്) 24.12.2018 ലെ 11-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ച് പദ്ധതിയുടെ നിർവ്വഹണം പ്രസ്തുത കമ്പനിയെ ഏൽപ്പിച്ചിരുന്നു. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

1) അനുവദനീയമായതിലും കൂടുതൽ കാലം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കി, ആയതിനുള്ള പിഴ ഈടാക്കിയതിൽ കുറവ്

കരാർ പ്രകാരം പ്രവൃത്തി 31.03.2019 ന് മുമ്പ് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനാൽ 2.05.2019 ലെ കൗൺസിൽ തീരുമാനം പ്രകാരം പൂർത്തീകരണ തീയതി 15.06.2019 വരെയും, പിന്നീട് 28.10.2019 ലെ തീരുമാനം പ്രകാരം അന്ന് മുതൽ 15 ദിവസം കൂടിയും പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയതായും പൂർത്തീകരണ കാലതാമസത്തിന് നിയമാനുസൃത നിരക്കിലുള്ള ഫൈൻ ഈടാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2012 ലെ പിഡബ്ല്യൂഡി മാനുവൽ സെക്ഷൻ 2112 പ്രകാരം തക്കതായ കാരണമുള്ള പക്ഷം, ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം, പരമാവധി 50% വരെ പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-), രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കേണ്ടതുണ്ട്.

എന്നാൽ ഇവിടെ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ചു നല്കി. മാത്രമല്ല പിഴ ഇനത്തിൽ ഈടാക്കിയത് ആദ്യ ബിൽ തുകയുടെ (₹2643773/-) 3% ആയ 79313/- രൂപ മാത്രമാണ്. പിഴയിനത്തിൽ കുറവു വന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സെക്ഷൻ 2112 പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ | = | PAC യുടെ 3% |
| | = | 4000000 X 3% = 1,20,000/- |
| പിഴയിനത്തിൽ ഈടാക്കിയ തുക | = | 2643773 X 3% = 79313/- |
| പിഴയിനത്തിൽ കുറവ് വന്ന തുക | = | 120000 – 79313 = 40687/- |

2) ദീർഘിപ്പിച്ച കാലാവധിക്കുള്ളിലും പ്രവൃത്തി പൂർത്തീകരിച്ചില്ല – ആയതിന് നിയമാനുസൃതം നഷ്ടപരിഹാരം ഈടാക്കിയില്ല

28.10.2019 ലെ തീരുമാനം പ്രകാരം 15 ദിവസം കൂടി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. അതനുസരിച്ച് 12.11.2019ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 26.12.2020ൽ ആണ്.

2012ലെ പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2116.1 അനുസരിച്ച്, കരാർ പ്രകാരമുള്ള, അഥവാ ദീർഘിപ്പിച്ച കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല എങ്കിൽ, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുക്കുന്ന കാലഘട്ടത്തിന് പ്രതിവാരം 0.1% നിരക്കിൽ (പരമാവധി 10%) നഷ്ടപരിഹാരം (ലിക്വിഡേറ്റഡ് ഡാമേജ്) ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ നഷ്ടപരിഹാരമിനത്തിൽ ഒരു തുകയും കരാറുകാരനിൽ നിന്നും ഈടാക്കിയില്ല.

സെക്ഷൻ 2116.1 അനുസരിച്ച് ഈടാക്കേണ്ടിയിരുന്ന നഷ്ടപരിഹാരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അധികമായി എടുത്ത സമയം | = | 13.11.2019 മുതൽ 26.12.2020 വരെ |
| | = | 58 ആഴ്ച |
| ഈടാക്കേണ്ടിയിരുന്ന നഷ്ടപരിഹാരം | = | പി.എ.സി. യുടെ 5.8% |
| | = | 4000000 X 5.8% = 232000/- |

3) നിർദ്ദിഷ്ട മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല

പ്രസ്തുത പ്രവൃത്തിയുടെ കരാർ തുക 40,00,000/- രൂപയാണ്. 2018 ലെ ഫിനാൻസ് ആക്ട് പ്രകാരം കരാർ തുകയുടെ 0.1% തുകയ്ക്കുള്ള മുദ്രപത്രത്തിലാണ് കരാർ ചമയ്ക്കേണ്ടത്. ആയത് പ്രകാരം 4,000/- രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ 200/- രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമച്ചിട്ടുള്ളത്. തന്മൂലം മുദ്രപത്ര വിലയിനത്തിൽ സംസ്ഥാന സർക്കാറിന് 3,800/- രൂപ നഷ്ടമുണ്ടായി.

4) ആദായ നികുതി ഈടാക്കിയതിൽ കുറവ്

ആദായ നികുതി നിയമത്തിലെ സെക്ഷൻ 194C പ്രകാരം കരാർ പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും, മറ്റുള്ളവയിൽ നിന്നും 2% നിരക്കിലും ആദായ നികുതി ടി.ഡി.എസ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ ആദ്യ ബില്ലിൽ നിന്നും (ബിൽ നം. 36/5.04.2019 രൂ.

2643773/-) 1% നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്. ഇത് മൂലം കേന്ദ്ര സർക്കാറിന് 26,438/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് (ഈടാക്കിയത് 26,43,773/- രൂപയുടെ 1% ആയ 26438/- രൂപ മാത്രം).

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥനെ വിവരം അറിയിച്ചിട്ടുള്ളതായും ടിയാനിൽ നിന്നും മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി ടി ന്യൂനതകൾക്കുള്ള വിശദീകരണമല്ല എന്നതിനാൽ അംഗീകരിക്കുന്നില്ല.

ടി പരാമർശം (1), (2) എന്നിവ പ്രകാരം പിഴ/നഷ്ടപരിഹാരം എന്നീയിനങ്ങളിൽ കുറവു വന്ന40687 + 232000 = 2,72,687/- രൂപ കാരറുകാരനിൽ നിന്നും ഈടാക്കി നഗരസഭാ നിധിയിൽ ഒടുക്കിയും, പരാമർശം (3), (4) എന്നിവ പ്രകാരം സംസ്ഥാന - കേന്ദ്ര സർക്കാറുകൾക്കുണ്ടായ നഷ്ടം 3,800 + 26438 = 30,218/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സർക്കാർ നിധികളിൽ ഒടുക്കിയും വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

### 3-3 ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ

| | |
|---|---|
| പ്രോജക്ട് നമ്പർ | : S0007/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | : സിവിൽ വർക്ക് - അബ്ദുൾ അസീസ് |
| എം.ബുക്ക് | : 82/20-21, 172/22-23 |
| എഗ്രീഡ് പിഎസി | : ₹1,49,21,884/- |
| പ്രവൃത്തി മൂല്യം | : ₹59,21,658/- |
| ബിൽ നം. | : ₹29,42,546/- (മുൻ വർഷത്തെ ചെലവ്)<br>₹24,16,756/- (291/27.12.22 – സി.ഫ്.സി)<br>₹5,62,356/- (772/27.3.23 - സി.ഫ്.സി) |
| ഓഡിറ്റ് എൻക്വയറി നം. | : 30/16.01.2024 |

നഗരസഭയിലെ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിനായി 2012-13 വർഷം 2 കോടി 40 ലക്ഷം രൂപ ശുചിത്വ മിഷനിൽ നിന്നും അനുവദിച്ചിരുന്നു. എന്നാൽ ഈ തുക ലഭിച്ച് 6 വർഷങ്ങൾക്ക് ശേഷവും യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നഗരസഭ ആരംഭിക്കാതിരുന്നതിനെ തുടർന്ന് ശുചിത്വമിഷൻ ഡയറക്ടർ നൽകിയ തുക മുതലും പലിശയും ഉൾപ്പെടെ 3,16,41,555/- രൂപ തിരിച്ചടയ്ക്കുവാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് സെക്രട്ടറി ശുചിത്വമിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി തുക ചെലവഴിക്കാൻ നിർദ്ദേശിച്ച് ടി തുക നഗരസഭയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2019 ൽ 3 കോടി 31 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ശുചിത്വ മിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആർക്കും തന്നെ ടെണ്ടർ ഉറപ്പിച്ചു നൽകുവാൻ സാധിച്ചില്ല. തുടർന്ന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് പ്രത്യേകമായി ടെണ്ടർ

ക്ഷണിക്കുകയും, ആയത് പ്രകാരം സിവിൽ വർക്കിന് അബ്ദുൾ അസീസ് എന്നയാളുടെയും (₹1,49,21,884/-) മെക്കാനിക്കൽ വർക്കിന് സോഷ്യോ എക്ണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെയും (₹1,15,48,000/-) കരാറുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

1) സിവിൽ വർക്കിന്, ശ്രീ. അബ്ദുൾ അസീസിന്റെ ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയത് 16.09.2020 ലാണെങ്കിലും കരാർ ചമച്ചത് 26.02.2021 ൽ മാത്രമാണ്. പെരുമാറ്റ ചട്ടം നിലവിലുള്ളതിനാലും, കോവിഡ് ബാധിച്ചതിനാലുമാണ് കാലതാമസം വന്നതെന്നാണ് ടിയാൻ അറിയിച്ചിട്ടുള്ളത്. എന്നാൽ കരാർ ചമയ്ക്കുന്നതിൽ 5 മാസത്തിലധികം താമസ്സമാണുണ്ടായിട്ടുള്ളത്. ഇത് അനുവദനീയമല്ല.

2012ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2009(6) പ്രകാരം കരാർ ചമയ്ക്കുന്നതിലുണ്ടായ കാലതാമസത്തിന് കരാർ തുകയുടെ 1% നിരക്കിൽ (പരമാവധി 25000/- രൂപ) പിഴ ഈടാക്കേണ്ടിയിരുന്നു. എന്നാൽ അപ്രകാരം പിഴ ഈടാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പിഴ ഒടുക്കുവാൻ കരാറുകാരന് നോട്ടീസ് നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

2) ശ്രീ. അബ്ദുൾ അസീസുമായി സിവിൽ പ്രവൃത്തികൾക്കായി 26.02.2021 ൽ കരാർ (നം.3/AEE/20-21 /26.02.21) ചമച്ചെങ്കിലും ഓഡിറ്റ തീയതി വരെ (2024 ജനുവരി വരെ) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടെണ്ടർ വ്യവസ്ഥ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 180 ദിവസമായിരുന്നു. ഇത് പ്രകാരം പ്രവൃത്തി 25.08.2021 നുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. 2012ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 അനുസരിച്ച് പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. വെള്ളക്കെട്ടുള്ള പ്രദേശമായതിനാലും, ചില സാങ്കേതിക കാരണങ്ങളാലുമാണ് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടായതെന്നും, നിലവിൽ 85% ത്തോളം പ്രവൃത്തി പൂർത്തിയായതായും, ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കു സമർപ്പിച്ച മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാൻ 2 വർഷത്തിലധികം കാലതാമസം നേരിട്ടതിന് ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, 2012ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച്, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുക്കുന്ന കാലഘട്ടത്തിന് പ്രതിവാരം പി.എ.സി.യുടെ 0.1% നിരക്കിൽ (പരമാവധി 10%) നഷ്ടപരിഹാരം (ലിക്വിഡേറ്റഡ് ഡാമേജ്) ഈടാക്കേണ്ടതുണ്ട്. ഇവിടെ 25.08.2021 നു പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരണ തീയതി കഴിഞ്ഞ് 2 വർഷത്തിലധികം, അതായത് 100 ആഴ്ചയിലധികം ആയിട്ടും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പരമാവധി നിരക്കിൽ, അതായത് പി.എ.സി. യുടെ 10%, നഷ്ടപരിഹാരമായി ഈടാക്കേണ്ടതുണ്ട്. പ്രവൃത്തിയുടെ ബില്ലിൽ നിന്നും നഷ്ടപരിഹാരം ഇനത്തിൽ പി.എ.സി. (₹1,49,21,884/-) യുടെ 10%, അതായത് 14,92,188/- രൂപാ ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

3) മെക്കാനിക്കൽ പ്രവൃത്തികൾക്കായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെയാണ് അംഗീകരിച്ചതെങ്കിലും ടി സ്ഥാപനത്തിന് നിലവിൽ അംഗീകാരമില്ലാത്തതിനാൽ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ലാത്തതായി ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ 2 വർഷം കഴിഞ്ഞിട്ടും ടി പ്രവൃത്തി മറ്റു ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് ഗുരുതര വീഴ്ചയാണ്.

അടിയന്തര നടപടികൾ സ്വീകരിച്ച് മെക്കാനിക്കൽ വർക്കും സിവിൽ വർക്കും പൂർത്തീകരിക്കേണ്ടതും,

കരാർ ചമയ്ക്കാൻ കാലതാസം നേരിട്ടതിനുള്ള പിഴ, പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വന്നതിനുള്ള നഷ്ടപരിഹാരം എന്നിവ ശ്രീ. അബ്ദുൾ അസീസിൽ നിന്നും ഈടാക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

**3-4 വൃദ്ധർക്ക് കട്ടിൽ - കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിച്ചില്ല**

പ്രോജക്റ്റ് നം. S0025/23(സ്പിൽ ഓവർ)
വൃദ്ധർക്ക് കട്ടിൽ (ജനറൽ)
നിർവഹണ ഉദ്യോഗസ്ഥൻ :- ഐ.സി.ഡി.എസ്.സൂപ്പർവൈസർ
ഫണ്ട് :- വികസനഫണ്ട് (ജനറൽ)
അടങ്കൽ :-19,05,200/-
ചെലവ് വിവരങ്ങൾ
1. ബിൽ നം. BRN 22070347000800224945 /21-06-2022 -1428900/-രൂപ
2.ബിൽ നം. BRN 22070347000800224965 /28-06-2022 -476300/-രൂപ

2021-22 വർഷം നിർവഹണം ആരംഭിച്ച ഈ പദ്ധതി പ്രകാരം 440 എണ്ണം കട്ടിലുകൾ വാങ്ങി വൃദ്ധർക്കായി തൻവർഷം വിതരണം നടത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ, ചെലവ് രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുറഞ്ഞ റേറ്റിലുള്ള ടെണ്ടർ പരിഗണിച്ചില്ല

ഈ പദ്ധതിയിൽ Length 198cm X Width 90cm X Front Leg 60cm/50cm എന്ന സ്പെസിഫിക്കേഷനോടുകൂടിയ കട്ടിലുകൾ ആവശ്യപ്പെട്ട് ടെണ്ടർ ക്ഷണിച്ചതിൽ സിഡ്കോയുടെ യൂണിറ്റുകളായ സ്റ്റോബോർഡ് ഫാക്ടറി പരുമല, വുഡ് വർക്ക്ഷോപ്പ്, കൊച്ചാലുംമൂട് എന്നീ സ്ഥാപനങ്ങളും ആർട്കോ ലിമിറ്റഡും പങ്കെടുത്തു.

സ്റ്റോബോർഡ് ഫാക്ടറി, ആർട്കോ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ലഭ്യമാക്കിയ പ്രോഫോർമ ഇൻവോയിസിൽ (25.06.2021 ലെ) രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് കട്ടിലൊന്നിന് ജി.എസ്.ടി അടക്കം 4,330/- രൂപയാണ്. സിഡ്കോയുടെ തന്നെ യൂണിറ്റായ വുഡ് വർക്ക്ഷോപ്പ്, കൊച്ചാലുംമൂട് എന്ന സ്ഥാപനത്തിന്റെ 25.06.2021 ഇൻവോയ്സ് പ്രകാരം കട്ടിലൊന്നിന് ജി.എസ്.ടി അടക്കം ക്വാട്ട് ചെയ്ത തുക 4,300/- രൂപ മാത്രമാണ്. എന്നാൽ കുറഞ്ഞ നിരക്ക് പരിഗണിക്കാതെ സ്റ്റോബോർഡ് ഫാക്ടറി, പരുമല, ആർട്കോ ലിമിറ്റഡ് തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളിൽ നിന്നുമായി കട്ടിൽ ഒന്നിന് 4,330/- രൂപ പ്രകാരം 220 കട്ടിലുകൾ വീതം വാങ്ങി നൽകുകയായിരുന്നു. കുറഞ്ഞ റേറ്റ് പരിഗണിക്കാതെ വാങ്ങൽ നടത്തിയതിനാൽ 440 കട്ടിലുകൾക്ക് മേൽപ്പറഞ്ഞ പ്രകാരം 13,200/- രൂപ (440x30) അധികമായി നൽകി.

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 14.01.2024) ലഭ്യമാക്കിയ മറുപടിയിൽ, പ്രൊക്യൂവർമെന്റ് കമ്മറ്റി യോഗം ചേർന്ന് സാമ്പിൾ പരിശോധിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് അറിയിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്നതിനായി പ്രോക്യൂർ കമ്മറ്റി തീരുമാനത്തിന്റെ പകർപ്പോ സാമ്പിൾ പരിശോധിച്ചതിന്റെ രേഖകളോ പരിശോധനയ്ക്കായി നൽകിയിട്ടില്ല. ആകയാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 13,200/- രൂപ ചെലവിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

**3-5 ബയോ കംപോസ്റ്റർ ബിൻ - വിതരണം പൂർണ്ണമല്ല, ജി.എസ്.റ്റി ഈടാക്കിയില്ല**

പ്രോജക്റ്റ് – S00382/23, ബയോ കംപോസ്റ്റർ ബിൻ
അടങ്കൽ- 99,79,201 രൂപ (41,61,327 രൂപ -സി.എഫ്.സി ഗ്രാന്റ്, 3492720 രൂപ-കേന്ദ്രഫണ്ട്, 2325154 രൂപ – സംസ്ഥാന ഫണ്ട്)
ചെലവ് – 41,61,327 രൂപ – സി.എഫ്.സി ഗ്രാന്റ്
ബിൽ നം. – 630/16.3.23 – 19,95,840 രൂപ

827/31.3.23 - 7,38,560 രൂപ
828/31.3.23 – 14,26,927 രൂപ

സെക്രട്ടറി നിർവ്വഹണം നടത്തിയ ബയോ കംപോസ്റ്റർ ബിൻ എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ദൃശ്യമായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ബയോ കംപോസ്റ്റർ ബിന്നിന് 1,930/- രൂപ പരമാവധി യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് 4616 എണ്ണം വാങ്ങി വിതരണം ചെയ്യുന്നതിനാണ് ശുചിത്വമിഷന്റെ അംഗീകാരം 21.12.2022 ൽ ലഭിച്ചത്. ഇതിന്റെ വിലയും 12 ശതമാനം ജി.എസ്.റ്റിയും ചേർത്ത് 99,77,946/- രൂപ അടങ്കൽ നിശ്ചയിച്ച് പ്രോജക്ടിന് അംഗീകാരവും വാങ്ങി. യൂണിറ്റിന് നികുതി അടക്കം 1600/- രൂപക്ക് വിതരണം ചെയ്യാമെന്ന് ഐ.ആർ.റ്റി.സി 20.01.2023 ൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 01.03.2023 ൽ കരാറിലെത്തുകയും ചെയ്തു. ഈ നിരക്കിൽ 4616 ബിന്നിന് 73,85,600/- രൂപ മതിയാകും. എന്നാൽ ഇതിനനുസൃതമായി പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല.

ബി) ബയോ കംപോസ്റ്റർ ബിൻ സപ്ലൈ ചെയ്യുന്നതിനായി 41,61,327/- രൂപ 2022-23 ൽ ഐ.ആർ.റ്റി.സി ക്ക് നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് തീയതി വരെ 2548 ബിന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിന് ആവശ്യമായ തുക 40,76,800/- മാത്രമാണ്. അതായത് 84,527/- രൂപയുടെ (4161327 - 40,76,800) ബിന്നുകൾ ഇനിയും ലഭിക്കാനുണ്ട്. (22.12.2023 ൽ വീണ്ടും 6,61,760/- രൂപ ഐ.ആർ.റ്റി.സി ക്ക് മുൻകൂറായി നഗരസഭ നൽകിയിട്ടുണ്ട്). ബയോ കംപോസ്റ്റർ ബിന്നിന്റെ വിതരണം പൂർത്തിയാകാത്ത സാഹചര്യത്തിൽ 2022-23 ൽ ഐ.ആർ.റ്റി.സി ക്ക് നല്കിയ 41,61,327/- രൂപയിൽ 84,527/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി) സപ്ലൈ ചെയ്ത ബിന്നുകളിൽ രണ്ടെണ്ണം ഉപയോഗക്ഷമമല്ല എന്ന് നോട്ട് ഫയലിൽ നിന്ന് വ്യക്തമാകുന്നു. ഇത് മാറ്റി നൽകിയിട്ടുള്ളതായി കാണുന്നില്ല. ആകയാൽ ആയതിന്റെ വിലയായ 3200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡി) ചരക്ക് സേവന നികുതി ചട്ടങ്ങൾ പ്രകാരം 2.5 ലക്ഷം രൂപയിലധികം വില വരുന്ന സാധന സേവനങ്ങൾ വാങ്ങുമ്പോൾ വിലയുടെ രണ്ട് ശതമാനം ചരക്ക് സേവന നികുതി (SGST, CGST 1% വീതം) ഉൽഭവത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ വർഷം ബിന്നുകൾ വാങ്ങുന്നതിന് 41,61,327/- രൂപ ഐ.ആർ.റ്റി.സി ക്ക് അനുവദിച്ചപ്പോൾ ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ട രണ്ട് ശതമാനം ജി.എസ്.റ്റി കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. 83,227/- രൂപ (4161327x2%) ഇത്തരത്തിൽ ഈടാക്കി ഒടുക്കേണ്ടിയിരുന്നു. ഫൈനൽ ബില്ലിൽ നിന്നും ആകെ 4616 ബിന്നിന്റേയും വിലയുടെ രണ്ട് ശതമാനം ചരക്ക് സേവന നികുതി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.
(അപാകത്തിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/10.01.2023) മറുപടി ലഭ്യമായില്ല).

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ നിർമ്മാണം | 629/1-03-2023 | 16,39,675 | 0 | 16,39,675 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ₹20,977/- തീയതി 9.12.22, ₹7,298/- തീയതി 1.3.23, ₹42,216/- തീയതി 9.12.22, ₹23,352/- തീയതി 9.12.22, ₹29,647/- തീയതി 4.02.23, ₹48,200/- തീയതി 4.02.23, ₹43,001/- തീയതി 21.02.23, ₹28,345/- തീയതി 8.12.22, ₹20,856/- തീയതി 21.0.23, ₹58,839/- തീയതി 21.02.23, ₹87,568/- തീയതി 21.02.23, ₹25,858/- തീയതി29.03.23, ₹54,635/- തീയതി 1.03.23 | 4,98,892 | 0 | 4,98,892 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-4 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി PMAY(U) | 111/2018/ LSGD/Dtd 21.02.2019 | 5,80,00,000/- | 4,38,00,002/- | 37,86,668 | 0 | 4,00,13,334 |
| വെജിറ്റബിൾ മാർക്കറ്റ് കെട്ടിട നിർമ്മാണം | ലഭ്യമല്ല | ലഭ്യമല്ല | 2,30,35,117 | 47,68,440 | 20,09,510 | 1,53,13,873 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16,095/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2014-15 | 3-5 | 16,095 | ശ്രീ.കൃഷ്ണ കുമാർ ഹെൽത്ത് ഓഫീസർ | 12201010 2569/ 24.05.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | | 2016-17 | 4.7(1) | 1.ഐ.ടി.ഐ സ്ഥലമെടുപ്പ് | 2013 ലെ LARR ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണ വകുപ്പിൽ നിന്നും, റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2004-05 | 2-17 | 2016-17 | 4-7(2) | സ്റ്റേഡിയം സ്ഥലമെടുപ്പ് | 2013 ലെ LARR ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണ വകുപ്പിൽ നിന്നും, റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| | 2-19 | 2016-07 | 4-7(3) | അറവുശാല സ്ഥലമെടുപ്പ് | 2013 ലെ LARR ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണ വകുപ്പിൽ നിന്നും, റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

**4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം**

1.ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

ഇല്ല.

2. സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 33,18,68,718 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 34,83,03,522 |
| വരവിനങ്ങളിലുള്ള നഷ്ടം | : 3,66,313 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 18,65,075 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 50,34,485 |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1(1) | 1,68,480 | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |

| | | | |
|---|---|---|---|
| 2-1(2) | 50,329 | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 2-2 | 1,47,504 | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 3-1 | | 62,000 | ശ്രീ. സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 3-2 | | 2,72,687 | ശ്രീമതി സിനി പി.<br>മുനിസിപ്പൽ എഞ്ചിനിയർ |
| 3-3(1) | | 25,000 | ശ്രീമതി സിനി പി.<br>മുനിസിപ്പൽ എഞ്ചിനിയർ |
| 3-3(2) | | 14,92,188 | ശ്രീമതി സിനി പി.<br>മുനിസിപ്പൽ എഞ്ചിനിയർ |
| 3-4 | | 13,200 | ശ്രീമതി ദീപ രവി എൽ.<br>സി.ഡി.പി.ഒ. |
| ആകെ | 3,66,313 | 18,65,075 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-38(ബി) | 84,527 | ശ്രീ.സനിൽ എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-38(സി) | 3,200 | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-44 | 3,75,902 | ശ്രീ.ബിനുരാജ് ഡി., അസിസ്റ്റന്റ് എഞ്ചിനീയർ |
| _ " - | 1,22,990 | ശ്രീമതി പ്രിയ എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-46 | 17,06,888 | ഡോ.ഷാജി എസ്., സൂപ്രണ്ടന്റ്, താലൂക്ക് ആശുപത്രി |
| 1- 47 | 22,86,978 | ഡോ.ഷാജി എസ്., സൂപ്രണ്ടന്റ്, താലൂക്ക് ആശുപത്രി |
| 1- 49 | 4,00,000 | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-50 | 2,00,000 | ശ്രീമതി ദീപ രവി എൽ., സി.ഡി.പി.ഒ |
| 1-57 | 34,000 | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| ആകെ | 50,34,485 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | തുക | ഇന വിവരം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 6,705 | ലൈബ്രറി സെസ് | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 3-2 | 30,218 | സ്റ്റാമ്പ് ഡ്യൂട്ടി – 3,800/-<br>ആദായ നികുതി – | ശ്രീമതി സിനി പി.<br>മുനിസിപ്പൽ എഞ്ചിനിയർ |

| | | | |
|---|---|---|---|
| | | 26,438/- | |
| 3-5 | 83,227 | ജി.എസ്.ടി | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| ആകെ | 1,20,150 | | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി<br>കായംകുളം നഗരസഭ | ശ്രീനന്ദനം<br>കല്ലുംമൂട്<br>കൃഷ്ണപുരം, കായംകുളം |
| ശ്രീമതി ദീപ രവി<br>എൽ.<br>സി.ഡി.പി.ഒ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ,<br>താമരക്കുളം ഗ്രാമ<br>പഞ്ചായത്ത് | ശ്രീരംഗം<br>പ്രയാർ പി.ഒ.,<br>പുതുപ്പള്ളി, കായംകുളം |
| ശ്രീമതി സിനി പി.<br>അസിസ്റ്റന്റ്<br>എക്സിക്യൂട്ടീവ്<br>എഞ്ചിനിയർ | അസിസ്റ്റന്റ്<br>എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ | കൊല്ലൂർ വീട്,<br>പുനക്കന്നൂർ, പെരുമ്പുഴ |
| ശ്രീ.ബിനുരാജ് ഡി.<br>അസിസ്റ്റന്റ്<br>എഞ്ചിനിയർ | അസിസ്റ്റന്റ്<br>എഞ്ചിനീയർ,<br>കൊച്ചിൻ<br>കോർപ്പറേഷൻ | ഹാബിറ്റാറ്റ്<br>ഡിസ്ട്രിക്റ്റ് ആയുർവേദ<br>ഹോസ്പിറ്റലിന്<br>എതിർവശം<br>വർക്കല പി.ഒ.,<br>തിരുവനന്തപുരം |
| ശ്രീമതി പ്രിയ എം.<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ്<br>എഞ്ചിനീയർ<br>മുതുകുളം<br>ഗ്രാമപഞ്ചായത്ത് | പ്രിയ ഭവനം<br>ചവറ സൗത്ത്<br>തെക്കുംഭാഗം |
| ഡോ.ഷാജി എസ്.<br>മെഡിക്കൽ ഓഫീസർ<br>താലൂക്ക് ആശുപത്രി | താലൂക്ക് ആശുപത്രി<br>കായംകുളം | ചന്ദനം<br>ഇടക്കൊച്ചി<br>എറണാകുളം |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1971-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.1985 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.1985 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.1985 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.1986 |
| 1984-85 | എൽ.എഫ്.എ.5-402/85/31.10.1986 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.1990 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.1990 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/ 21.11.1990 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.1993 |
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.1993 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.1996 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.1998 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/ 07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/ 01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/ 12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/ 07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/ 11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/ 01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/ 09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/ 15.02.07 |
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/ 09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/ 10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/ 10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/ 01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/ 01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/ 06.02.2010 |
| 2007-08 To 2009-10 | എൽ.എഫ്.എ.എം1-1094/12/ 25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1-1306/2014/ |

| | |
|---|---|
| | 23.08.14/04.02.15 |
| 2012-13 | എൽ.എഫ്.എ.എം1-634/2015/ 08.05.15/05.06.15 |
| 2013-14 | കെ.എസ്.എ-എ.എൽ.പി.എം.1/1079/ 15/07.09.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.എം.1/848/ 16/01.08.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി.ജി.എ5-169/ 17/14.02.17/ 17.02.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി.ജി.എ5- 1262/17/24.10.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി- ജി.എ5-266/24.05.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ.8- 15/2020/ 08.06.2020 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8- 369/2022/31.03.2022 |
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8- 370/2022/03.07.2022 |
| 2021-22 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8- 414/2023/11.04.2023 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 10 dated 25-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kayamkulam Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kayamkulam Municipality for the year 2022-2023

**Date: 23/03/2024**

**Senior Deputy Director**
**District Office Alappuzha**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kayamkulam Municipality for the Year 2022-2023 .

**1.Major Observations**

1) Finance Commission grant is varied in appropriaton control register(ACR), grant satmenet and annual financial statement(AFS) .

The reason of the above said discrepancy was not explained.

2)Expenditure in respect of Development Fund general is varied between theb AFS and the Sulekha expenditure Statement.

The reason was not explained.

**2.Other Observations**

1) (i)Annual financial Statement (AFS) do not include all statements under Kerala Panchayat Raj Accounting

Rules . The following statements are not included along with the AFS

a)Ratios

b) Secretary's notes on the account

2) The total cash flow for the year in the cash flow statement does not match the difference between the current balance and the outstanding balance of previous year.

3) No realtime demand generation for own source revenue such as Professional tax, Property Tax etc.

Senior Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്